# സുപ്രസിദ്ധ സന്ന്യാസികൾ: അവരുടെ ജീവിതവും സുകൃതങ്ങളും

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ

J. S. C. Publications
Patriarchal Centre
Puthencruz

2017

# സുപ്രസിദ്ധ സന്യാസികൾ:
# അവരുടെ ജീവിതവും സുകൃതങ്ങളും

Cor-Episcopo K. Mani Rajan, M.Sc., M.Ed., Ph.D.

First Edition 2017

*Copyright Reserved*

*All rights reserved. No reproduction or translation in whole or part is allowed without written permission from the author.*

*Price* Rs. 75.00

*Typesetting and Cover Design by:*
Julius C. Abraham, megapixel Graphics, Kottayam

*Printed at:*
Mor Julius Press, Puthencruz

*Published By:*
J. S. C. Publications
MD Church Centre, Patriarchal Centre
Puthencruz, Kerala, India

*Phone: + 91 484 2255581*
*Email: mdbookstall@yahoo.com*

*Copies:* 1000

# ഉള്ളടക്കം


*ആമുഖം* .................................................. v

*നന്ദി* .................................................. xvii

1. വിശുദ്ധ സിപ്രിയാൻ .................................................. 1
2. വിശുദ്ധ മൽക്കെ .................................................. 4
3. ഏകാന്തവാസിയായ വിശുദ്ധ പൌലെ .................................................. 6
4. ഈജിപ്റ്റിലെ വി. അന്തോണിയോസ് .................................................. 9
5. വിശുദ്ധ അഫ്രാത്ത് സന്യാസി .................................................. 15
6. നൈട്രിയയിലെ വിശുദ്ധ അമ്മോൻ .................................................. 18
7. വിശുദ്ധ പക്കോമിയോസ് .................................................. 21
8. സന്യാസിയായ വിശുദ്ധ ഹിലാരിയോൺ .................................................. 24
9. വിശുദ്ധ അബ്രഹാം കിദുനായ് .................................................. 27
10. പേർഷ്യയിലെ വിശുദ്ധ ദീമേത്ത് .................................................. 30
11. ഈജിപ്റ്റിലെ വിശുദ്ധ മക്കാറിയോസ് .................................................. 32
12. സന്യാസിയായ ഈജിപ്റ്റിലെ വിശുദ്ധ ജോൺ .................................................. 34
13. സുറിയാനിക്കാരനായ വിശുദ്ധ അഫ്രേം .................................................. 36
14. ക്ലിസ്മയിലെ വിശുദ്ധ ഔഗേൻ .................................................. 39
15. ഈജിപ്റ്റിലെ വിശുദ്ധ എപ്പിപാനിയോസ് .................................................. 42
16. സന്യാസിയായ നൈട്രിയായിലെ വിശുദ്ധ പാംബോ .................................................. 47
17. എത്യോപ്യനായ വിശുദ്ധ മോശ .................................................. 51
18. മോർ ശാലീത്തൊ .................................................. 55

19. വിശുദ്ധ അംബ്രോസിയോസ്..............................................59

20. സന്യാസിയും എഴുത്തുകാരനുമായ
വിശുദ്ധ എവാഗ്രിസ് ...............................................62

21. മഹാനായ വിശുദ്ധ അർസേനിയസ് ...............................65

22. ഏകാന്തവാസിയായിരുന്ന മോർ പലേഡിയസ് .........68

23. ഈജിപ്റ്റിലെ വിശുദ്ധ മറിയം ...........................................71

24. മോർ ബർസൗമൊ......................................................................74

25. മോർ ശെമവൂൻ ദെസ്തുനൊ............................................78

26. വിശുദ്ധ സെനോ.........................................................................83

27. അറേബ്യനായ മോർ യൂഹാനോൻ .................................85

28. തൂണിന്മേൽ തപസിയായ വിശുദ്ധ ദാനിയേൽ...........89

29. സന്യാസിയായ വിശുദ്ധ ആഹൊ .....................................92

30. മോർ ഗ്രിഗോറിയോസ് ദോദൊ........................................97

*References*............................................................................ 101

*Name Index*...........................................................................107

*Books by the Author* ............................................................109

*ഗ്രന്ഥകർത്താവ്* ...................................................................... 113

# ആമുഖം

*'സുപ്രസിദ്ധ സന്യാസികൾ: അവരുടെ ജീവിതവും സുകൃതങ്ങളും'* എന്ന ഈ പുസ്തകം മുപ്പത് സന്യാസ ശ്രേ ഷ്ഠരുടെ ജീവചരിത്രങ്ങളുടെ ഒരു സമാഹാരമാണ്. സന്യാസ മെന്നത് ഒരു ആത്മീയ വ്യായാമമാണ് (Ferguson, Wright, & Packer, 1988).

സന്യാസമെന്ന പദം *askesis* എന്ന ഗ്രീക്ക് പദത്തിൽനിന്നാണ് ഉത്ഭവിച്ചിട്ടുള്ളത് (Ferguson, Wright, & Packer, 1988). ഈ ഗ്രീക്ക് പദത്തിൽനിന്നാണ് asceticism എന്ന ഇംഗ്ലീഷ് പദം ഉണ്ടായിട്ടുള്ളത്. സന്യാസത്തിന്റെ ഉദ്ദേശ്യലക്ഷ്യമെന്നു പറയു ന്നത് ലോകത്തെ ഉപേക്ഷിച്ച് ജഡീക അഭിലാഷങ്ങളിൽ നി ന്നുള്ള മോചനവും സാത്താനെതിരായ പോരാട്ടവുമാണ്. ഏകാന്തജീവിതം നയിച്ച് ഒരു വ്ക്തി പരിപൂർണ്ണമായും ദൈ വത്തിനു സമർപ്പിച്ച് ആത്മീക വ്യാപാരങ്ങളിൽ ഏർപ്പെടുന്ന പ്രക്രിയയാണ് സന്യാസം. സുറിയാനിസഭയിൽ ദയറാക്കാർ (ܕܝܪܝܐ *dayroyo*) എന്ന് അറിയപ്പെടുന്നവരാണ് സന്യാസി കൾ.

ആശ്രമജീവിതം (monasticism) എന്ന പദം *monachos* എന്ന ഗ്രീക്കു പദത്തിൽനിന്ന് ഉൽഭവിച്ചിട്ടുള്ളതാണ്. ഈ പദത്തി ന്റെ അർത്ഥം ഏകാന്തവാസി എന്നാണ്. ഭൗതികമായ കാര്യങ്ങളിൽനിന്ന് വിരമിച്ച് ആത്മിക കാര്യങ്ങളിൽ പൂർണ്ണ മായി സമർപ്പിക്കുന്നതാണ് സന്യാസ ജീവിതം. യേശുക്രിസ്തു വിന്റെ മരുഭൂമിയിലെ ഉപവാസവും പ്രലോഭനങ്ങളും അവയെ അഭിമുഖീകരിച്ച രീതികളും (മത്താ. 4:1 – 11) സ്നാപകയോ ഹന്നാന്റെ ജീവിതരീതികളും (മത്താ. 3:4) സന്യാസികൾക്ക്

ഉത്തമ മാതൃകകളാണ്. സന്യാസികളുടെ ജീവിതരീതികൾ മിക്കവാറും ആളുകൾക്ക് അസാധാരണമായി തോന്നിയേക്കാം. എന്നാൽ സന്യാസികൾക്ക് ഈ ലോകജീവിതം അപ്രധാനമാണ് (നിസ്സാരമാണ്). വരുവാനിരിക്കുന്ന ലോകത്തിലെ വലിയ പ്രതിഫലത്തെയാണ് സന്യാസികൾ വിലമതിക്കുന്നത്. ദൈവത്തോട് അടുത്തിരിക്കുന്നതിന് ഒരു മാർഗ്ഗമായാണ് സന്യാസത്തെ ക്രിസ്ത്യാനികൾ കാണുന്നത്. സന്യാസികൾ ജീവിക്കുന്നതിന് അവശ്യംവേണ്ട കാര്യങ്ങൾക്ക് മാത്രം ചെയ്യുകയും ശേഷിക്കുന്ന സമയം മുഴുവനും ദൈവത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു.

ആദിമ ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ മാതൃക സ്വീകരിച്ച് ദൈവത്തോട് ചേർന്നിരിക്കുന്നതിന് മരുഭൂമിയിലേക്ക് മാറി താമസിച്ചു. പിന്നീട് റോമാ സാമ്രാജ്യത്തിന്റെ പീഡനങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിന് പല ക്രിസ്ത്യാനികളും മരുഭൂമിയിൽ അവരോടു ചേരുകയുണ്ടായി. പീഡനങ്ങൾക്ക് അറുതി വന്നപ്പോൾ ’രക്തസാക്ഷിത്വം’ ഒരു വ്യക്തിയുടെ സമർപ്പണം തെളിയിക്കുന്നതിനുള്ള ഒരു ഉപാധിയല്ലാതായി തീർന്നു. അതിനു പകരമായി ’സന്യാസമെന്ന ദീർഘമായ രക്തസാക്ഷിത്വം’ ഒരു പൊതുവായ ജീവിതസമർപ്പണമാർഗ്ഗമായി തീർന്നു.

മൂന്നാം നൂറ്റാണ്ടിൽ സന്യാസത്തിന്റെ ആദർശങ്ങൾ ഉൾക്കൊണ്ട് ഏകാന്തവാസികളായി (ܝܺܚܺܝܕܳܝܳܐ *Yeehidoyo,* meaning solitary or ܚܒܺܝܫܳܝܳܐ *hbeeshoyo,* meaning recluse) ജീവിക്കുന്നവരുണ്ടായിരുന്നു. എന്നാൽ ആ രീതി മഹാനായ കുസ്തന്തീനോസ് ചക്രവർത്തിയുടെ മതപരിവർത്തനത്തോടുകൂടെ കൂടുതൽ പ്രചാരത്തിൽ വന്നു. അങ്ങനെ രണ്ട് രീതിയിലുള്ള സന്യാസ ജീവിതം സഭയിൽ രൂപം കൊണ്ടു:

(1) ഏകാന്തവാസം (Eremitism) (ܝܺܚܺܝܕܳܝܳܐ or ܚܒܺܝܫܳܝܳܐ)

(2) സന്യാസം Monasticism (ܕܰܝܪܳܐ)

സന്യാസത്തിന്റെ പഴയ രീതിയാണ് ഏകാന്തവാസം (ܝܚܝܕܘܬܐ Eremitism) എന്നറിയപ്പെടുന്നത്. Eremitism എന്ന പദം ഉണ്ടായിട്ടുള്ളത് *Eremos* എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ്. ഈ പദത്തിന് മരുഭൂമി എന്നാണർത്ഥം. സാമൂഹ്യ ജീവിതത്തിൽ നിന്ന് വേർപെട്ട് ഏകനായി (മരുഭൂമിയിൽ) ജീവിക്കുന്ന രീതിയാണിത്. ഈജിപ്റ്റിലെ വിശുദ്ധ അന്തോണിയോസിന്റെ ജീവിതം ഈ രീതിക്ക് ഒരു ഉദാഹരണമാണ് (Cross & Livingstone, 1997). ക്രിസ്ത്യാനികളായിരുന്ന ആദിമനൂറ്റാണ്ടിലെ സന്യാസികൾ (Syriac ܕܝܪܝܐ *dayroyo* - a monk; ܕܝܪܝܬܐ *dayroytho* - a nun) ഏകാന്തവാസികളായിരുന്നു. എന്നാൽ ഈ വിധമുള്ള ഏകാന്തജീവിതം എല്ലാവർക്കും അനുയോജ്യമായിരുന്നില്ല. ശരിയായ ആത്മിക ഒരുക്കമില്ലാത്തവർ മാനസികമായി തകർന്നുപോകാനിടയുള്ള ഒരു ജീവിതക്രമമാണിത്. പലർക്കും ഏകാന്തജീവിതം ഏറെ ബുദ്ധിമുട്ടുള്ളതും ഒറ്റപ്പെട്ടതുപോലുള്ള അനുഭവവുമായിരുന്നു (Lawrence, 2015). ഈ കാരണത്താൽ സന്യാസികൾ സമൂഹങ്ങളായി താമസിക്കുന്ന സംവിധാനം നിലവിൽ വന്നു.

ഏകാന്തവാസികളായിരുന്ന സന്യാസികളും (eremitic) സമൂഹമായി താമസിച്ചിരുന്ന സന്യാസികളും (Cenobitic) പല രീതിയിലും വ്യത്യസ്തരായിരുന്നു. ഏകാന്തവാസികൾ ആഴ്ചയിൽ ഒരിക്കൽ മാത്രം കൂടിവരുന്നവരായിരുന്നു. എന്നാൽ സമൂഹമായി താമസിച്ചിരുന്ന (*dayroyooso* monastic life) സന്യാസികൾ യാമപ്രാർത്ഥനകൾക്കായി നിശ്ചിത സമയങ്ങളിൽ ഒത്തുകൂടുന്നവരായിരുന്നു. സമൂഹസന്യാസികൾ (Cenobitic monks) ജനവാസ ഗ്രാമങ്ങളോട് അടുത്ത് താമസിക്കുന്നവരും സാധാരണ ജനങ്ങളോട് ഇടപഴകുന്നവരുമായിരുന്നു. എന്നാൽ ഏകാന്തവാസികൾ (ܚܒܝܫܝܐ *hbeeshoyo*) ജനവാസകേന്ദ്രങ്ങളിൽ നിന്ന് അകന്ന് ജീവിക്കുന്നവരും പ്രത്യേക അവസരങ്ങളിൽ മാത്രം ഒത്തുചേരുന്നവരുമായിരുന്നു. ഈ രണ്ടു രീതിയിലുള്ള സന്യാസി/സന്യാസിനികളുടെ ജീവിത ക്രമീകരണങ്ങളും വ്യത്യസ്തമായിരുന്നു.

സന്യാസികളെ ദയ്റാക്കാരെന്ന് (ܕܝܪܝܐ *dayroyo* - a monk) സന്യാസിനികളെ (ܕܝܪܝܬܐ *dayroytho* - a nun) ദയറാക്കാരികളെ ന്നും അറിയപ്പെടുമെങ്കിലും അവരിൽ തന്നെ വ്യത്യസ്തത പുലർത്തുന്നവരുമുണ്ടായിരുന്നു: (*eehidoyo* solitary, *onuvoyo* self containment (poor, afflicted); *aabeele* mourners, ܐܣܛܘܢܐ *esthoono* pillar ascetic). വിവിധ രീതിയിലുള്ള സന്യാസ ക്രമങ്ങൾ പാലിക്കുന്നവരെ പൊതുവെ ദയറാക്കാരെന്ന് വിശേഷിപ്പിക്കാമെങ്കിലും അവരുടെ ജീവിതരീതികളും പരിശീലനങ്ങളും സൂക്ഷ്മമായി പരിശോധിക്കുമ്പോൾ അഞ്ചായി തരം തിരിക്കാവുന്നതാണ്.

(1) എസ്സനസുകൾ (Essenes)

(2) ഏകാന്തവാസികൾ (ܝܚܝܕܝܐ *eehidoyo* or ܚܒܝܫܝܐ *hbeeshoyo*)

(3) ആശ്രമവാസികൾ Cenobites (ܕܝܪܝܐ *dayroyo*)

(4) Sarabites

(5) തൂണിന്മേൽ തപസ്വികൾ Stylites - (ܐܣܛܘܢܐ *esthoono* pillar ascetic)

മേൽപറഞ്ഞവ കൂടാതെ ഒനുവോയൊ (ܥܢܘܝܐ *onuvoyo,* self containment), ആബീലെ (ܐܒܝܠܐ *aabeele,* വിലാപികൾ) എന്നീ ഗണങ്ങളുടെ വ്യത്യസ്തതകളും പഠനവിധേയമാക്കേണ്ടതാണ്.

സന്യാസ ശ്രേഷ്ഠർക്ക് ഉത്തമ മാതൃകകളാണ് ഏലിയാവും ഏലിശയും. മദ്ധ്യപൂർവ്വ ദേശത്ത് യെഹൂദ പാരമ്പര്യത്തിലുണ്ടായിരുന്ന ഒരു സന്യാസ സമൂഹമായിരുന്നു എസ്സനസുകൾ. ഇവർ സൈമൺ മക്കാബിയസ് എന്ന മതേതരനേതാവ് ദൈവാലയത്തിലെ പ്രധാന പുരോഹിതനായതിലുള്ള എതിർപ്പുമൂലം യഹൂദ സമൂഹത്തിൽനിന്ന് ക്രിസ്തുവിനു മുൻപ് രണ്ടാം നൂറ്റാണ്ടിൽ പുറത്തു വന്നവരായിരുന്നു (Josephus,

1992; Cross & Livingstone, 1997). ഇവർ അച്ചടക്കമുള്ള ഒരു സന്യാസ സമൂഹമായിരുന്നു. അവർ അതിരാവിലെ പ്രാർത്ഥനകൾക്കായി ഒന്നിച്ചു കൂടുക പതിവായിരുന്നു. തുടർന്ന് രണ്ടു നേരത്തെ ഭക്ഷണത്തിനായി (ഉച്ചയ്ക്കും സന്ധ്യക്കും) ഒന്നിച്ചു വരുന്ന സമയമൊഴികെയുള്ള പകൽ സമയത്തെല്ലാം ജോലികളിൽ ഏർപ്പെടുമായിരുന്നു. ശാബതു ദിവസം മുഴുവൻ സമയവും പ്രാർത്ഥനയിലും ധ്യാനത്തിലും 'തോറ' പഠനത്തിലും വ്യാപൃതരായിരിക്കും. മശിഹായുടെ വരവിനു വേണ്ടി കാത്തിരുന്ന ഒരുകൂട്ടം സന്യാസികളായിരുന്നു ഇവർ. യോഹന്നാൻ സ്നാപകൻ ഇവരുടെ സമകാലീനനായിരുന്നു.

ഏകാന്തവാസികൾ (ഈഹീദോയൊ/ഹ്ബീശോയൊ) ഒറ്റക്ക് താമസിക്കുന്നവരാണ്. ഏകാന്തവാസികൾ എന്നതിന് തത്തുല്യമായ ഇംഗ്ലീഷ് പദം ആൻകൊറൈറ്റ് (Anchorite) എന്നാണ്. ഈ പദം ലാറ്റിൻ പദമായ '*ആൻക്കൊറിറ്റ*' (*Anchoreta*) അഥവാ ഗ്രീക്ക് പദമായ '*അനാക്കൊറ്റെൻ*' (*anachorein*) എന്ന പദത്തിൽ നിന്ന് രൂപപ്പെട്ടിട്ടുള്ളതാണ്. ഈ പദത്തിന്റെ അർത്ഥം 'പിൻവാങ്ങുക' (to withdraw) എന്നാണ്. കുറെകൂടി കൃത്യമായി പറഞ്ഞാൽ ഒരു ആശ്രമത്തിൽ പ്രാരംഭ പരിശീലന കാലഘട്ടം കഴിഞ്ഞ് സന്യാസത്തിനായി (വിജന സ്ഥലത്തേക്ക്) പോകുന്നവരെയാണ് ഏകാന്തവാസികൾ എന്ന് പറയുന്നത് (Douglas, 1978). അങ്ങനെയുള്ളവർ വളരെ ഇടുങ്ങിയ മുറികളിലാണ് (cell) ജീവിതം നയിച്ചിരുന്നത്. ആദിമ സഭയിൽ ഏകാന്തവാസികൾ അവരുടെ ഇഷ്ടമനുസരിച്ചാണ് സന്യാസത്തിനായി പോയിരുന്നത്. ആവശ്യമെങ്കിൽ സന്യാസത്തിൽ നിന്ന് വിട്ടുപോരുന്നതിനും അവർക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നു. പിന്നീട് സന്യാസികളായ ഏകാന്തവാസികൾക്ക് സഭ പൊതുവായ നിയമങ്ങൾ ക്രോഡീകരിക്കുകയുണ്ടായി (Cross & Livingstone, 1997).

ആശ്രമവാസികൾ അഥവാ സെനൊബൈറ്റുകൾ (Cenobites) ഒരു ദയറാതലവന്റെ (റീശ് ദയറൊ) കീഴിൽ നിയത

മായ നിയമങ്ങൾക്കു വിധേയപ്പെട്ട് താമസിക്കുന്ന ആശ്രമ വാസികളാണ് (ദയറോയൊ). സെനൊബൈറ്റ് എന്ന പദം '*കൊയ്നോസ്*' (*Koinos*) '*ബയോസ്*' (*bios*) എന്നീ ഗ്രീക്ക് പദങ്ങളിൽ നിന്ന് രൂപപ്പെട്ടതാണ്. കൊയ്നോസ് എന്ന പദത്തിന് 'പൊതുവായ' (Common) എന്നും ബയോസ് എന്ന പദത്തിന് ജീവിതശൈലി (life) എന്നുമാണർത്ഥം. ഈ സന്യാസ ജീവിതരീതി ഏകാന്തവാസികളുടെ (*hbeeshoyo* a recluse or a monk secluded in his cell) ജീവിതരീതിയിൽ നിന്ന് വിഭിന്നമാണ്. ഓരോ ആശ്രമത്തിലും ഇരുപതോ അതിലധികമൊ ദയറാക്കാർ ഒന്നിച്ചാണ് താമസിക്കുന്നത്. ആശ്രമത്തിലെ ചെറിയ മുറികളിൽ രണ്ടോ മൂന്നോ സന്യാസികൾ താമസിക്കുന്നു് (Dunn, 2000). ഈ രീതിക്ക് ആശ്രമജീവിത സമ്പ്രദായമെന്നു (monasticism) പൊതുവെ പറയപ്പെടുന്നു. എല്ലാ സന്യാസികളും അവരുടെ സ്വകാര്യ സ്വത്തുകൾ ഉപേക്ഷിക്കേണ്ടതുണ്ട്. എന്നാൽ ആശ്രമത്തിന്റേതായി സ്വത്തുകൾ ഉണ്ടായിരിക്കും. ആശ്രമത്തിലെ ജോലികൾ പല രീതിയിലായിരിക്കും. പാരമ്പര്യമായി കൃഷി, അദ്ധ്യാപനം, കല, ഗവേഷണം എന്നിവയാണ് ആശ്രമത്തിലെ ജോലികൾ. കൈയ്യെഴുത്തു പ്രതികൾ പകർത്തിയെഴുതുന്ന ജോലിയും സന്യാസികൾ മധ്യകാലഘട്ടത്തിൽ നിർവ്വഹിച്ചിരുന്നു (Cross & Livingstone, 1997). സന്യാസികൾ ദൈവശാസ്ത്രവിഷയങ്ങളിലും സഭാശാസ്ത്രവിഷയങ്ങളിലും ഇടപെട്ടിരുന്നു.

സാരാബൈറ്റ്സ് (Sarabites) എന്ന ഒരു കൂട്ടം സന്യാസികൾ ആദിമസഭയിൽ ഉണ്ടായിരുന്നു. ഇവർ സ്വഭവനങ്ങളിലൊ പട്ടണത്തിനടുത്തൊ ചെറിയ സംഘങ്ങളായി താമസിച്ചിരുന്നു. അവർ ഏതെങ്കിലും ദയറാധിപന് വിധേയപ്പെടുകയൊ നിശ്ചിത നിയമങ്ങൾ പാലിക്കുകയൊ ചെയ്തിരുന്നില്ല. അവരുടെ നിലത്തിലെ അദ്ധ്വാനത്തിന്റെ ഫലം അഥവാ കൈത്തൊഴിലിൽനിന്നുള്ള വരുമാനം അവർ തന്നെ എടുത്തിരുന്നു (Cross & Livingstone, 1997; Douglas, 1978). സ്കീറ്റിൽ (Skete) പൂർണ്ണമായ ഏകാന്തവാസത്തിലേക്കുള്ള മാറ്റത്തിനായി താമസിച്ചിരുന്നവരെ സാരാബൈറ്റ്സ് എന്ന ഗണ

ത്തിൽപ്പെടുത്താവുന്നതാണ്. എന്നാൽ ഏകാന്തവാസത്തി നേക്കാൾ (മരുഭൂമി) ബുദ്ധിമുട്ടേറിയ ഒരു സ്ഥലമായിരുന്നു സ്കീറ്റെന്നും അഭിപ്രായമുണ്ട്. ഏകാന്തവാസത്തിന്റെയും ആശ്രമവാസത്തിന്റെയും ഒരു സങ്കരരീതിയായിരുന്നു സാരാ ബൈറ്റുകളുടേതെന്നും കരുതാവുന്നതാണ്. ഇതിന്റെ പ്രാരം ഭകൻ മോർ സാബാ (A.D. 439 - 532) ആണെന്ന് കരുത പ്പെടുന്നു.

സ്റ്റയിലൈറ്റുകൾ (ܐܣܛܘܢܐ *esthoono* pillar ascetic) തൂണി ന്മേൽനിന്നുകൊണ്ട് തപസനുഷ്ഠിക്കുന്നവരെ തൂണിന്മേൽ തപസികളെന്ന് അറിയപ്പെടുന്നു. സ്റ്റയിലൈറ്റ് (Stylite) എന്ന പദം ഗ്രീക്ക് ഭാഷയിലെ '*Stylos*' എന്ന പദത്തിൽ നിന്ന് രൂപം കൊണ്ടതാണ്. കിഴക്കുള്ള ക്രൈസ്തവ പാരമ്പര്യത്തിൽ ദയ റാക്കാർ തൂണിനു മുകളിലുള്ള താപസരീതിയുടെ ബുദ്ധി മുട്ടുകൾ സ്വീകരിച്ചവരായിരുന്നു. അവർ താമസിച്ചിരുന്ന തൂണുകൾ വ്യത്യസ്ത ഉയരത്തിലുള്ളതും അതിനു മുകളി ലുള്ള സ്ഥാനത്ത് (Platform) താമസിക്കത്തക്കവിധം ഒരു കു ടിലും ഉണ്ടാക്കിയിരുന്നു. ഉയർന്ന സ്ഥാനത്തിനു ചുറ്റുമാ യി (വിരളമായി) ഉറങ്ങുമ്പോൾ ചാരുന്നതിനായി അരഭിത്തി (Parapet) ഉണ്ടാക്കിയിരുന്നു (Cross & Livingstone, 1997). പ്രാർ ത്ഥന, ഉപവാസം എന്നിവക്കു പുറമെ തൂണിന്മേൽ തപസി കൾ അനുഗ്രഹീത പ്രസംഗകരും ദൈവശാസ്ത്രവിഷയങ്ങ ളെ സംബന്ധിച്ച് തൂണിനു ചുവട്ടിൽ വന്നുകൂടുന്ന ജനക്കൂ ട്ടത്തോട് സംസാരിക്കുന്നവരും ആയിരുന്നു. സമകാലീന ദൈവശാസ്ത്ര തർക്കങ്ങളെ സംബന്ധിച്ചും അവർ പ്രതിപാദി ക്കുമായിരുന്നു. ശെമവൂൻ, ശിഷ്യനായ ദാനിയേൽ എന്നി വർ പ്രസിദ്ധ തൂണിന്മേൽ തപസികളാണ്. താപസരീതിക ളിൽ, തൂണിന്മേൽ തപസികൾ സന്യാസികളെക്കാൾ ഉന്നത രായി ഗണിക്കപ്പെട്ടിരുന്നു (Douglas, 1978).

തീബെയ്ദിലെ വി. പൗലോസ് (A.D. 234 - 347) ആണ് ക്രിസ്തീയ സന്യാസത്തിന്റെ തുടക്കക്കാരൻ എന്ന് പാരമ്പര്യ മായി കരുതിവരുന്നു. ഇദ്ദേഹം ഡെസിയസിന്റെ പീഡയിൽ

നിന്ന് രക്ഷപ്പെടുന്നതിനായി A.D. 250ൽ ഈജിപ്റ്റിലെ മരുഭൂമിയിലുള്ള ഒരു ഗുഹയിൽ ഒളിവിൽ താമസിച്ചു. ഇദ്ദേഹം ഏകാന്തവാസികളുടെ പ്രാരംഭകൻ എന്ന് പാരമ്പര്യമായി പരിഗണിക്കപ്പെടുന്നു. കാർത്തേജിലെ മെത്രാപ്പോലീത്തയായിരുന്ന വിശുദ്ധ സിപ്രിയാൻ (A.D. 200 - 258) ഇതേവർഷം പീഡയിൽ നിന്ന് രക്ഷനേടുന്നതിന് ഒളിവിൽ പോകുകയുണ്ടായി. ഇദ്ദേഹം ഈ കാലഘട്ടത്തിൽ സന്യാസികളോടുകൂടെ താമസിക്കുകയും ഏകാന്തവാസികളെ സംബന്ധിച്ച് എഴുതുകയും ചെയ്തു. (തീബെയ്ദിലെ വി. പൗലോസും കാർത്തേജിലെ വി. സിപ്രിയാനും പീഡയെ തുടർന്ന് ഒളിവിൽ പോയവരാകയാൽ അവരെ സന്യാസികളായി ഗണിക്കാവുന്നതല്ലെന്ന അഭിപ്രായവും പ്രബലമാണ്).

ഈജിപ്റ്റിലെ വി. അന്തോണിയോസാണ് (A.D. 251 - 356). ഒന്നാമത്തെ ക്രിസ്തീയ സന്യാസിയായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത് വി. അന്തോണിയോസ് 'ദയറാ പ്രസ്ഥാനത്തിന്റെ പിതാവ്' എന്നും അറിയപ്പെടുന്നു. ഏറെ വർഷത്തെ ഏകാന്തവാസത്തിനു ശേഷം വി. അന്തോണിയോസ് സന്യാസികളെ സംഘടിപ്പിക്കുകയും അവർക്ക് ആവശ്യമായ ആത്മീയ മാർഗ്ഗനിർദ്ദേശം കൊടുക്കുകയും ചെയ്തു. ആദിമ സന്യാസികളിൽ പലരും വി. അന്തോണിയോസിന്റെ ശിഷ്യന്മാരായിരുന്നു. ഒരു ആഴ്ചവട്ടത്തിന്റെ സിംഹഭാഗവും ഏകാന്തവാസത്തിൽ കഴിയുകയും ഞായറാഴ്ച ആരാധനക്കായി ഒന്നിച്ചു കൂടുകയും ഒന്നുചേർന്ന് ഭക്ഷണം കഴിക്കുകയും ചെയ്യുന്ന പതിവായിരുന്നു അവർക്കുണ്ടായിരുന്നത്. ലോകത്തിലെ ഏറ്റവും പുരാതനമെന്ന് കരുതപ്പെടുന്ന ദയറാ (ആശ്രമം) ചെങ്കടലിനു സമീപമുള്ള മരുഭൂമിയിലാണ് സ്ഥാപിതമായത്. ഇത് വി. അന്തോണിയോസ് അവസാന നാളുകളിൽ താമസിച്ചിരുന്ന മലയുടെ അടിവാരത്തുള്ള ഗുഹക്കു സമീപമാണ്. സന്യാസ പ്രസ്ഥാനത്തിന്റെ പ്രധാന സ്ഥാപകരായി കരുതപ്പെടുന്ന മറ്റ് രണ്ടുപേരാണ് ഈജിപ്റ്റിലെ പക്കോമിയോസും (A.D. 292 - 346) കൈസര്യയിലെ മഹാനായ ബസേലിയോസും (A.D. 329 - 379).

വി. അന്തോണിയോസിന്റെ സമകാലീനനായിരുന്ന വി. പക്കോമിയോസ് (A.D. 292 - 346) ഉദ്ദേശം A.D. 320ൽ ആദ്യമായി സന്യാസസമൂഹം രൂപീകരിച്ചതായി കരുതപ്പെടുന്നു. പക്കോമിയോസിന്റെ ഈ സമൂഹം നൈലിനടുത്ത് തീബെയ്ദിലാണ് രൂപപ്പെട്ടത്. വി. അന്തോണിയോസ് ഈജിപ്റ്റിൽ സന്യാസത്തിനായി തിരഞ്ഞെടുത്ത സ്ഥലത്തിനോളം വിദൂരമായിരുന്നില്ല ഈ പ്രദേശം. അവിടെ ഏകാന്തവാസികളായ സന്യാസികൾ താമസിച്ചിരുന്നു. അവർ ഔപചാരികമായി സംഘടിപ്പിക്കപ്പെട്ടിരുന്നില്ല. ആ സന്യാസികൾ അവരുടെ സ്വന്തമായ കുടിലിൽ (ചെറിയ അറയിൽ/മുറിയിൽ) താമസിക്കുകയും ആഹാരം തുറസ്സായ സ്ഥലത്ത് വന്ന് ഭക്ഷിക്കുകയും ചെയ്തിരുന്നു. പക്കോമിയോസ് പത്തോളം സന്യാസ സമൂഹങ്ങൾ സ്ഥാപിക്കുകയുണ്ടായി. അവയിൽ രണ്ടെണ്ണം സ്ത്രീകൾക്കുവേണ്ടിയുള്ളതായിരുന്നു. പക്കോമിയോസ് സ്ഥാപിച്ച കന്യാസ്ത്രീമഠത്തിൽ (nunnery) പക്കോമിയോസിന്റെ സഹോദരിയായ മേരിയോടുകൂടെ ഒരു കൂട്ടം സന്യാസികൾ താമസിച്ചിരുന്നു. സന്യാസികൾ ദാരിദ്ര്യവും ബ്രഹ്മചര്യവും അനുഷ്ഠിക്കണമെന്ന നിയമങ്ങളോടുകൂടെ അനുസരണവും പക്കോമിയോസ് കൂട്ടിച്ചേർത്തു. ദാരിദ്ര്യമെന്നത് ലൗകിയ വസ്തുക്കൾ ഉപേക്ഷിക്കുന്നതും ബ്രഹ്മചര്യമെന്നത് ജഡത്തിന്റെ സന്തോഷത്തെ തിരസ്കരിക്കുന്നതും അനുസരണമെന്നത് ദയറാധിപന് വിധേയപ്പെട്ടിരിക്കുക അഥവാ ദയറാനിയമങ്ങൾ പാലിച്ച് ജീവിക്കുക എന്നതുമാണ് (Ferguson, Wright, & Packer, 1988).

സമൂഹമായി ജീവിക്കുന്ന സന്യാസികൾക്കുവേണ്ടി പക്കോമിയോസ് ഒരു നിയമാവലി തയ്യാറാക്കി. സന്യാസികളുടെ ജീവിതക്രമം, ആരാധന എന്നിവ ഈ നിയമാവലിയിൽ പ്രതിപാദിച്ചിരിക്കുന്നു. സന്യാസ ആശ്രമങ്ങൾ സ്വയംപര്യാപ്തമായ കോളനികളൊ ഉൽപാദനക്ഷമമായ സമുച്ചയങ്ങളൊ ആയിരുന്നു. അവ സൈന്യത്തിലെ അധികാരക്രമം പോലെ (സ്ഥാനികളുടെ അധികാരശ്രേണി) പ്രവർത്തനക്ഷമമായിരുന്നു (Douglas, 1978). ആശ്രമത്തിലെ ദിനചര്യ, ആദ്ധ്യാത്മിക പഠന

വും വിശുദ്ധ ഗ്രന്ഥം മനഃപാഠമാക്കലും രണ്ടുനേരത്തെ പ്രാർത്ഥനയും ആഴ്ചയിലൊരിക്കലുള്ള വി. കുർബ്ബാനയുമായിരുന്നു. വി. പക്കോമിയോസിന്റെ സന്യാസനിയമങ്ങൾ നഷ്ടമായെങ്കിലും വി. ബനഡിക്റ്റിന് അവ അറിയാമായിരുന്നു. പടിഞ്ഞാറൻ ദേശത്തെ സന്യാസ ആശ്രമങ്ങളുടെ പ്രവർത്തനം ഈ നിയമങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. പലേഡിയസിന്റെ ചരിത്രത്തിൽ (Palladius, 1898) പക്കോമിയോസിന് ദയറാ സ്ഥാപിക്കുന്നതിനുള്ള ആശയം നൽകപ്പെട്ടതിനെ സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. പക്കോമിയോസിന്റെ കാലഘട്ടത്തിലും അതിനുമുൻപും സന്യാസ സമൂഹങ്ങളുണ്ടായിരുന്നതായി പല സൂചനകളുണ്ട് (Attridge & Hata, 1999; Harmless, 2004).

വി. പക്കോമിയോസിൽനിന്ന് പ്രചോദനം ലഭിച്ച് വി. ബസേലിയോസ് (A.D. 329 - 379) കപ്പദോക്യയിൽ (ടർക്കി) ദയറാകൾ ആരംഭിക്കുകയുണ്ടായി. ഏകാന്തവാസരീതിയെക്കാൾ സമൂഹമായി താമസിക്കുന്ന സന്യാസരീതിയാണ് കൂടുതൽ അഭികാമ്യമെന്ന് വി. ബസേലിയോസ് കരുതുകയും ആ രീതിയിലുള്ള സന്യാസജീവിതത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. നിസിബിനടുത്ത് ഇസ്ല മലയിൽ (Mt. Izlo) മോർ ഔഗേൻ ഉദ്ദേശം A.D. 350ൽ ഒരു ദയറ സ്ഥാപിച്ചു. ഇവിടെ നിന്നാണ് ദയറാപ്രസ്ഥാനം മെസപ്പൊട്ടോമ്യ, പേർഷ്യ, അർമേനിയ എന്നിവിടങ്ങളിലേക്ക് വ്യാപിച്ചത്. ഉജ്ജ്വല വ്യക്തിത്വമായിരുന്ന മിലാനിലെ അംബ്രോസ് (d. 397) മെത്രാപ്പോലീത്ത ആശ്രമങ്ങൾ സ്ഥാപിക്കുകയുണ്ടായി. എവാഗ്രിസ് (d. A.D. 399?) നൈട്രിയയിൽ സന്യാസ ജീവിതത്തെ സംബന്ധിച്ച് പഠിപ്പിക്കുകയുണ്ടായി. എവാഗ്രിസിന്റെ ശിഷ്യന്മാരായിരുന്നു പലേഡിയസും റൂഫിനസും.

ഈജിപ്റ്റിലെ നൈട്രിയൻ മരുഭൂമിയിൽ ജീവിച്ചിരുന്ന പാംബൊ (d. A.D. 385?) നോമ്പനുഷ്ഠിക്കുന്നതിൽ മറ്റു സന്യാസികളെക്കാളെല്ലാം മുൻപനായിരുന്നു. സന്യാസ വീരനായിരുന്ന റോമിലെ ജെറോം (d. 419) പക്കോമിയോസിന്റെ

സന്യാസ നിയമങ്ങൾ ലാറ്റിൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തു. A.D. 457ൽ മോർ സാബാ (A.D. 439 - 532) യെരുശലേമിലേക്ക് പോകുകയും അവിടെ ഒരു സന്യാസിയായി ജീവിക്കുകയും ചെയ്തു. A.D. 483നോടടുത്ത് യെഹൂദ്യ മരുഭൂമിയിലുണ്ടായിരുന്ന സന്യാസികളെ സംഘടിപ്പിച്ച് സാബാ ബെത്‌ലഹേമിനടുത്ത് ഒരു ആശ്രമം ആരംഭിച്ചു. ഈ രീതിയിലാരംഭിച്ച സന്യാസ സമൂഹത്തെ 'സാബൈറ്റ്' എന്നറിയപ്പെടുന്നു. ഇവരാണ് കിഴക്കുള്ള ഓർത്തഡോക്സ് സന്യാസ സമൂഹങ്ങളുടെ മാതാവെന്നറിയപ്പെട്ട സന്യാസ സമൂഹം (Douglas, 1978).

കുന്നംകുളം കോറെപ്പിസ്കോപ്പ കെ. മാണി രാജൻ
14 ഒക്ടോബർ 2017

# നന്ദി

*'സുപ്രസിദ്ധ സന്യാസികൾ: അവരുടെ ജീവിതവും സുകൃതങ്ങളും'* എന്ന ഈ പുസ്തകത്തിൽ മുപ്പത് സന്യാസി സന്യാസിനികളുടെ ജീവചരിത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ജീവചരിത്രങ്ങളെല്ലാം തന്നെ സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും എന്ന പുസ്തകത്തിൽ നിന്നെടുത്തിട്ടുള്ളവയാണ്. സന്യാസ ചരിത്രങ്ങൾ സുറിയാനി - അറബി ഭാഷകളിൽ ലഭ്യമാണെങ്കിലും അവയിൽ കുറച്ചു മാത്രമേ മലയാളത്തിലും ഇംഗ്ലീഷിലും വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളു. അതുകൊണ്ട് അവരുടെ ജീവിതരീതികളും പഠിപ്പിക്കലുകളും മനസ്സിലാക്കുന്നതിന് ഈ പുസ്തകം പ്രയോജനപ്പെടും. വിശുദ്ധിയിലേക്ക് വളരുന്നതിന് അവർ സ്വീകരിച്ച നിരവധിയായ മാർഗ്ഗങ്ങൾ സത്യ വിശ്വാസികൾക്കു പ്രചോദനമായിത്തീരും.

ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത ജെ. എസ്. സി. പ്രസിദ്ധീകരണത്തോടുള്ള നന്ദി അറിയിക്കട്ടെ. ഈ പുസ്തകത്തിന്റെ കവർ ഡിസൈൻ ചെയ്യുകയും ഡി. റ്റി. പി. ജോലികൾ നിർവ്വഹിക്കുകയും ചെയ്ത ശ്രീ. ജൂലിയസ് സി. ഏബ്രഹാമിനോടുള്ള നന്ദി അറിയിക്കുന്നു.

എന്റെ പൗരോഹിത്യത്തിന്റെ 33-ാം വാർഷികത്തിൽ ഈ പുസ്തകം സഭയ്ക്കായി സമർപ്പിക്കുന്നതിൽ സന്തോഷം ഉണ്ട്. സന്യാസികളായി ജീവിച്ച് ദൈവത്തെ പ്രസാദിപ്പിച്ച പുണ്യവാന്മാരുടെയും ശുദ്ധിമതികളുടെയും മദ്ധ്യസ്ഥ പ്രാർത്ഥന നമുക്ക് കോട്ടയായി തീരട്ടെ.

കുന്നംകുളം — കോറെപ്പിസ്കോപ്പ കെ. മാണി രാജൻ
14 ഒക്ടോബർ 2017

# വിശുദ്ധ സിപ്രിയാൻ
## (ഏ. ഡി. 200 - 258)

വി. സിപ്രിയാൻ ഏ.ഡി. 200ൽ കാർത്തേജിൽ (Carthage, Africa) ജനിച്ചു. ഇദ്ദേഹത്തിന്റെ മുഴുവൻ പേര് തസിയസ് സിസിലിയസ് സിപ്രിയാനസ് (Thascius Cicilius Cyprianus) എന്നാണ്. സിപ്രിയാന്റെ മാതാപിതാക്കൾ ഉന്നതകുലജാതരും, വിഗ്രഹാരാധനക്കാരും സമ്പന്നരുമായിരുന്നു.

സിപ്രിയാൻ നിയമം പഠിക്കുകയും അഭിഭാഷകവൃത്തി സ്വീകരിക്കുകയും ചെയ്തതായി ഭൂരിഭാഗം ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇദ്ദേഹം പ്രസംഗകലയുടെ (Rhetoric) പ്രൊഫസറായിരുന്നുവെന്ന് ചിലർ രേഖപ്പെടുത്തിയിട്ടുണ്ട്. ഏ.ഡി. 246ലാണ് ഇദ്ദേഹം മാമോദീസാ സ്വീകരിച്ച് ക്രിസ്ത്യാനിയായത്. ഏറെതാമസിയാതെ തനിക്കുള്ള സമ്പത്തിന്റെ നല്ല പങ്ക് ദരിദ്രർക്കായി ഭാഗിച്ചു കൊടുത്തു.

ഏ. ഡി. 248ൽ കാർത്തേജിലെ മെത്രാപ്പോലീത്തയായി. ഏ. ഡി. 250ൽ റോമാചക്രവർത്തിയായ ഡെസിയസിന്റെ (Decius) പീഢകളെ തുടർന്ന് ഒളിവിൽ കഴിയേണ്ടി വന്നു. ഈ സാഹചര്യത്തിൽ ധാരാളം ക്രിസ്ത്യാനികൾ പീഢ ഭയന്ന് വിശ്വാസം ത്യജിച്ചു. ഏ. ഡി. 251ൽ സിപ്രിയാൻ ഒളിവിൽനിന്ന് തിരിച്ചുവന്നു. എന്നാൽ സിപ്രിയാൻ ഒളിവിലായിരുന്നപ്പോൾ മതപീഢനത്തെ തുടർന്ന് വിശ്വാസം ത്യജിച്ച് പിന്നീട് സഭയിലേക്ക് മടങ്ങിവന്നവരെ സംബന്ധിച്ചും വേദവിപരീതികളിൽ നിന്ന് മാമോദീസാ സ്വീകരിച്ചവരെ സംബന്ധിച്ചും സഭയിൽ തർക്കങ്ങളുണ്ടായി. വിശ്വാസം വിട്ടുപോയവർ തിരികെ വരുമ്പോൾ സഭയിൽ ചേർക്കുന്നതിനെ സംബന്ധിച്ച് സിപ്രിയാൻ അനുഭാവ

പൂർവ്വമായ നിലപാട് സ്വീകരിച്ചെങ്കിലും വേദവിപരീതികളിൽ നിന്ന് സ്നാനമേറ്റവരെ സ്വീകരിക്കുന്നതിനോട് യോജിച്ചില്ല.

മെറിഡ, ലിയോൺ എന്നീ സ്പാനിഷ് ആരാധനാസമൂഹങ്ങളിലുണ്ടായ തർക്കങ്ങളിൽ റോമിലെ പോപ്പ് സ്തേഫാനോസ് ഒന്നാമന്റെ തീരുമാനത്തിനെതിരെ പുനർവിചാരണയ്ക്കായി ചിലർ സിപ്രിയാൻ മെത്രാപ്പോലീത്തായെ സമീപിച്ചു. വിശ്വാസം ത്യജിച്ച് വീണ്ടും മടങ്ങിവരുന്ന സാധാരണ ജനത്തിനോട് കാണിക്കുന്ന അനുകൂലമായ നിലപാട് വൈദികരോട് സ്വീകരിക്കുന്ന കാര്യത്തിൽ സിപ്രിയാന് യോജിപ്പുണ്ടായിരുന്നില്ല. ''വിശ്വാസം ഉപേക്ഷിച്ചുപോയ വൈദികനിൽ വി. റൂഹാ വസിക്കുന്നില്ലെന്നും വി. റൂഹായുടെ നൽവരമില്ലാത്തവർക്ക് അത് (മാമോദീസായാൽ) നൽകാനാവില്ലെന്നും'' സിപ്രിയാൻ രേഖപ്പെടുത്തി (Letter 67).

മേൽവിവരിച്ച തർക്കവിഷയങ്ങളിൽ സിപ്രിയാൻ മെത്രാപ്പോലീത്തായും പോപ്പ് സ്തേഫാനോസ് ഒന്നാമനും തമ്മിൽ ചില നീരസങ്ങളുണ്ടായി. പൗരോഹിത്യത്തിന്റെ ഉറവിടം പത്രോസിന്റെ സിംഹാസനമാണെന്നതിനെ സിപ്രിയാൻ ഊന്നിപറഞ്ഞിരുന്നുവെങ്കിലും റോമിന്റെ ഭരണപരമായ വിശേഷാധികാരത്തെ സ്വീകരിച്ചിരുന്നില്ല.

എ. ഡി. 252ൽ ഗാലസ് (Gallus) ചക്രവർത്തിയുടെ പീഡകളെ സഭ അതിജീവിക്കുകയും സിപ്രിയാന് വിരോധിയായ നൊവേറ്റസ് (Novatus) മെത്രാപ്പോലീത്തായുടെ വിഘടിതപ്രവർത്തനങ്ങളെ നേരിടുകയും ചെയ്തു. സിപ്രിയാനെ മെത്രാപ്പോലീത്തയായി തെരഞ്ഞെടുത്തതിനെ എതിർത്ത ഒരു വൈദികനായിരുന്നു നൊവേറ്റസ്.

സ്തേഫാനോസ് ഒന്നാമൻ പോപ്പ് എ. ഡി. 257ൽ രക്തസാക്ഷിയായി. പിന്നീടുണ്ടായ പിൻഗാമികൾ അനുരഞ്ജനത്തിന്റെ പാത സ്വീകരിച്ചതിനാൽ റോമും കാർത്തേജുമായുള്ള മുറിവുകൾ കുറെയൊക്കെ ഉണങ്ങുന്നതിന് സാഹചര്യമുണ്ടായി. എ. ഡി. 253-260 കാലഘട്ടത്തിൽ റോമൻ ചക്രവർത്തിയാ

യിരുന്ന വലേറിയൻ (Valerian) ഒരു രാജശാസനം പുറപ്പെടുവിച്ചു. ആയതിൻപ്രകാരം ക്രിസ്തീയകൂട്ടായ്മകൾ നിരോധിക്കുകയും ക്രിസ്ത്യാനികളും പുരോഹിതഗണത്തിലുള്ളവരും രാജ്യത്തിലെ ഔദ്യോഗിക ആരാധനയിൽ പങ്കുചേരണമെന്നും അല്ലാത്തപക്ഷം രാജ്യം വിടണമെന്നും ഉത്തരവായി. ഇതേത്തുടർന്ന് (ഓഗസ്റ്റ് 30) ഏ. ഡി. 257ൽ സിപ്രിയാൻ മെത്രാപ്പോലീത്തായെ ഹമാമത്തിലെ (Gulf of Hammamet) കുർബിസിൽ (Curubis or Kurba) വീട്ടുതടങ്കലിലാക്കി. പിന്നീട് കർശനമായ രാജകല്പനയുണ്ടാകുകയും ഏ. ഡി. 258ൽ കാർത്തേജിലേക്കു തിരികെ കൊണ്ടുവരികയും വിചാരണ ചെയ്യുകയും സെപ്റ്റംബർ 14-ാം തീയതി വധിക്കുകയും (ശിരസ്സു ഛേദിക്കുകയും) ചെയ്തു.

ആഫ്രിക്കയിലെ സഭയിലെ കഴിവുള്ള ദൈവശാസ്ത്രജ്ഞനും മെത്രാപ്പോലീത്തായും ധൈര്യമുള്ള ഭടനുമായിരുന്നു വി. സിപ്രിയാൻ. വടക്കേ ആഫ്രിക്കയിലെ ദൈവശാസ്ത്രജ്ഞനായ തെർത്തുല്യനിൽ നിന്നാണ് വി. സിപ്രിയാൻ ദൈവശാസ്ത്രചിന്തകൾ സ്വീകരിച്ചതെന്ന് കരുതപ്പെടുന്നു. ആവശ്യങ്ങളിലും ഭയത്തിലും പ്രാർത്ഥനയുടെ ആരംഭത്തിലും അന്ത്യത്തിലും മറ്റു സന്ദർഭങ്ങളിലും വിശുദ്ധ സ്ലീബായുടെ അടയാളം ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് വി. സിപ്രിയാൻ പ്രതിപാദിച്ചിട്ടുണ്ട്.

സ്തേഫാനോസ് ഒന്നാമൻ പോപ്പുമായി സിപ്രിയാൻ തർക്കത്തിലായിരുന്നെങ്കിലും കത്തോലിക്കാസഭയും വി. സിപ്രിയാനെ അംഗീകരിക്കുന്നുണ്ട്. വി. സിപ്രിയാന്റെ പെരുന്നാൾ സെപ്റ്റംബർ 16-ാം തീയതി സുറിയാനിസഭ ആചരിക്കുന്നു.

# വിശുദ്ധ മൽക്കെ

**(ഏ. ഡി. 222 – 315)**

ഈജിപ്റ്റിലെ ക്വൽസ്മൊ (Qulezmo) എന്ന പട്ടണത്തിൽ ധനികനായ യൂഹാനോന്റെയും റഫ്ക്കയുടെയും മകനായി ഏ. ഡി. 222ൽ മൽക്കെ ജനിച്ചു. റഫ്ക്ക, വിശുദ്ധ ഔഗേന്റെ സഹോദരിയാണ്.

യൂഹാനോനും റഫ്ക്കയ്ക്കും ദീർഘകാലമായി മക്കളില്ലായിരുന്നു. ദൈവം നൽകിയ ആദ്യത്തെ മകളായിരുന്നു ശുഫ്നി (Shufny). മൂന്നു വർഷത്തിനുശേഷം ദൈവം നൽകിയ മകനാണ് മൽക്കെ (Malke). ശുഫ്നിക്ക് സംസാരശേഷിയില്ലായിരുന്നു. സഹോദരന് പേരിടാൻ മാതാപിതാക്കന്മാർ ആവശ്യപ്പെട്ടപ്പോഴാണ് ശുഫ്നി മൽക്കെ എന്ന പേർ ഉച്ചരിച്ചത്.

മൽക്കെയ്ക്ക് 5 വയസ്സായപ്പോൾ ശമൂവേൽ എന്ന അധ്യാപകന്റെ അടുക്കൽ വിശ്വാസത്തിന്റെ ആദ്യപാഠങ്ങൾ പഠിച്ചു. മൽക്കെ സമർത്ഥനായ വിദ്യാർത്ഥിയായിരുന്നു. പതിനാറു വയസ്സായപ്പോൾ മൽക്കെ സന്യാസിയാകാൻ ആഗ്രഹം പ്രകടിപ്പിച്ചു. മാതാപിതാക്കന്മാർ വിവാഹം കഴിപ്പിക്കാനാഗ്രഹിച്ചെങ്കിലും മൽക്കെ സ്നേഹിതനായ ഏലിശയോടുകൂടെ ഏ. ഡി. 245ൽ ഇസ്ലൊ (Mt. Izlo) മലയിലേക്ക് പോയി.

ഇസ്ലൊ മലയിൽ അമ്മാവനായ ഔഗേന്റെ ദയറായിൽ മൽക്കെ താമസമാക്കി. അവിടെ മൽക്കെയും ഏലിശയും നാലുവർഷം താമസിച്ചു. തുടർന്ന് യെരൂശലേമിലേക്ക് തീർത്ഥയാത്ര നടത്തിയശേഷം വീണ്ടും മൂന്നു വർഷങ്ങൾ ഈജിപ്റ്റിൽ താമസിച്ചു. പിന്നീട് നിസിബിനിലേക്ക് പോകുകയും നിസിബിനിലെ മോർ യാക്കോബ് (d. ഏ. ഡി. 338) പുരോഹിതനായി പട്ടംകെട്ടുകയും ചെയ്തു (Roberts & Donalson, 1956).

ഏതാനും വർഷങ്ങൾക്കുശേഷം മൽക്കെ ഏകാന്തവാസത്തിനായി ടർക്കിയിലെ അർക്കാഹ് (Arkah) എന്ന ഗ്രാമത്തിലേക്ക് പോയി. ഒരു ദിവസം കളിച്ചുകൊണ്ടിരുന്ന കുട്ടികളിൽ ഒരാൾ അത്തിവൃക്ഷത്തിൽ കയറി അതിന്റെ ചുവട്ടിൽ കണ്ട ഒരു അശുദ്ധാത്മാവിനെ (Astrasis) കണ്ടു ഭയന്നു. മൽക്കെ പ്രാർത്ഥിച്ചപ്പോൾ ആ അശുദ്ധാത്മാവ് ഓടിമറഞ്ഞു. ആ അശുദ്ധാത്മാവിനെ ഓടിച്ചു കളഞ്ഞ സ്ഥലത്ത് വിശുദ്ധ മൽക്കെ ഒരു ദയറാ സ്ഥാപിച്ചു. അർക്കാഹ് ഗ്രാമത്തിലെ ആളുകൾ കൂട്ടംകൂട്ടമായി വന്ന് ആ ദയറായുടെ പണിയിൽ സഹായിച്ചു. കുസ്തന്തീനോസ് ചക്രവർത്തിയുടെ രോഗം വിശുദ്ധ മൽക്കെയുടെ മധ്യസ്ഥപ്രാർത്ഥനയാൽ സൗഖ്യമായി.

മൽക്കെ തന്റെ മരണം അടുത്തു എന്നറിഞ്ഞു ഇപ്രകാരം അനുഗ്രഹിച്ചു: ''എന്റെ വാത്സല്യമുള്ളവരേ, എപ്പോഴും ദയ കാണിക്കുവിൻ, പ്രാർത്ഥനയ്ക്കും ഉപവാസത്തിനും നിങ്ങളെ തന്നെ സമർപ്പിക്കുവിൻ. നിങ്ങളുടെ ജീവിതകാലമെല്ലാം സത്യം, സ്നേഹം, സമാധാനം എന്നിവകൊണ്ട് അലംകൃതമായിരിക്കട്ടെ. നന്മകൊണ്ട് തിന്മയെ എതിർക്കുവിൻ.'' എ. ഡി. 315 ഏപ്രിൽ 14-ാം തീയതി വ്യാഴാഴ്ച 93-ാമത്തെ വയസ്സിൽ വിശുദ്ധ മൽക്കെ കാലംചെയ്തു. ഈ വിശുദ്ധന്റെ ഓർമ്മ സുറിയാനിസഭ ഏപ്രിൽ 21-ാം തീയതി ആഘോഷിക്കുന്നു (www.socwus.org).

# ഏകാന്തവാസിയായ വിശുദ്ധ പൌലെ
## (ഏ. ഡി. 234 - 347)

ക്രിസ്തീയ സന്യാസികൾ ആദ്യം ഉണ്ടായത് ഈജിപ്റ്റി ലാണ്. ഇവരിൽ പ്രഥമസ്ഥാനമാണ് പൌലെക്കുള്ളത്. പൌലെ ഏ. ഡി. 234ൽ തേബായിൽ ജനിച്ചു. അതിനാൽ ഇദ്ദേഹം തേബായിലെ പൌലെ (Paul of Thebes or Thebaid) എന്നറി യപ്പെടുന്നു. തേബാ ഈജിപ്റ്റിന്റെ പ്രഥമ തലസ്ഥാന നഗര മായിരുന്നു.

പൌലെയുടെ മാതാപിതാക്കൾ ഉന്നതകുലജാതരായ ക്രിസ്ത്യാനികളായിരുന്നു. അതുകൊണ്ടുതന്നെ പൌലെ യുടെ സമ്പന്നരായ മാതാപിതാക്കൾ അദ്ദേഹത്തിന് നല്ല വി ദ്യാഭ്യാസം നൽകി. അദ്ദേഹം ഗ്രീക്ക്, ലാറ്റിൻ ഭാഷകളിൽ നല്ല പ്രാവിണ്യം നേടി. പൌലെക്ക് 15 വയസ്സുള്ളപ്പോൾ മാതാ പിതാക്കന്മാർ നിദ്രപ്രാപിച്ചു (Aphrem Paulose, 1963).

ഏ. ഡി. 249 - 51 കാലഘട്ടത്തിൽ സീസർ ദോക്കിയസും (Decian) വലേറിയസും (Valerius) ക്രിസ്ത്യാനികൾക്കെതിരായി കഠിന പീഡകൾ ആരംഭിച്ചപ്പോൾ, സഹോദരീ ഭർത്താവ് പൌ ലയെ വധിച്ച് സ്വത്ത് കൈവശപ്പെടുത്താൻ ശ്രമിച്ചതിനാൽ പൌലെ മരുഭൂമിയിലേക്ക് ഓടിപ്പോയി (Cross & Livingstone, 1974). ഏറെ വഴി ദൂരം ചെന്നപ്പോൾ ഒരു ഗുഹ കണ്ടെത്തു കയും അവിടെ താമസിക്കുകയും ചെയ്തു.

ഈന്തപ്പഴങ്ങൾ ഭക്ഷിച്ചും ഗുഹയുടെ സമീപമുള്ള ഉറവ യിൽ നിന്ന് പാനംചെയ്തും ഈന്തപനയോലകൊണ്ടുണ്ടാ ക്കിയ വസ്ത്രങ്ങൾ ധരിച്ചും ജീവിച്ചുവന്നു. 53-ാം വയസ്സിൽ ഒരു മലങ്കാക്ക (raven) ഒരു അപ്പത്തിന്റെ പകുതി കൊണ്ടു

വന്നുകൊടുക്കുന്നതിനാരംഭിച്ചു. ഈ അത്ഭുതകരമായ രീതി പിന്നീടുള്ള അറുപത് സംവത്സരങ്ങൾ തുടരുകയും ചെയ്തു.

ഏ. ഡി. 347ൽ ഒരു ദിവസം അതിരാവിലെ അന്തോണിയോസ് (St. Antony of Egypt, ഏ. ഡി. 251 - 356) ഉറക്കത്തിൽ നിന്നുണർന്ന് തന്റെ വടിയുമെടുത്ത് നൈൽ നദിക്കും ചെങ്കടലിനും മധ്യേയുള്ള മരുഭൂമിയിൽ കൂടി നടന്നു. അവിടെ ഒരു സന്യാസിയുണ്ടെന്നും അദ്ദേഹത്തെ സന്ദർശിക്കണമെന്നും ദൈവം അന്തോണിയോസിന് വെളിപ്പെടുത്തിയിരുന്നു. അതനുസരിച്ച് യാത്രയ്ക്കൊടുവിൽ അദ്ദേഹം ഒരു ഗുഹയും അതിന്റെ വാതിൽക്കൽ വളരെ പ്രായമായ നരച്ച ഒരു വൃദ്ധനെയും കണ്ടു (Aphrem Paulose, 1963).

വി. പൌലെ അന്തോണിയോസിനോടു ചോദിച്ചു: ‘‘മനുഷ്യവർഗ്ഗം ഇപ്പോൾ എന്തൊക്കെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്? രാജാക്കന്മാർ ഉണ്ടോ? പിശാചാരാധനയിലേക്ക് മനുഷ്യരെ അടിമപ്പെടുത്തുന്ന അധികാരികൾ ഇപ്പോഴും ഉണ്ടോ?’’ (Irmanos, 2008). വി. പൌലെക്ക് 113 വയസ്സുള്ളപ്പോഴാണ് അന്തോണിയോസ് അദ്ദേഹത്തെ കാണുന്നത്. അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പകുതി അപ്പംകൊണ്ടു വരാറുണ്ടായിരുന്ന മലങ്കാക്ക ഒരു അപ്പം മുഴുവനായി കൊണ്ടു വന്നു വച്ചിട്ടുപോയി. വി. പൌലെ അന്തോണിയോസിനോട് ഇപ്രകാരം പറഞ്ഞു: ‘‘സഹോദരാ, ദൈവം നമ്മെക്കുറിച്ച് എത്ര മാത്രം കരുതുന്നുണ്ടെന്ന് കണ്ടാലും!’’

ഭക്ഷണം കഴിഞ്ഞ് ഇരുവരും തീക്ഷ്ണമായി പ്രാർത്ഥിച്ചു. പ്രാർത്ഥനാനന്തരം പൌലെ പറഞ്ഞു: ‘‘ഞാൻ താമസിക്കാതെ മരിക്കും. എന്റെ ശവസംസ്ക്കാരത്തിനായി ദൈവം താങ്കളെ അയച്ചതാണ്, അത്താനാസിയോസ് താങ്കളെ ഏല്പിച്ച വസ്ത്രത്തിൽ എന്നെ പൊതിയണം’’ (Cross & Livingstone, 1974).

അന്തോണിയോസ്, അത്താനാസിയോസ് ഏല്പിച്ചിരുന്ന വസ്ത്രം കൊണ്ടുവരുന്നതിനായി മൂന്നുദിവസം വഴിദൂരമുള്ള

ദയറായിലേക്കു പോയി. വസ്ത്രമെടുത്ത് തിരിച്ചു വന്നപ്പോൾ വി. പൌലെ മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നതായി കണ്ടു. അന്തോണിയോസും കുറെ സമയം മൗനമായി പ്രാർത്ഥിച്ചു. എന്നാൽ ഏറെ നേരം കഴിഞ്ഞപ്പോൾ വി. പൌലെ നിദ്രപ്രാപിച്ചുവെന്ന് അന്തോണിയോസ് മനസ്സിലാക്കി (Irmanos, 2008).

വി. പൌലെയുടെ കബറടക്കം എങ്ങനെ നിർവ്വഹിക്കണമെന്ന് അന്തോണിയോസ് ചിന്താഭാരപ്പെട്ടിരിക്കുമ്പോൾ രണ്ട് പെൺ സിംഹങ്ങൾ വന്ന് പൌലെയുടെ കബറടക്കത്തിനുള്ള കുഴി കുഴിച്ചു (Aphrem Paulose, 1963). അന്തോണിയോസ് ദൈവത്തെ മഹത്ത്വപ്പെടുത്തിക്കൊണ്ട് പറഞ്ഞു: ''ഊമജന്തുക്കൾ പോലും ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരെ അറിഞ്ഞ് പ്രവർത്തിക്കുന്നുവല്ലോ?'' അന്തോണിയോസ് ഒന്നാമത്തെ ഏകാന്തവാസിയായ വി. പൌലെയെ ക്രമപ്രകാരം കബറടക്കി.

വി. പൌലെ ജനുവരി 10-ാം തീയതിയാണ് നിദ്രപ്രാപിച്ചത്. ജനുവരി 6-ാം തീയതിയിലെ ദനഹ അഥവാ കർത്താവിന്റെ മാമോദീസാ പെരുന്നാൾ കഴിഞ്ഞുവരുന്ന എട്ടു ദിവസങ്ങളും (octave of the Epiphany) പെരുന്നാൾ ദിനങ്ങളായി അന്ന് ഗണിക്കപ്പെട്ടിരുന്നു. ഈ പെരുന്നാളുകളായി ഇടകലരാതിരിക്കുന്നതിന് വി. പൌലെയുടെ പെരുന്നാൾ അക്കാലം മുതൽ ജനുവരി 15-ാം തീയതി ആചരിച്ചു വരുന്നു. (www.stpaulinthedesert.com). ഈ വിശുദ്ധന്റെ പെരുന്നാൾ ജനുവരി 15-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# ഈജിപ്റ്റിലെ വി. അന്തോണിയോസ്
## (ഏ. ഡി. 251 – 356)

ഈജിപ്റ്റിലെ ഏകാന്തവാസിയായ വി. അന്തോണിയോസിനെ കർത്ത്മീൻ ദയാറായിലെ ദയറാക്കാർക്കും വിശുദ്ധർക്കും തലവൻ എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ഈ വിശുദ്ധന്റെ ജീവചരിത്രം നമുക്ക് ലഭിച്ചത് അലക്സാന്ത്രിയായിലെ മഹാനായ അത്താനാസിയോസിൽനിന്നാണ് (ഏ.ഡി. 295–373). മോർ അത്താനാസിയോസ് വളരെനാൾ അന്തോനിയോസിന്റെ ശുശ്രൂഷകനായിരുന്നിട്ടുണ്ട് (Athanatius of Alexandria, 1932).

വി. അന്തോണിയോസ് ഈജിപ്റ്റിന്റെ (Upper Egypt) തെക്കുഭാഗത്തുള്ള കമാൻ നഗരത്തിൽ ഏ. ഡി. 251 ൽ ജനിച്ചു. കുലീനരും ധനികരുമായ മാതാപിതാക്കൾ ക്രിസ്ത്യാനികളായിരുന്നു. വി. അന്തോണിയോസിന് ഉദ്ദേശം 18 (20?) വയസ്സുള്ളപ്പോൾ മാതാപിതാക്കൾ നിര്യാതരായി. ഒരു ശിശുവായിരുന്ന ഏക സഹോദരിയുടെ സംരക്ഷണചുമതലയും അന്തോണിയോസിനായിരുന്നു. ഏറെ താമസിയാതെ സഹോദരിയെ ഒരു സന്യാസിനി സംഘത്തിൽ ചേർത്തു. തന്റെ സമ്പത്തു മുഴുവനും (300 ഏക്കർ നിലം) വിറ്റ് ദരിദ്രർക്ക് ദാനം ചെയ്തു.

കഠിനമായ തപോനിഷ്ഠകളായിരുന്നു വി. അന്തോണിയോസ് പരിശീലിച്ചിരുന്നത്. ജോലി ചെയ്യുന്നതിന് മനസ്സില്ലാത്തവൻ ഭക്ഷിക്കയുമരുത് (2 തെസ്സ. 3:10) എന്ന ശ്ലീഹായുടെ പഠിപ്പിക്കൽ സ്വന്തജീവിതത്തിൽ പാലിച്ചിരുന്നതിനാൽ കൈകൊണ്ട് അധ്വാനിച്ച് കിട്ടുന്ന പണത്തിൽനി

ന്നും സ്വന്തഭക്ഷണത്തിനുള്ളത് നീക്കിവച്ച് ബാക്കിയുള്ളത് ദരിദ്രർക്കായി ചിലവുചെയ്തു. സൂര്യാസ്തമനത്തിനുശേഷം ദിവസത്തിൽ ഒരിക്കൽമാത്രം ഭക്ഷിച്ചിരുന്നു. ആഹാരം അപ്പം മാത്രമായിരുന്നു. വെള്ളം മാത്രമേ കുടിച്ചിരുന്നുള്ളു. വെറും തറയിൽ കിടന്നുറങ്ങുന്നതായിരുന്നു സാധാരണ ശീലം. ശരീരത്തിൽ എണ്ണ ഉപയോഗിക്കുന്നത് അന്തോണിയോസ് ഉപേക്ഷിച്ചു. വസ്ത്രം, അകത്ത് രോമവും പുറത്ത് തുകലും കൊണ്ടുള്ളവയായിരുന്നു. വി. അന്തോണിയോസിന്റെ താമസസ്ഥലം കല്ലറയും, ഗുഹയും, ഉയർന്ന മലയിലെ കോട്ടയും, വനപ്രദേശങ്ങളുമായിരുന്നു. എന്നിരുന്നാലും, വിശേഷപ്പെട്ട ഭക്ഷണസാധനങ്ങൾ ഉപയോഗിക്കുകയും, നിത്യവും കുളിക്കുകയും ധാരാളം വിശേഷവസ്ത്രങ്ങൾ ധരിക്കുകയും ചെയ്യുന്നവരെക്കാൾ ആരോഗ്യവും ചൈതന്യവും വി. അന്തോണിയോസിനുണ്ടായിരുന്നു. അദ്ദേഹം 105 വയസ്സുവരെ ജീവിച്ചിരുന്നു.

വി. അന്തോണിയോസിന് 35 വയസ്സായപ്പോൾ തപസ്സനുഷ്ഠിച്ചിരുന്നത് ഒരു കല്ലറയിലായിരുന്നു. പല പൈശാചിക പീഡകളും സഹിക്കേണ്ടിവന്നെങ്കിലും അവയെല്ലാം ദൈവാശ്രയത്താൽ അതിജീവിച്ചു. മിശിഹായുടെ സ്നേഹത്തിൽനിന്ന് ആർ എന്നെ വേർപിരിക്കും? ഞെരുക്കമോ? ബന്ധനമോ? പീഡയോ? പട്ടിണിയോ, നഗ്നതയോ? ആപത്തോ? വാളോ? (റോമ. 8:35). ഒരു സൈന്യം എനിക്ക് വിരോധമായി പാളയമടിച്ചാലും എന്റെ ഹൃദയം ഭയപ്പെടുകയില്ല; എന്റെ നേരെ യുദ്ധമുണ്ടായാലും ഞാൻ ധൈര്യമായിരിക്കും (സങ്കീ. 27:3) എന്നീ ദൈവവചനങ്ങൾ വിശുദ്ധൻ പരീക്ഷകളിൽ ഉരുവിട്ടുകൊണ്ടിരുന്നു.

ഒരു മലയിലെ കോട്ടയിൽ വിശുദ്ധൻ ഏകദേശം 20 സംവത്സരങ്ങൾ ഏകാന്ത സന്യാസജീവിതം നയിച്ചു. ഇതുമൂലം മിശിഹായ്ക്കുവേണ്ടിയുള്ള ബലഹീനതകളിലും അപമാനത്തിലും ഞെരുക്കങ്ങളിലും പീഡകളിലും ബന്ധനങ്ങളിലും ഞാൻ ഇഷ്ടപ്പെടുന്നു. എന്തെന്നാൽ എപ്പോഴാണോ ഞാൻ ബലഹീനനായിരിക്കുന്നത് അപ്പോഴാണ് ഞാൻ ശക്തനായി

തീരുന്നത് (2 കൊരി. 12:10) എന്നദ്ദേഹം വിശ്വസിച്ചു. വിശുദ്ധന്റെ മധ്യസ്ഥ പ്രാർത്ഥനയാൽ രോഗസൗഖ്യം, ദുരാത്മാക്കളിൽനിന്നുള്ള മോചനം എന്നിവ സാധ്യമായി.

വിശുദ്ധന് 54 വയസ്സുള്ളപ്പോൾ (ഏ. ഡി. 305) തന്നെ അനുകരിച്ച സന്യാസികളുടെ അപേക്ഷപ്രകാരം അദ്ദേഹം മലയിൽ നിന്ന് ഇറങ്ങിവന്ന് ഫായമിൽ (Fayum) ഒരു ദയറാ ആരംഭിച്ചു. ഇത് ദയറാപ്രസ്ഥാനത്തിന്റെ ഔപചാരിക പ്രാരംഭമായി ക്രൈസ്തവലോകം പരിഗണിക്കുന്നു. പിസ്പർ (Pispir) എന്ന സ്ഥലത്ത് മറ്റൊരു ദയറായും പിന്നീട് ആരംഭിക്കുകയുണ്ടായി (White, 1991).

വിശുദ്ധൻ ഏകാന്തവാസത്തിനിടയിൽ രണ്ടുപ്രാവശ്യം മാത്രമേ മനുഷ്യവാസമുള്ള സ്ഥലത്ത് വന്നിട്ടുള്ളു. ഒന്ന്, അലക്സന്ത്രിയായിലെ മക്സിമാസിന്റെ ക്രൂരപീഡയാൽ (ഏ.ഡി. 313 or 311) വധിക്കപ്പെട്ട സഹദേന്മാരെ ധൈര്യപ്പെടുത്തുന്നതിനും, പീഡ അനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുന്നതിനുമായിരുന്നു. രണ്ട്, അറിയോസുകാർക്കെതിരായ പോരാട്ടത്തിൽ (ഏ.ഡി. 351 or 349) അലക്സന്ത്രിയായിലെ മോർ അത്താനാസിയോസിനെ സഹായിക്കുന്നതിന് വേണ്ടിയായിരുന്നു.

പുണ്യത്തിൽ തന്റെ സമകാലീനന്മാർക്ക് രണ്ടാമതാകാതിരിക്കണമെന്നല്ലാതെ അവരോട് മറ്റ് യാതൊരു മത്സരവും വിശുദ്ധ അന്തോണിയോസിനില്ലായിരുന്നു. എപ്പിസ്കോപ്പന്മാർ കശീശന്മാർ എന്നീ ആചാര്യഗണത്തിൽപ്പെട്ടവരുടെ മുമ്പാകെ തലകുനിക്കുന്നതിന് വിശുദ്ധന് ലജ്ജ തോന്നിയിരുന്നില്ല. ശെമ്മാശന്മാരുണ്ടെങ്കിൽ പ്രാർത്ഥന ആരംഭിക്കുന്നതിന് അവരോട് ആവശ്യപ്പെടുമായിരുന്നു. വിശുദ്ധന്റെ അടുക്കൽ വരുന്ന രോഗികളോട് അദ്ദേഹം ക്ഷമയോടെ സഹിക്കണമെന്നും രോഗശാന്തി നൽകുവാനുള്ള അധികാരം തനിക്കോ മറ്റു മനുഷ്യർക്കോ ഉള്ളതല്ല; ദൈവത്തിൽ നിന്നുള്ളതാകുന്നു എന്ന് പറയുമായിരുന്നു. ദൈവത്തിന് തിരുവിഷ്ടമാകുമ്പോഴും തനിക്കിഷ്ടമുള്ളവർക്കും അത് നൽകുന്നു.

ആയതിനാൽ സൗഖ്യപ്പെടാത്ത രോഗികൾ രോഗശാന്തിക്കു പകരമായി വി. അന്തോണിയോസിന്റെ വചനം സന്തോഷത്തോടെ സ്വീകരിച്ചു. സൗഖ്യമായവർ അന്തോണിയോസിനെ അല്ല ദൈവത്തെമാത്രം മഹത്വപ്പെടുത്തണമെന്ന് വിശുദ്ധൻ പഠിപ്പിച്ചു.

വി. അന്തോണിയോസ് തന്റെ മരണസമയം ദൈവത്തിൽ നിന്നറിഞ്ഞിട്ട് (ഏ. ഡി. 356, 105 വയസ്സ്) തന്നെ അനുകരിച്ചവരെ ഉപദേശിച്ചു. കർത്താവിൽ ശരണപ്പെടുക, കർത്താവിനെ സ്നേഹിക്കുക, ദുർവികാരങ്ങളിൽനിന്നും ലോകമോദങ്ങളിൽനിന്നും അകലുക, നിത്യവും സ്വന്തം പ്രവർത്തികൾ പരിശോധിച്ച് അനുതപിക്കുക, പാപം ചെയ്യാതിരുന്നാൽ പ്രശംസിക്കാതിരിക്കുക, പ്രാർത്ഥന ദൈവം അംഗീകരിച്ചാൽ പ്രശംസയോ, അംഗീകരിക്കാതിരുന്നാൽ പിറുപിറുപ്പോ ഉണ്ടാകാതെ സൂക്ഷിക്കുക. അറിയോസുകാരുമായി ഒരു ബന്ധവും പാടില്ല. അവരുടെ ദുഷ്ടതകൾ എല്ലാവർക്കും അറിവുള്ളതാണ്. ന്യായാധിപന്മാർ അവരെ സംരക്ഷിക്കുന്നതു കണ്ടാൽ ഇളകി പോകരുത്. അവരുടെ ജയം അവസാനിക്കും. അത് നശിച്ചുപോകുവാനുള്ളതത്രെ.

മലയിലുള്ള ദയറായിൽവച്ച് മരിക്കുന്നതിന്, സന്യാസികൾ വിശുദ്ധനെ നിർബന്ധിച്ചെങ്കിലും താനതിന് സമ്മതിച്ചില്ല. രണ്ട് ദയറാക്കാരുമായി സാധാരണ താമസിച്ചിരുന്ന ഉൾവനത്തിലേക്ക് (Mount Kolzim?) തിരികെ പോയി. അവിടെ ചെന്ന് വിശുദ്ധൻ അവർക്ക് നിർദ്ദേശം നൽകി. ഈജിപ്റ്റിലേക്ക് എന്റെ ശരീരം ആരും എടുത്തുകൊണ്ടുപോകാൻ അനുവദിക്കരുത്. അവർ അത് അവരുടെ വീടുകളിൽ സൂക്ഷിച്ചുവച്ചിരിക്കാനിടയുണ്ട്.

സന്യാസികളുടെ പ്രത്യേകിച്ച് വി. സഹദേന്മാരുടെ മൃതശരീരങ്ങൾ അവരെ ബഹുമാനിക്കാനായി കുഴിച്ചിടാതെ മരുന്നുകൾ പുരട്ടി ലിനനിൽ പൊതിഞ്ഞ് ഭവനങ്ങളിൽ സൂക്ഷിച്ചുവയ്ക്കുന്ന പതിവ് പുരാതന ഈജിപ്റ്റുകാർക്കുണ്ടായിരുന്നു. താൻ മരിച്ചാലും തന്റെ ശരീരം ഇപ്രകാരം സൂക്ഷിച്ചു

വച്ചേക്കുമെന്ന് അദ്ദേഹം ഭയപ്പെട്ടു. മാത്രവുമല്ല യേശുക്രിസ്തുവിനെപ്പോലും കബറടക്കിയതിനാൽ തന്നെയും കബറടക്കണമെന്ന് വിശുദ്ധൻ ആഗ്രഹിച്ചു. അവരുടെ തെറ്റായ പതിവ് നിറുത്തലാക്കണമെന്ന് വി. അന്തോണിയോസ് ആഗ്രഹിച്ച് അവരെ ശാസിച്ചിരുന്നു.

നിങ്ങൾ (രണ്ടു ദയറാക്കാർ) എന്റെ ശവസംസ്കാര ശുശ്രൂഷനടത്തിയാൽ മതി. എന്റെ ശരീരം കുഴിച്ചിടണം. എന്നെ കബറടക്കുന്ന സ്ഥലം നിങ്ങളല്ലാതെ മറ്റാരും അറിയരുത്. എന്റെ വസ്ത്രങ്ങളിൽ ഒരു ആട്ടിൻതുകൽ കൊണ്ടുള്ള ഉടുപ്പും ശിരോവസ്ത്രവും (കൂബാത്തോ) ഞാൻ സാധാരണ കിടക്കാൻ ഉപയോഗിച്ചുകൊണ്ടിരുന്ന വിരിയും അലക്സന്ത്രിയായിലെ മോർ അത്താനാസിയോസിന് കൊടുക്കണം. പുതുതായിരുന്നപ്പോൾ അദ്ദേഹം അത് എനിക്ക് തന്നതാണ്. താനുപയോഗിച്ചിരുന്ന വടി (സന്യാസികൾ ഉപയോഗിക്കുന്ന T ആകൃതിയിലുള്ളത്) താൻ സന്യാസവസ്ത്രം ധരിപ്പിച്ച മക്കാറിയോസിനും കൊടുക്കണം. ഇത്രയും പറഞ്ഞ് അവരെ പിടിച്ച് തഴുകിയതിനുശേഷം കാൽ നീട്ടിവച്ച് തന്റെ പിതാക്കന്മാരോടു ചേർന്നു.

ഈ ജീവചരിത്രം എഴുതിയ വി. അന്തോണിയോസിന്റെ ശുശ്രൂഷകനായിരുന്ന അലക്സന്ത്രിയായിലെ മോർ അത്താനാസിയോസ് എഴുതിയിരിക്കുന്നത്, അന്തോണിയോസിനെ ഓർക്കുന്നതുപോലും എനിക്ക് വലിയ സഹായങ്ങൾ ലഭിപ്പാൻ കാരണമാണ് എന്നാണ്. മോർ അന്തോണിയോസിന്റെ ഓർമ്മ ജനുവരി 18-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു. ചില ചരിത്രകാരന്മാർ ജനുവരി 17 എന്നും രേഖപ്പെടുത്തിയിട്ടുണ്ട് (e. g, White, 1991).

വിശുദ്ധ അന്തോണിയോസിന്റെ ഉപദേശങ്ങൾ വിശ്വാസികൾക്ക് പൊതുവെയും സന്യാസി സന്യാസിനികൾക്ക് പ്രത്യേകിച്ചും ആത്മീയ അഭിവൃദ്ധിക്ക് പ്രയോജനകരമാണ്. അവ ചുരുക്കമായി താഴെ രേഖപ്പെടുത്തുന്നു.

1. നാം ആരംഭിച്ചത് വിട്ടുകളയരുത്. കലപ്പയ്ക്ക് കൈവച്ച ശേഷം പിന്നോട്ട് നോക്കുന്നവനാരും ദൈവരാജ്യത്തിന് കൊള്ളാവുന്നവനല്ല (ലൂക്കോ. 9:62). ഞാൻ പിമ്പിലുള്ള വയെ മറന്നിട്ട് മുമ്പിലുള്ളതിനെ ലാക്കാക്കി ഓടുന്നു (ഫിലി. 3:14) തീക്ഷണതയോടുകൂടെ ലക്ഷ്യത്തിലേക്ക് ഓടണം. പ്രയത്നങ്ങളെക്കുറിച്ച് മനസ്സിടിവുണ്ടാകരുത്.

2. നാം ഭക്തിജീവിതത്തിൽ 80 ആണ്ടുകളോ 100 സംവത്സരങ്ങളോ കഴിച്ചാൽ നൂറിനുപകരം അനന്തകാലം (റോമ. 8:18) കർത്താവിനോടുകൂടെ ആയിരിക്കുമെന്ന് ഓർക്കണം.

3. നാം ലോകത്തിൽ അദ്ധ്വാനിക്കുന്നത് ലോകത്തിൽ അവകാശം ലഭിപ്പാനല്ല.

4. നാം മരിക്കുമ്പോൾ നമുക്കിഷ്ടമില്ലാത്തവരായിരിക്കും പലപ്പോഴും നമ്മുടെ സ്വത്ത് അവകാശിക്കുന്നത് (സഭാ. 2:18-23) അങ്ങനെയെങ്കിൽ പുണ്യത്തിനായും സ്വർഗ്ഗരാജ്യം അവകാശമാക്കുവാനും അവയെ ഉപേക്ഷിക്കരുതോ? നമ്മോടുകൂടെ കൊണ്ടുപോകാൻ കഴിയാത്ത ഈ സമ്പാദ്യം കൊണ്ട് എന്ത് പ്രയോജനമുണ്ട്?

5. നാം ഒരു ദിവസം മടിയന്മാരായാൽ മുൻകാലങ്ങളെ കരുതി ദൈവം നമ്മോട് ക്ഷമിക്കയില്ല. തന്നെ നിരസിച്ചതിന് കോപിക്കും (യെഹെ. 3:17-19). യൂദ ഒരു രാത്രികൊണ്ട് അവന്റെ മുൻകാലത്തെ പ്രയത്നത്തെ മുഴുവൻ നശിപ്പിച്ചില്ലയോ?

6. ഉണർന്നെഴുന്നേൽക്കുമ്പോൾ വൈകുന്നേരംവരെ ജീവിക്കയില്ലെന്നും ഉറങ്ങാൻ പോകുമ്പോൾ നാം ഉണരുകയില്ലെന്നും വിചാരിച്ചുകൊള്ളണം. ഉപേക്ഷയെ (അലസതയെ) തടയാൻ നിരന്തരം ഉത്തേജിപ്പിക്കുന്ന ഒരു ചിന്തയാണിത്.

7. ഒരുവന് മറ്റൊരുവന്റെ വിശ്വാസം കണ്ട് ധൈര്യം വർദ്ധിപ്പാനിടയാകണം.

# വിശുദ്ധ അഫ്രാത്ത് സന്യാസി

**(ഏ. ഡി. 280? – 364?)**

അഫ്രാത്ത് ഉദ്ദേശം ഏ. ഡി. 280–ൽ പേർഷ്യയുടെ സിറിയൻ അതിർത്തിയിൽ ജനിച്ചു. ഇദ്ദേഹം സുറിയാനി എഴുത്തുകളിൽ അഫ്രാഹാത്ത് (Aphrahat) എന്നും ലാറ്റിൻ ഗ്രന്ഥങ്ങളിൽ അഫ്രാറ്റസ് (Aphraates) എന്ന പേരിലും അറിയപ്പെടുന്നു. ചരിത്രപുസ്തകങ്ങളിൽ സന്യാസിയായ അന്ത്യോഖ്യക്കാരൻ അഫ്രാറ്റസ് (Hermit Aphraates of Antioch) എന്നാണ് പരാമർശിച്ചിരിക്കുന്നത്. അന്യമതക്കാരനായി ജനിച്ച അഫ്രാത്ത് ക്രിസ്തുമതം സ്വീകരിക്കുകയും സന്യാസിയാകുകയും ചെയ്തു. (Aphrem I, 2000).

അഫ്രാത്ത് സന്യാസി മെത്രാപ്പോലീത്തായായപ്പോൾ യാക്കോബെന്നറിയപ്പെട്ടുവെന്നും, മൂസലിലെ മോർ മത്തായി ദയറായുടെ ചുമതല വഹിച്ചുവെന്നും ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട് (Cayre, 1936; Bihlmeyer & Tuchle, 1958). ഇദ്ദേഹം മാമോദീസാ സ്വീകരിച്ചപ്പോഴോ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടപ്പോഴോ യാക്കോബെന്ന പേരിൽ അറിയപ്പെട്ടു എന്ന അഭിപ്രായമുണ്ട് (Wace & Piercy, 1999). എന്നാൽ അഫ്രാത്ത് സന്യാസി മെത്രാപ്പോലീത്തയായി എന്നതിന് തെളിവുകളില്ലെന്നും അക്കാലത്ത് മൂസലിലെ മോർ മത്തായി ദയറാ സ്ഥാപിക്കപ്പെട്ടിരുന്നില്ലെന്നും പരിശുദ്ധ അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ രേഖപ്പെടുത്തിയിട്ടുണ്ട് (Aphrem I, 2000).

'പേർഷ്യയിലെ ബുദ്ധിമാൻ' എന്നറിയപ്പെട്ട അഫ്രാത്ത് ഭക്തിക്കു പ്രസിദ്ധിയാർജ്ജിച്ച ഉറഹായിലേക്ക് മാറി താമസി

ക്കുകയും ഏ. ഡി. 360ൽ അന്ത്യോഖ്യായിലേക്കു പോയ തായും കരുതുന്നു. അഫ്രാത്ത് സന്യാസി അപ്പമോ, പാകം ചെയ്ത ഭക്ഷണസാധനങ്ങളോ, വസ്ത്രമോ യാതൊന്നും ഒരുത്തരിൽ നിന്നും ആവശ്യപ്പെട്ടിരുന്നില്ല. സൂര്യാസ്തമന ത്തിനുശേഷം അപ്പവും സസ്യങ്ങളും ഉൾപ്പെട്ട ആഹാരമാണ് ഭക്ഷിച്ചിരുന്നത് (Theodoret, 1990). അറിയോസിന്റെ വേദവിപ രീതത്തിനെതിരായി പരസ്യമായി സംസാരിച്ചിരുന്നു. തർക്കി ക്കുന്നവർക്ക് ഉപമകളിലൂടെ മറുപടി നൽകുമായിരുന്നു.

ഒരിക്കൽ വാലൻസ് ചക്രവർത്തിയുടെ ഒരു സേവകൻ അഫ്രാത്തിനെ അപമാനിക്കുകയും, ഭയപ്പെടുത്തുകയും, വധിക്കുന്നതിനു ശ്രമിക്കുകയും ചെയ്തു. ആ സേവകൻ അപമൃത്യു വരിച്ചതിനാൽ ചക്രവർത്തിയും മറ്റുള്ളവരും അഫ്രാത്തിന്റെ ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങി. മറ്റൊ രിക്കൽ കുതിരപന്തയത്തിനുപയോഗിച്ചിരുന്ന ഒരു കുതിരയു ടെ അസുഖം വെള്ളം വാഴ്ത്തിക്കൊടുത്ത് സുഖപ്പെടുത്തി. മറ്റു പല ദൈവികാനുഗ്രഹങ്ങളും അഫ്രാത്ത് സന്യാസിയുടെ മധ്യസ്ഥതയാൽ ലഭിച്ചിട്ടുണ്ട്. ഈ പരിശുദ്ധന്റെ ജീവിതവും അത്ഭുതപ്രവർത്തനങ്ങളും '*സിറിയയിലെ മുത്തുകൾ*' എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട് (Theodoret, 1990).

സാപ്പോർ രണ്ടാമന്റെ കാലഘട്ടത്തിൽ (ഏ. ഡി. 340?–380?) പേർഷ്യയിലെ ക്രിസ്ത്യാനികൾക്ക് ഏറെ പീഡകൾ സഹിക്കേ ണ്ടിവന്നു. എന്നാൽ കുസ്തന്തിനോസ് ചക്രവർത്തി ക്രിസ്ത്യാ നികളെ ഔദ്യോഗികമായി അംഗീകരിച്ചതോടുകൂടി റോമൻ സാമ്രാജ്യത്തിന്റെ പരിരക്ഷ ക്രിസ്ത്യാനികൾക്ക് ലഭിക്കുന്ന തിനിടയായി. ക്രിസ്ത്യാനികളുടെ സുരക്ഷ ഉറപ്പാക്കുന്ന തിനെ സംബന്ധിച്ച് കുസ്തന്തീനോസ് ചക്രവർത്തി സാ പ്പോർ രണ്ടാമന് കത്തയയ്ക്കുകയും ചെയ്തു. പേർഷ്യൻഭാ ഷസംസാരിക്കുന്ന ക്രിസ്ത്യാനികൾ ആരാധനാഭാഷയായി സുറിയാനി ഉപയോഗിച്ചിരുന്നു. ഇത് പേർഷ്യൻ രാജാക്ക ന്മാർക്ക് കൂടുതൽ സംശയങ്ങൾ ഉണ്ടാക്കുന്നതിനിടയാക്കി (O'Leary, 2002).

അഫ്രാത്ത് സന്യാസി സുറിയാനിയിലെഴുതിയ ഇരുപത്തി മൂന്ന് എഴുത്തുകളും പ്രസംഗങ്ങളും എല്ലാ ചരിത്രകാരന്മാരും പരാമർശിക്കുന്നുണ്ട്. അവ വിശ്വാസം, അനുതാപത്തിന്റെ പ്രാർത്ഥനകൾ, ഉപവാസം, ക്രിസ്തുവിന്റെ ദൈവത്വം, ഉയിർത്തെഴുന്നേൽപ്പ് എന്നിവയെ സംബന്ധിച്ചുള്ളവയാണ്. ഇദ്ദേഹത്തിന്റെ എഴുത്തുകളിൽ സന്യാസം, ബ്രഹ്മചര്യം എന്നിവയ്ക്ക് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട് (Cross & Livingstone, 1974). മേൽപറഞ്ഞ എഴുത്തുകളിൽ എല്ലാ കൂദാശകളെ സംബന്ധിച്ചും പരാമർശിക്കുന്നുണ്ട് (Cayre, 1936).

അഫ്രാത്ത് തന്റെ പഠിപ്പിക്കലുകളിൽ യേശുക്രിസ്തു ദൈവപുത്രനാണെന്നും, ക്രിസ്തുവിനാൽ സ്ഥാപിതമായ സഭ പത്രോസാകുന്ന പ്രധാന പുരോഹിതനാൽ മേയ്ക്കപ്പെടുന്നതിന് ആട്ടിൻകൂട്ടത്തിന്റെ ചുമതല ഏൽപ്പിക്കപ്പെട്ടതാകുന്നുവെന്നും ഊന്നി പറഞ്ഞു. ഇദ്ദേഹത്തിന്റെ എഴുത്തുകളിൽ ആദ്യത്തെ പത്തെണ്ണം ഏ. ഡി. 337ലും പിന്നീടുള്ള പന്ത്രണ്ടെണ്ണം ഏ. ഡി. 344ലും അവസാനത്തേത് ഏ. ഡി. 345ലും എഴുതിയവയാണ് (Cross & Livingstone, 1974).

അവസാന കാലഘട്ടത്തിൽ എഴുതിയവയിൽ ഒന്ന് യെഹൂദന്മാരുടെ ശാബത്, പരിഛേദന എന്നിവയ്ക്കെതിരായുള്ളതാണ്. ഏറ്റവും ഒടുവിലായിയെഴുതിയത്, സാപ്പോർ രണ്ടാമന്റെ കാലഘട്ടത്തിലെ പീഡയിൽ ശേഷിക്കുന്ന ചുരുക്കം നീതിമാന്മാർ നിമിത്തം പരിപൂർണ്ണ നാശത്തിൽനിന്നും ജനത്തെ രക്ഷിക്കുന്നതിനെ പരാമർശിച്ചിട്ടുള്ളതാണ്. Frank Gavin എഴുതിയ *Aphraatus and Jews* എന്ന Gorgias Press ന്റെ പ്രസിദ്ധീകരണത്തിൽ അഫ്രാത്ത് സന്യാസിയുടെ ലേഖനങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ട്. ഈ പരിശുദ്ധന്റെ ഓർമ്മപെരുന്നാൾ ഏപ്രിൽ 7-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# നൈട്രിയയിലെ വിശുദ്ധ അമ്മോൻ

**(c. ഏ. ഡി. 288 ? – c. 350)**

നൈട്രിയയിൽ ആദ്യമായി ആശ്രമം സ്ഥാപിച്ച പിതാവാണ് വിശുദ്ധ അമ്മോൻ. ഇപ്പോൾ വാടി നേട്രം എന്നറിയപ്പെടുന്ന നൈട്രിയ അലക്സന്ത്രിയയിൽനിന്നും എഴുപതു മൈൽ തെക്ക്–കിഴക്കായി സ്ഥിതിചെയ്യുന്നു. ഈ പ്രദേശം ഇഴജന്തുക്കളാലും രക്തം വലിച്ചുകുടിക്കുന്ന ഈച്ചകളാലും കാട്ടുചെടികളാലും നിറഞ്ഞുകിടക്കുന്ന ഒരു ചതുപ്പുനിലമാണ്. ഈ സ്ഥലം മരുഭൂമിയേക്കാൾ മോശമായതിലാണ് സന്യാസികൾ ഈ പ്രദേശം തെരഞ്ഞെടുത്തത് (Thurston & Atwater, 1990, Vol. IV).

വിശുദ്ധ അമ്മോന്റെ നിര്യാണത്തിനുശേഷം അൻപതു വർഷം കഴിഞ്ഞ് പലേഡിയസ് നൈട്രിയ സന്ദർശിക്കുകയും ഇപ്രകാരം രേഖപ്പെടുത്തുകയും ചെയ്തു. നൈട്രിയയിലെ മലമുകളിൽ വിവിധ ജീവിതരീതികൾ അവലംബിക്കുന്ന അയ്യായിരത്തോളം ആളുകളുണ്ടായിരുന്നു. അവർ അവരുടെ ശക്തിക്കും ആഗ്രഹത്തിനും അനുസരിച്ചു ഏകനായോ, മറ്റൊരാളോടുകൂടെയോ, സമൂഹമായോ ജീവിച്ചിരുന്നു. അവിടെ അറുനൂറ് താപസന്മാർ ഉണ്ടായിരുന്നു. അവിടെ മലയിൽ ഏഴ് ബേക്കറികളുണ്ടായിരുന്നു. ഈ ബേക്കറികളിൽനിന്നാണ് അവിടെയുള്ള ആളുകൾ അവർക്കാവശ്യമായിരുന്നത് വാങ്ങിയിരുന്നത്.

നൈട്രിയ മലയിൽ ഒരു വലിയ ദൈവാലയവും അതിനോടടുത്ത് മൂന്ന് പനകളും നിന്നിരുന്നു. ആ പനകളിൽ ഓരോന്നിലും ഓരോ ചാട്ടവാർ തൂക്കിയിട്ടിരുന്നു. തെറ്റുചെയ്യുന്ന

ഏകാന്തവാസികളെ ഉദ്ദേശിച്ചായിരുന്നു ഒരെണ്ണം, മറ്റൊന്ന് പിടിച്ചപറിക്കാർ ആ വഴി വന്നെങ്കിൽ അവരെ ഉദ്ദേശിച്ചും മൂന്നാമത്തേത് യാദൃശ്ചികമായി അവിടെ വരുന്നവരെ ഉദ്ദേശിച്ചും ആയിരുന്നു. തെറ്റു ചെയ്യുന്നവർ അടികൊള്ളുന്നതിന് അർഹരാണെന്ന് വിധി കൽപ്പിച്ചാൽ അവരെ പനമരത്തിൽ കെട്ടി നിശ്ചിത എണ്ണം അടികളേൽപ്പിച്ച് അഴിച്ചുവിടുമായിരുന്നു. ഒൻപതാംമണി സമയത്ത് ആളുകൾ താമസിക്കുന്ന ഓരോ സ്ഥലത്തുനിന്നും സങ്കീർത്തനങ്ങൾ ഉരുവിടുന്നത് കേൾക്കാമായിരുന്നു.

അമ്മോന് ഇരുപത്തിരണ്ട് വയസ്സായപ്പോൾ അമ്മോന്റെ ചാർച്ചക്കാർ (അമ്മാവൻ?) അമ്മോൻ വിവാഹിതനാകുന്നതിന് നിർബന്ധിച്ചു. കന്യകാത്വത്തെക്കുറിച്ച് വിശുദ്ധ പൗലോസ് എഴുതിയിരിക്കുന്നതിനെക്കുറിച്ച് അമ്മോൻ പ്രതിശ്രുത വധുവിനെ വായിച്ചു കേൾപ്പിക്കുകയും അവർ വിവാഹസ്പർശമില്ലാതെ ഒന്നിച്ചു ജീവിക്കുന്നതിന് പ്രേരിപ്പിക്കുകയും ചെയ്തു. അതിൻപ്രകാരം അവർ സഹോദരീസഹോദരന്മാരെപോലെ പതിനെട്ടു വർഷം ഒരു ഭവനത്തിൽ ഒന്നിച്ചു താമസിക്കുകയും ചെയ്തു (Smith & Wace, 1877). അമ്മോൻ മരുഭൂമിയിലെ തീവ്രമായ ചര്യകൾ പാലിച്ചുകൊണ്ട് ശരീരത്തെ ഈ വിധ ജീവിതരീതികളിലേക്ക് ഒരുക്കുകയും ചെയ്തു. പകൽ സമയത്ത് നിലംഉഴുത് കൃഷിചെയ്തു കഠിനാദ്ധ്വാനം ചെയ്തു. അമ്മോൻ പച്ചക്കറികളും പഴങ്ങളും ഭക്ഷിക്കുകയും രാത്രിയിൽ ദീർഘസമയം പ്രാർത്ഥനയിൽ ചിലവഴിക്കുകയും ചെയ്തു. പിന്നീട് അമ്മോൻ നൈട്രിയയിൽ തനിയെ താമസിക്കുകയും പ്രതിശ്രുതവധു ധാരാളം സ്ത്രീകളെ അവളുടെ ഭവനത്തിൽ കൂട്ടി വരുത്തുകയും ചെയ്തുവന്നു. അമ്മോൻ ആറു മാസത്തിലൊരിക്കൽ അവരെ സന്ദർശിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവന്നു.

ഉത്തമമായ സന്യാസചര്യകളിലാണ് അമ്മോൻ ജീവിച്ചിരുന്നത്. ആദ്യമൊക്കെ ദിവസവും ഒരു നേരം മാത്രമേ ഭക്ഷണം കഴിച്ചിരുന്നുള്ളൂ. പിന്നീട് രണ്ടും നാലും ദിവസത്തിലൊരിക്കൽ മാത്രമായി ഭക്ഷണം ചുരുക്കി. ഒരിക്കൽ തന്റെ

ശിഷ്യനായ തിയഡോറുമായി ഒരു നദി കടന്നപ്പോൾ ഒരു അത്ഭുതം സംഭവിച്ചു. അവർ നദി കടക്കുന്നതിനായി വന്നപ്പോൾ നദി കരകവിഞ്ഞൊഴുകുകയായിരുന്നു. എന്നാൽ നദി നീന്തികടക്കുന്നതിന് വസ്ത്രമഴിക്കുന്നതിന് നാണിച്ചുനിന്ന അമ്മോൻ നദിക്ക് അക്കരെ നിൽക്കുന്നതായാണ് കണ്ടത്. അമ്മോനെ നദിയ്ക്കക്കരെ കണ്ട തിയോഡോർ അമ്മോൻ എങ്ങനെ അവിടെയെത്തി എന്നാരാഞ്ഞു. അമ്മോൻ ആ അത്ഭുതം തിയഡോറിനോടു പറയുകയും ആരോടും അത് പറയരുതെന്ന് സത്യം ചെയ്യിക്കുകയും ചെയ്തു.

വിശുദ്ധ അമ്മോൻ അറുപത്തിരണ്ടാമത്തെ വയസ്സിൽ കാലം ചെയ്തു. വിശുദ്ധ അമ്മോന്റെ ഓർമ്മ ഏപ്രിൽ 29-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# വിശുദ്ധ പക്കോമിയോസ്

**(ഏ. ഡി. c. 290? – 346?)**

സന്യാസ പ്രസ്ഥാനത്തിന്റെ പ്രാരംഭകരിൽ പ്രധാനിയാണ് പക്കോമിയോസ്. പക്കോമിയോസ് (Pachomius) ഈജിപ്തിലെ തീബേദിൽ അഥവാ തേബായ്ഡിൽ (Thebaid) 290ൽ (292?) ജനിച്ചു. 20–ാം വയസ്സിൽ പട്ടാളത്തിൽ ചേർന്നു (White 1991). അന്നാട്ടിലെ ക്രിസ്ത്യാനികളുടെ പെരുമാറ്റവും സുകൃതനടപടികളും പക്കോമിയോസിനെ വളരെ ആകർഷിച്ചു (Aphrem, 1963). പിന്നീട് സൈന്യത്തെ പിരിച്ചുവിട്ടപ്പോൾ കെനോബോസ്കിയോണിലേക്കു (Khenoboskion) മടങ്ങി ക്രിസ്തുമതത്തിന്റെ പ്രാഥമിക പാഠങ്ങൾ പഠിക്കുന്നതിനായി ഒരു പള്ളിയിൽ ചേർന്നു.

പക്കോമിയോസ് മാമോദീസ ഏറ്റശേഷം പലേമോൻ (Palaemon) എന്ന ഒരു വൃദ്ധസന്യാസിയെ അനുഗമിച്ചു. ആ സന്യാസിസമൂഹത്തിലുള്ളവർ മുളകൊണ്ടോ ഞാങ്ങണകൊണ്ടോ കൊട്ടകളും വട്ടികളും ഉണ്ടാക്കുന്ന ജോലിയിൽ പകൽ മുഴുവനും വ്യാപൃതരായിരുന്നു. രാത്രിയാകുമ്പോൾ സങ്കീർത്തനങ്ങൾ വായിക്കുകയും ജാഗരിക്കുകയും ചെയ്തുവന്നു. ആഴ്ചയിലൊരിക്കൽ ഉണ്ടാക്കുന്ന സാധനങ്ങൾ വിറ്റുകിട്ടുന്ന പണം കൊണ്ട് അപ്പം വാങ്ങുകയും ബാക്കി തുക ദരിദ്രർക്ക് വീതിച്ചു കൊടുക്കുകയും ചെയ്യുമായിരുന്നു.

ഒരിക്കൽ നൈൽ നദിക്കരയിൽക്കൂടി നടന്നുപോകുമ്പോൾ പക്കോമിയോസ് ഒരു ശബ്ദം കേട്ടു. ആ അരുളപ്പാട് അവിടെ ഒരു ദയറ (സന്യാസാശ്രമം) ആരംഭിക്കണമെന്ന് ആവശ്യപ്പെടുന്നതായിരുന്നു. മാലാഖയുടെ നിർദ്ദേശപ്രകാരം

ഏ. ഡി. 318ൽ (Hoever, 1989) പക്കോമിയോസും പലേമോനും അവിടെ ഒരു ആശ്രമമുണ്ടാക്കി താമസം ആരംഭിച്ചു. പലേമോൻ പിന്നീട് ഏകാന്തവാസിയായി അവിടം വിട്ടുപോയി.

മാലാഖ കൊടുത്ത (ഓട്ടുതകിട്) നിർദ്ദേശപ്രകാരം പക്കോമിയോസ് സന്യാസജീവിതത്തിന് നിയമങ്ങൾ ക്രോഡീകരിച്ചു (Chediath, 1993). പ്രാർത്ഥനയ്ക്കും കൈത്തൊഴിലിനും പക്കോമിയോസ് പ്രത്യേകം സമയം ക്രമീകരിച്ചു. സന്യാസികൾ ശിരോവസ്ത്രം (കുബാത്തൊ) ധരിച്ചിരിക്കണമെന്നും മൗനവും ശാന്തതയും എല്ലാവരുടെയും പൊതുസ്വഭാവഗുണമായി അനുശാസിക്കുകയും ചെയ്തിരുന്നു (Aphrem, 1963).

പക്കോമിയോസിന്റെ സന്യാസസമൂഹത്തിൽ ചേർന്ന ആദ്യത്തെ അനുയായി അദ്ദേഹത്തിന്റെ തന്നെ സഹോദരനായ യോഹന്നാനാണ് (Aphrem, 1963; White, 1991). പിന്നീട് നൂറുകണക്കിനാളുകൾ പക്കോമിയോസിന്റെ ദയറായിൽ ചേർന്നു. തീബേദിൽ പക്കോമിയോസ് ആറ് ദയറാകൾ കൂടി ആരംഭിച്ചു. ഏ. ഡി. 336 മുതൽ അദ്ദേഹം പ്രധാനമായും പാമ്പോ (Pabau) എന്ന സ്ഥലത്തു താമസിച്ചു (White, 1991).

പക്കോമിയോസ് ദരിദ്രരായ ആട്ടിടയന്മാർക്കുവേണ്ടി ഒരു പള്ളി പണികഴിപ്പിച്ചു. എന്നാൽ പൗരോഹിത്യം സ്വീകരിക്കുന്നതിന് സന്യാസസമൂഹത്തിൽപ്പെട്ട ആരെയും അനുവദിച്ചില്ല. അറിയോസിന്റെ (Arius) വേദവിപരീതത്തെ എതിർത്തിരുന്നതിനാൽ ഏ. ഡി. 333ൽ വിശുദ്ധ അത്താനാസിയോസ് പക്കോമിയോസിനെ സന്ദർശിച്ചിരുന്നു (White, 1991).

ഒരിക്കൽ പക്കോമിയോസിന്റെ പ്രിയപ്പെട്ട ശിഷ്യനായ തേവോദോറോസ് രോഗബാധിതനായപ്പോൾ മറ്റു ദയറാക്കാർ വന്ന് പക്കോമിയോസിനെ വിവരം അറിയിക്കുകയും രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അപ്പോൾ അദ്ദേഹം മറുപടിയായി പറഞ്ഞു: 'ഞാൻ പ്രർത്ഥിക്കുന്നുണ്ട് പക്ഷേ, വേദനയോ പ്രയാസമോ

വരുമ്പോൾ അത് സഹിഷ്ണുതയോടെ സഹിക്കുന്നതാണ് കൂടുതൽ യോഗ്യമായിട്ടുള്ളത്' (Aphrem, 1963).

ഭാവികാര്യങ്ങൾ ഗ്രഹിക്കുന്നതിനും രോഗശാന്തിവരവും ഉണ്ടായിരുന്ന ഈ വിശുദ്ധൻ നൈൽ നദിയുടെ മറുകരയിൽ സ്വന്തം സഹോദരി മറിയയ്ക്കുവേണ്ടി ഒരു കന്യാസ്ത്രീ മഠം സ്ഥാപിച്ചു (White, 1991; Chediath, 1993). വി. ബസേലിയോസിന്റെ ദയറാവാസികളുടെ നിയമത്തിനടിസ്ഥാനം പക്കോമിയോസ് ക്രോഡീകരിച്ച നിയമങ്ങളാണ് (Hoever, 1989).

ഏ. ഡി. 348ൽ ഈജിപ്തിൽ ഒരു ബാധയുണ്ടാകുകയും (പകർച്ചവ്യാധി) അനേകം ദയറാക്കാർ മരിക്കുകയും ചെയ്തു. ഈ പകർച്ചവ്യാധി പിടിപെട്ട് പക്കോമിയോസ് നിര്യാതനാകുകയും ചെയ്തു (Aphrem, 1963). ഏ. ഡി. 346ൽ നിര്യാതനായി എന്നു മറ്റു ചില സംശോധിത ഗ്രന്ഥങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട് (e.g., Hoever, 1989). മരിക്കുന്നതിനു മുമ്പായി എല്ലാ ദയറാക്കാരെയും കൂട്ടി വരുത്തുകയും ദയറാക്കാരുടെ നിയമങ്ങളും പ്രത്യേകിച്ച് അനുസരണവ്യതവും അവരെ ഉൽബോധിപ്പിക്കുകയും ചെയ്തു. ഈ വിശുദ്ധ സന്യാസിയുടെ ഓർമ്മ മെയ് 9-ാം തീയതി സഭ ആഘോഷിക്കുന്നു.

# സന്യാസിയായ വിശുദ്ധ ഹിലാരിയോൺ
## (എ. ഡി. 291? - 371)

ഗാസയുടെ തെക്കുവശത്തായി സ്ഥിതിചെയ്യുന്ന തബതാ എന്ന ഗ്രാമത്തിലാണ് ഹിലാരിയോൺ ജനിച്ചത്. വിദ്യാഭ്യാസത്തിനായി മാതാപിതാക്കൾ ഹിലാരിയോണിനെ അലക്സന്ത്രിയായിലേക്ക് അയച്ചു. അവിടെവച്ച് ഹിലാരിയോൺ ക്രിസ്തീയ വിശ്വാസത്തെ സംബന്ധിച്ച് മനസ്സിലാക്കുകയും പതിനഞ്ചു വയസ്സുള്ളപ്പോൾ സ്നാനമേൽക്കുകയും ചെയ്തു (Thurston & Attwater, 1990; Walsh, 1985).

ഹിലാരിയോൺ ഈജിപ്റ്റിലെ വിശുദ്ധ ആന്റണിയെ (എ. ഡി. 251–356) സന്ദർശിക്കുകയും രണ്ടു മാസത്തോളം അദ്ദേഹത്തോടുകൂടെ താമസിക്കുകയും ചെയ്തു. അതിനുശേഷം ഉദ്ദേശം എ. ഡി. 306/7ൽ ഹിലാരിയോൺ ഈജിപ്റ്റിലേക്കുള്ള വഴിയിൽ മജുമ്മയിൽനിന്ന് ഏഴു മൈൽ ദൂരെയുള്ള മരുഭൂമിയിൽ താമസമാക്കുകയും ചെയ്തു (Attwater & John, 1996; Farmer, 1997). അദ്ദേഹത്തിന്റെ വസ്ത്രം ചാക്കുകൊണ്ടുള്ള (ചണം കൊണ്ടുള്ള) ഒരു ഷർട്ടും, വിശുദ്ധ ആന്റണി ഹിലാരിയോണിനു കൊടുത്ത തുകൽകൊണ്ടുള്ള ഒരു നീളൻ കുപ്പായവും, ഒരു (സാധാരണ) ചെറിയ പുതപ്പും ആയിരുന്നു. ഒരു ദിവസത്തെ അദ്ദേഹത്തിന്റെ ഭക്ഷണം പതിനഞ്ചു അത്തിപ്പഴമായിരുന്നു. അത് സൂര്യാസ്തമനം വരെ അദ്ദേഹം ഭക്ഷിക്കുകയില്ലായിരുന്നു (Smith & Wace, 1882). ഈജിപ്റ്റിലെ സന്യാസിമാരെ അനുകരിച്ച് അദ്ദേഹം നിലം ഉഴുകയും, കുട്ടകൾ ഉണ്ടാക്കുകയും അങ്ങനെ ജീവിതത്തിനുള്ള അത്യാവശ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുമായിരുന്നു. ഈ രീതിയിൽ ഇരുപത് സംവത്സരം ഹിലാരിയോൺ വിജനപ്രദേശത്ത് ചെലവഴിച്ചു.

ആദ്യവർഷങ്ങളിൽ പുല്ലും ഈറ്റകൊണ്ടും നിർമ്മിച്ച കുടിലിലാണ് താമസിച്ചിരുന്നത്. പിന്നീട് അഞ്ചടി ഉയരവും നാലടി വിസ്താരവുമുള്ള ചെറിയ ഒരു അറയുണ്ടാക്കുകയും അതിൽ താമസിക്കുകയും ചെയ്തു. അത് ഒരു വീടുപോലെ യല്ല, ഒരു കല്ലറയ്ക്ക് സമാനമായിരുന്നു. ഹിലാരിയോണിന് അറുപത്തിയഞ്ച് വയസ്സുള്ളപ്പോൾ (ഏ. ഡി. 356ൽ) വിശുദ്ധ ആന്റണിയുടെ മരണത്തെക്കുറിച്ച് ഒരു വെളിപാടുണ്ടായി. അതനുസരിച്ച് വിശുദ്ധ ആന്റണിയുടെ മലയിലേക്ക് യാത്ര ചെയ്തു. സന്ദർശകരെ ഒഴിവാക്കുന്നതിനായി ആന്റണി പലപ്പോഴും താമസിച്ചിരുന്ന രണ്ട് അറകൾ ഹിലാരിയോൺ കണ്ടെത്തി. വിശുദ്ധ ആന്റണിയുടെ രണ്ടു ശിഷ്യന്മാരും ഹിലാരിയോണും ആന്റണിയെ കബറടക്കിയിരുന്ന സ്ഥലം കാണുന്നതിനാഗ്രഹിച്ചു. എന്നാൽ ആന്റണിയുടെ ശവകുടീരം ആർക്കും കാണിച്ചുകൊടുക്കരുതെന്ന് ആന്റണി കർശനമായി പറഞ്ഞിട്ടുണ്ടെന്ന് ആന്റണിയുടെ ശിഷ്യന്മാർ പറഞ്ഞു. ഹിലാരിയോൺ അഫ്രോഡിറ്റൊപോലീസിനിലേക്ക് മടങ്ങുകയും അവിടെ നിശബ്ദതയിലും ഇന്ദ്രിയജയത്തിലും നാളുകൾ ചെലവഴിക്കുകയും ചെയ്തു (Thurston & Attwater, 1990). വിശുദ്ധ ആന്റണിയുടെ മരണശേഷം മൂന്നു സംവത്സരമായി അവിടെ മഴ പെയ്തിരുന്നില്ല. അവിടെയുള്ള ആളുകൾ ഹിലാരിയോണിനെ വിശുദ്ധ ആന്റണിയുടെ പിൻഗാമിയായി കരുതുകയും മഴയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന് അദ്ദേഹത്തോട് ആവശ്യപ്പെടുകയും ചെയ്തു. ഹിലാരിയോൺ സ്വർഗ്ഗത്തിലേക്ക് നോക്കി തന്റെ കൈകൾ ഉയർത്തി പ്രാർത്ഥിക്കുകയും ഉടനെ തന്നെ ശക്തിയായ ഒരു മഴ പെയ്യുകയും ചെയ്തു.

ഹിലാരിയോണിന്റെ മധ്യസ്ഥതയാൽ നിരവധി അത്ഭുതങ്ങൾ നടന്നിട്ടുണ്ട്. മക്കളില്ലാതിരുന്ന എലുത്രോപോലീസിലെ ഒരു സ്ത്രീക്ക് ഹിലാരിയോണിന്റെ മധ്യസ്ഥതയാൽ ഒരു മകനുണ്ടായി. ഹിലാരിയോൺ പ്രാർത്ഥിച്ച എണ്ണ പുരട്ടി പാമ്പുകടിയേറ്റവരും മറ്റു വിഷകീടങ്ങൾ കുത്തിയവരുമായ പണിക്കാരും ആട്ടിടയരും സൗഖ്യം പ്രാപിച്ചതിനാൽ ഹി

ലാരിയോൺ ആ ദേശത്ത് വളരെ പൊതുസമ്മതിയുള്ളയാളായിരുന്നു. ശിഷ്യനായ ഹെസിക്കിയസിനോടുകൂടെ ഹിലാരിയോൺ സിസിലിയിലേക്കും പിന്നീട് ഡാൽമേഷ്യൻ തീരത്തുള്ള എപ്പിഡോറസിലേക്കും പോകുകയുണ്ടായി. ഒടുവിൽ ഏകാന്തജീവിതം നയിക്കുന്നതിനായി ഹിലാരിയോൺ സൈപ്രസിലേക്കു പോകുകയും പാഫോസിൽനിന്ന് രണ്ടു മൈൽ അകലെയുള്ള ഒരു സ്ഥലത്ത് താമസിക്കുകയും ചെയ്തു. സലാമിസിലെ മെത്രാപ്പോലീത്തയായിരുന്ന വിശുദ്ധ എപ്പിഫാനിയസ് (c. ഏ. ഡി. 315–402) ഹിലാരിയോണിന്റെ അവസാനനാളുകളിൽ അദ്ദേഹത്തെ സന്ദർശിക്കുകയുണ്ടായി. ഹിലാരിയോൺ തന്റെ എൺപതാം വയസ്സിൽ കാലംചെയ്യുകയും പാഫോസിനടുത്ത് കബറടക്കപ്പെടുകയും ചെയ്തു. പിന്നീട് അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ മജുമ്മയിലേക്ക് കൊണ്ടുപോയി. ഹിലാരിയോൺ ഗാസയിലെ ഹിലാരിയോൺ (St. Hilarion of Gaza) എന്നും അറിയപ്പെടുന്നു. ഹിലാരിയോണിന്റെ ഓർമ്മ ഒക്ടോബർ 21-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# വിശുദ്ധ അബ്രഹാം കിദുനായ്

**(c. ഏ. ഡി. 296 – c. 366)**

മെസപ്പൊട്ടോമിയയിലെ എഡേസ്സായ്ക്കടുത്ത് ഉദ്ദേശം ഏ. ഡി. 296ൽ ഒരു സമ്പന്ന കുടുംബത്തിലാണ് അബ്രഹാം കിദുനായ് ജനിച്ചത്. വിവാഹിതനാകുവാനുള്ള മാതാപിതാക്കന്മാരുടെ ആഗ്രഹത്തിന് വിരുദ്ധമായി അബ്രഹാം ഓടിപോകുകയും ഒരു സന്യാസിയാകുകയും ചെയ്തു. മാതാപിതാക്കന്മാർ നിര്യാതരായപ്പോൾ അബ്രഹാം ആർജ്ജിച്ച സ്വത്തു മുഴുവനും ദരിദ്രർക്കായി ഭാഗിച്ചുകൊടുക്കുന്നതിന് അബ്രഹാം തന്റെ സുഹൃത്തുക്കളിൽ ഒരാളെ ചുമതലപ്പെടുത്തി.

അബ്രഹാമിന് ഒരു പുതപ്പും, ഒരു ആട്ടിൻതോൽ കൊണ്ടുള്ള വസ്ത്രവും, ഭക്ഷണത്തിനും കുടിക്കുന്നതിനുമായി ഒരു പാത്രവും ഉറങ്ങുന്നതിന് ഒരു പുൽപ്പായും ഉണ്ടായിരുന്നു (Thurston & Attwater, 1990; Farmer, 1997). ഭക്ഷണം സ്വീകരിക്കുന്നതിനുള്ള ഒരു ദ്വാരം മാത്രമുള്ള ഒരു ഇടുങ്ങിയ മുറിയിലാണ് അബ്രഹാം ജീവിച്ചിരുന്നത്. തന്റെ ഓരോ ദിവസവും തന്റെ അവസാന ദിവസം എന്ന് അബ്രഹാം കരുതിയിരുന്നു.

അബ്രഹാം താമസിച്ചിരുന്ന മുറിയിൽനിന്ന് ഏറെ ദൂരെയല്ലാതെ ബെത് കിദുന എന്നു വിളിക്കപ്പെട്ടിരുന്ന ഒരു പട്ടണമുണ്ടായിരുന്നു. അവിടുത്തെ പൗരന്മാരെല്ലാം വിഗ്രഹാരാധനക്കാരായിരുന്നു. അവരെ സുവിശേഷം അറിയിക്കുന്നതിനുള്ള എല്ലാ പ്രയത്നങ്ങളെയും അവർ അക്രമങ്ങളോടുകൂടെ എതിർത്തു. എഡേസ്സായിലെ (ഉറഹായിലെ) മെ

ത്രാപ്പോലീത്തായ്ക്കു ഇതു ഒരു ദുഃഖകാരണമായിരുന്നു. എഡേസ്സായിലെ മെത്രാപ്പോലീത്ത അബ്രഹാമിനോട് (അദ്ദേഹത്തിന്റെ ആഗ്രഹത്തിനെതിരായി) തന്റെ സന്യാസരീതി വിട്ട് ബെത്ത് കിദുനയിലെ ആളുകളോട് സുവിശേഷം അറിയിക്കുന്നതിനായി അയയ്ക്കുകയും അദ്ദേഹത്തെ വൈദികനാക്കുകയും ചെയ്തു. അബ്രഹാം പട്ടണത്തിൽ ഒരു ദൈവാലയം പണികഴിപ്പിക്കുകയും അവിടെ സുവിശേഷം പ്രഘോഷിക്കുകയും ചെയ്തുവെങ്കിലും ആ പട്ടണവാസികൾ സുവിശേഷം ശ്രവിക്കുന്നതിന് സന്നദ്ധരായില്ല. അതിനാൽ അദ്ദേഹം രാത്രിയിൽ മടങ്ങിപ്പോരുകയും വീണ്ടും അടുത്ത ദിവസം രാവിലെ ബെത്ത് കിദുനായിലേക്ക് പോകുകയും ചെയ്തുവന്നു. അവർ അബ്രഹാമിനെ കല്ലെറിയുകയും അർദ്ധപ്രാണനായി ഉപേക്ഷിക്കുകയും ചെയ്തു. ബോധം വീണ്ടുകിട്ടിയശേഷം അബ്രഹാം വീണ്ടും തിരികെ വരികയും അവരുടെ നിരന്തരമായ പ്രകോപനങ്ങളും, അവഹേളനങ്ങളും, വടിയും കല്ലുകളും ഉപയോഗിച്ചുള്ള ആക്രമണങ്ങളും അവഗണിച്ച് മൂന്ന് സംവത്സരം സുവിശേഷവേല നടത്തിയെങ്കിലും പ്രത്യക്ഷമായ യാതൊരു പ്രയോജനവുമുണ്ടായില്ല.

പെട്ടെന്ന് ഒരു സുപ്രഭാതത്തിൽ, അബ്രഹാമിന്റെ സഹനം അദ്ദേഹത്തിന്റെ വിശുദ്ധിയെ അവർക്കു ബോധ്യപ്പെടുത്തുകയും അവർ അദ്ദേഹത്തിന്റെ സന്ദേശം ശ്രദ്ധിക്കുകയും മാമോദീസാ സ്വീകരിക്കുകയും ചെയ്തു. അടുത്ത ഒരു വർഷം കൂടി അബ്രഹാം അവരെ വിശ്വാസസത്യങ്ങളും ക്രിസ്തീയ നീതി, ദാനധർമ്മങ്ങൾ എന്നിവയെക്കുറിച്ച് പഠിപ്പിക്കുകയും പിന്നീട് തന്റെ സന്യാസചര്യ അനുഷ്ഠിച്ചിരുന്ന സ്ഥാനത്തേക്ക് മടങ്ങിപ്പോകുകയും ചെയ്തു. അബ്രഹാമിന്റെ കിദുനയിലെ പ്രവർത്തനങ്ങളുടെ വിജയമാണ് അദ്ദേഹം അബ്രഹാം കിദുനായ് എന്നറിയപ്പെടുന്നതിന് കാരണമായത്.

അബ്രഹാം അൻപതു സംവത്സരം സന്യാസിയായി ജീവിക്കുകയും എഴുപതാമത്തെ വയസ്സിൽ കാലംചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ ഒടുവിലത്തെ രോഗാവസ്ഥ

അറിഞ്ഞ പട്ടണത്തിലെ ജനം മുഴുവനും അദ്ദേഹത്തിന്റെ അനുഗ്രഹത്തിനായി തടിച്ചുകൂടി. അദ്ദേഹം കാലംചെയ്ത ശേഷം അദ്ദേഹത്തിന്റെ വസ്ത്രത്തിന്റെ ഒരംശം കിട്ടുന്നതിനായി ഓരോരുത്തരും ആഗ്രഹിച്ചു. അബ്രഹാം കിദുനായുടെ ഓർമ്മ ഒക്ടോബർ 24-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# പേർഷ്യയിലെ വിശുദ്ധ ദീമേത്ത്

**(എ. ഡി.? - 362?)**

ദീമേത്ത് എന്ന പേരിൽ രണ്ടു വിശുദ്ധന്മാർ ഉള്ളതിനാൽ ദീമേത്തിന്റെ ജീവചരിത്രത്തെ സംബന്ധിച്ച് ചില ആശയക്കുഴപ്പങ്ങളുണ്ട്. രണ്ടു വിശുദ്ധന്മാരുടെയും ഓർമ്മ ആചരിക്കുന്ന സെപ്തംബർ 24 ഉൾപ്പെടെ പല വിശദാംശങ്ങളും സമാനതയുള്ളതാണ്. ആയതിനാൽ കൂടുതൽ അന്വേഷണങ്ങൾ നടത്തിയാൽ മാത്രമേ രണ്ടുപേരേയും തിരിച്ചറിയുവാൻ കഴിയുകയുള്ളു. ലഭ്യമായ വിവരങ്ങളനുസരിച്ച് ഒരു വിശുദ്ധൻ ഏ. ഡി. 362ലും മറ്റൊരു വിശുദ്ധൻ ഏ. ഡി. 408ലും കാലം ചെയ്തതായി കരുതപ്പെടുന്നു (http://syrorthodoxchurch.com/english-Dateien/st_dimet.html ).

ദീമേത്ത് ക്രിസ്തുമതം സ്വീകരിച്ച ഒരു പേർഷ്യക്കാരനാണ്. അദ്ദേഹം മെസപ്പൊട്ടോമിയയിലെ നിസിബിസിൽ സന്യാസിയായി ജീവിച്ചു. ദീമേത്ത് ശെമ്മാശനാകുകയും ഒരു ഗുഹയിൽ ജീവിക്കുകയും സമീപപ്രദേശത്തെ അനേകം വിഗ്രഹാരാധനക്കാരെ ക്രിസ്തുവിങ്കലേക്ക് കൊണ്ടുവരികയും ചെയ്തു (Thurston & Attwater, 1990, Vol. III). ധാരാളം ആളുകൾ അദ്ദേഹത്തിന്റെ വചനങ്ങൾ കേൾക്കുന്നതിനും അനുഗ്രഹങ്ങളും സൗഖ്യം പ്രാപിക്കുന്നതിനുമായി കൂട്ടം കൂടിയിരുന്നു. ചക്രവർത്തിയായിരുന്ന ജൂലിയാന്റെ ജീവിതരീതിയെ കുറിച്ച് ദീമേത്ത് ശകാരിച്ചിരുന്നതിനാൽ ചക്രവർത്തി ദീമേത്തിന്റെ ജനസമ്മതിയെക്കുറിച്ച് ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. ദീമേത്ത് പറഞ്ഞു: ''ഈ പാവപ്പെട്ട നിരുപദ്രവകാരികളായ ജനം എന്നെ വന്നു കാണാൻ ആഗ്രഹിക്കുന്നെങ്കിൽ എനിക്ക് അവരെ തിരിച്ചയ്ക്കാൻ കഴിയുക

യില്ല.'' കോപിഷ്ഠനായ ജൂലിയാൻ ദീമേത്തിനെ കല്ലെറിഞ്ഞ് കൊല്ലിച്ചു (Thurston & Attwater, 1990, Vol. III, p. 275). വിശുദ്ധ ദീമേത്തിന്റെ ഓർമ്മ സെപ്തംബർ 24-ാംതീയതി സുറിയാനിസഭ ആചരിക്കുന്നു.[1]

ഒരു സ്ത്രീ അവളുടെ രോഗം വിശുദ്ധ ദീമേത്തിന്റെ മധ്യസ്ഥതയാൽ സൗഖ്യമായതിനാൽ ദീമേത്തിന്റെ തിരുശേഷിപ്പുകൾ ആമീദിലെ മെത്രാപ്പോലീത്തയായിരുന്ന തിയൊഡോറിന്റെ അധീനതയിലേക്കു കൊണ്ടുവന്നു. പിന്നീട് തിയൊഡോറിന്റെ ശിഷ്യനായിരുന്ന ജോസഫ് ദീമേത്തിന്റെ തിരുശേഷിപ്പുകൾക്കു മുകളിൽ സുപ്രസിദ്ധമായ ഒരു വലിയ സന്യാസ ആശ്രമം പണിതു (http://syrorthodoxchurch.com/englishDateien/st_dimet.html; http://syrorthodoxchurch.com/englishDateien/st_dimet.html).

---

1 *കുറിപ്പ്: മറ്റൊരു വിവരണമനുസരിച്ച് ദീമേത്ത് മധ്യപൂർവ്വ ദേശത്ത് വാലൻസ് ചക്രവർത്തിയെ (ഏ. ഡി. 364-378) സേവിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു. ഇദ്ദേഹം അറിയോസിന്റെ അനുയായി ആയിരുന്നുവെങ്കിലും നാഥനെ കോപിപ്പിച്ചു എന്നു ദൈവകൃപയാൽ തിരിച്ചറിയുവാനിടയായി. തുടർന്ന്, സൈപ്രസിലേക്ക് (ടർക്കിയിലെ ക്യൂലിത്ത് ഗ്രാമത്തിലേക്ക് ?) പോകാൻ അനുവദിക്കണമെന്ന് ചക്രവർത്തിയോട് ആവശ്യപ്പെട്ടു. അതിനുശേഷം ഷാബായ് ദീമേത്തിനെ മാമോദീസാ മുക്കി. ദീമേത്ത് അവിടെ ഏ. ഡി. 378 മുതൽ ഏ. ഡി. 408 വരെ ജീവിച്ചു. ഏ. ഡി. 408 സെപ്തംബർ 24-ാം തീയതി നിര്യാതനായി.*

# ഈജിപ്റ്റിലെ വിശുദ്ധ മക്കാറിയോസ്
## (c. ഏ. ഡി. 300 - 390)

മക്കാറിയോസ് ഉത്തര ഈജിപ്റ്റിലെ കീമെത്ത് (Kemet) ഗ്രാമത്തിൽ ഉദ്ദേശം ഏ. ഡി. 300ൽ ജനിച്ചു. ഇദ്ദേഹം മഹാനായ മക്കാറിയോസ് എന്നും (Macarius, the Great) ഈജിപ്റ്റുകാരനായ മക്കാറിയോസ് എന്നും (Macarius, the Egyptian) അഗ്രജനായ മക്കാറിയോസ് (Macarius, the Elder) എന്നും അറിയപ്പെടുന്നു (*Britannica*, 1988, Vol. 7; Chediath, 2006).

മഹാനായ മക്കാറിയോസിനെക്കുറിച്ച് അറിയുവാൻ കഴിയുന്നത് റൂഫിനസിന്റെയും (*Rufinus's Translation of the Historica Monachorum*) പലേഡിയസിന്റെയും (*Lusaic History*) ചരിത്രഗ്രന്ഥങ്ങളിൽ നിന്നാണ് (Cross & Livingstone, 1974).

മക്കാറിയോസ് തന്നെ മാനഭംഗപ്പെടുത്തിയെന്ന് ഒരിക്കൽ ഒരു ദുഷ്ടസ്ത്രീ ആവലാതിപ്പെടുകയും ജനങ്ങൾ അദ്ദേഹത്തെ തെരുവീഥിയിലൂടെ വലിച്ചിഴയ്ക്കുകയും ചെയ്തു (Moothedan, 2001). പ്രസവകാലമായപ്പോൾ യഥാർത്ഥ കുറ്റക്കാരന്റെ പേരു വെളിപ്പെടുത്താതെ ശിശു ജനിക്കുകയില്ലെന്ന് ദൈവം ആ സ്ത്രീക്ക് വെളിപാടു നൽകി. ഇതേ തുടർന്ന് ആ സ്ത്രീ കുറ്റവാളിയുടെ പേര് പറയുകയും ജനങ്ങൾ മക്കാറിയോസിനെ വാനോളം പുകഴ്ത്തുകയും ചെയ്തു.

ഏതാണ്ട് 30 വയസ്സ് പ്രായമായപ്പോൾ മക്കാറിയോസ് സ്കീറ്റിലെ (Scete or Skete, Wadi-el-Natrum) മരുഭൂമിയിലേക്ക് മാറി താമസിച്ചു. ഏ. ഡി. 340ൽ പുരോഹിതനായി വാഴിക്കപ്പെട്ടു (Cayre, 1935; *Britannica*, 1988). പ്രവചനവരവും

രോഗസൗഖ്യവരവും ഇദ്ദേഹത്തിനുണ്ടായിരുന്നു. ഇദ്ദേഹം സന്യാസപ്രസ്ഥാനത്തിന്റെ പാത്രിയർക്കീസെന്നറിയപ്പെട്ടു. ഈജിപ്റ്റിലെ അന്തോണിയോസിനെപ്പോലെ വിഖ്യാത നാണ് മക്കാറിയോസ്. മക്കാറിയോസ് അന്തോണിയോസിനെ പല തവണ സന്ദർശിച്ചിട്ടുണ്ട് (Cayre 1935; *Britannica*, 1988). ദക്ഷിണ ഈജിപ്റ്റിലെ സന്യാസികൾക്കിടയിൽ മക്കാറിയോ സിനെക്കുറിച്ച് വലിയ മതിപ്പുണ്ടായിരുന്നു. ഏതാണ്ട് 60 വർഷ ത്തോളം ഒരു സന്യാസിയെന്ന നിലയിൽ ജീവിച്ചു.

അറിയോസിന്റെ വേദവിപരീതത്തിനെതിരായി പ്രവർത്തി ച്ചതിനാൽ ഏ. ഡി. 374ൽ അലക്സന്ത്രിയായിലെ ലുസിയസ് (Bishop Lucius of Alexandria) മെത്രാപ്പോലീത്ത മക്കാറിയോ സിനെ നൈൽ നദിയിലെ ഒരു ദ്വീപിലേക്ക് നാടുകടത്തി. പിന്നീട് ഈജിപ്റ്റിലേക്ക് മടങ്ങിവന്ന് ഏ. ഡി. 390ൽ കാലം ചെയ്യുന്നതുവരെ അവിടെ താമസിച്ചു.

സന്യാസികളായ ഇളയ സഹോദരങ്ങൾക്കുവേണ്ടി മക്കാറിയോസ് എഴുതിയ *To the Friends of God* എന്ന കത്ത് ചരിത്രകാരന്മാർ പരാമർശിച്ചിട്ടുണ്ട്. ഇതുകൂടാതെ അൻപത് അധ്യാത്മിക പ്രഭാഷണങ്ങൾ (*Fifty Spiritual homilies of St. Macarius, the Egyptian* by A. J. Mason, 1921) എന്ന കൃ തിയും പ്രസിദ്ധമാണ്. പരിശുദ്ധ മക്കാറിയോസിന്റെ ഓർമ്മ പെരുന്നാൾ സുറിയാനിസഭ ജനുവരി 19, മെയ് 30 എന്നീ തീയതികളിൽ ആഘോഷിക്കുന്നു.

# സന്യാസിയായ ഈജിപ്റ്റിലെ വിശുദ്ധ ജോൺ

(എ. ഡി. 304 ? - 394)

ലൈക്കോപോലീസിലെ തീബെയ്ദിലാണ് (ആധുനിക അസിയുത്ത് പട്ടണം) ജോൺ ജനിച്ചത്. ഇരുപത്തിയഞ്ച് വയസ്സുവരെ ഒരു മരപണിക്കാരനായി ജോലി ചെയ്തു. ഇരു പത്തിയഞ്ചാം വയസ്സിൽ അദ്ദേഹം ലോകത്തെ ഉപേക്ഷിച്ച് ഒരു വൃദ്ധനായ സന്യാസിയുടെ ശിഷ്യനായി. പന്ത്രണ്ടു സംവ ത്സരങ്ങൾ ആത്മസമർപ്പണത്തിലും അനുസരണയിലും അദ്ദേ ഹത്തോടുകൂടെ ജീവിച്ചു. അദ്ദേഹത്തിന്റെ കാലശേഷം നാല ഞ്ചു വർഷത്തോളം ജോൺ നിരവധി ആശ്രമങ്ങൾ സന്ദർശി ക്കുകയും ഒടുവിൽ ലൈക്കോപ്പോലീസിനടുത്തുള്ള ഒരു ചെ ങ്കുത്തായ മലമുകളിൽ താമസമുറപ്പിക്കുകയും ചെയ്തു.

മലമുകളിൽ ജോൺ മൂന്നു ചെറിയ (ഇടുങ്ങിയ) മുറികളു ണ്ടാക്കി - ഒരു കിടപ്പുമുറി, ഒരു പണിമുറി, ഒരു പ്രസംഗമുറി. മുറികൾക്ക് ഒരു ചെറിയ ജനൽ മാത്രമെ ഉണ്ടായിരുന്നുള്ളൂ. അതിലൂടെ ജീവിക്കാനുള്ള അത്യാവശ്യ സാധനങ്ങൾ സ്വീ കരിക്കുകയും തന്നെ സന്ദർശിക്കുന്നവരോട് സംസാരിക്കുക യും ചെയ്തു വന്നു. ആഴ്ചയിൽ അഞ്ചു ദിവസവും പ്രാർ ത്ഥനയ്ക്കും ധ്യാനത്തിനുമായി ചെലവഴിച്ചു. ശനിയാഴ്ച കളിലും ഞായറാഴ്ചകളിലും പുരുഷ സന്ദർശകരെ മാത്രം സ്വീകരിക്കുകയും അവർക്കുവേണ്ട ആത്മിക ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തിരുന്നു.

അസ്തമയംവരെ ജോൺ ഒന്നും ഭക്ഷിച്ചിരുന്നില്ല. ഉണങ്ങിയ പച്ചക്കറികളും പഴങ്ങളും മാത്രമായിരുന്നു ഭക്ഷിച്ചിരുന്നത്. പാച കം ചെയ്തതൊന്നും ഭക്ഷിക്കാതിരുന്നതിനാൽ ആദ്യമൊക്കെ

വളരെ പ്രയാസപ്പെട്ടിരുന്നു. എന്നിരുന്നാലും നാൽപതു വയസ്സു മുതൽ തൊണ്ണൂറു വയസ്സുവരെ മേൽപറഞ്ഞ ഭക്ഷണരീതിയായിരുന്നു അവലംബിച്ചിരുന്നത് (Thurston & Attwater, 1990, Vol. I).

വിശുദ്ധ ജോൺ ഒരു സന്യാസ സമൂഹവും ആരംഭിച്ചില്ലെങ്കിലും ആ പ്രദേശത്തെ എല്ലാ സന്യാസികളുടെയും പിതാവായി ഇദ്ദേഹം പരിഗണിക്കപ്പെട്ടിരുന്നു. പ്രവചനത്തിലും അത്ഭുത പ്രവർത്തനത്തിലും തന്നെ സന്ദർശിക്കുന്നവരുടെ വിചാരങ്ങൾ വായിച്ചെടുക്കുന്നതിലും അവരുടെ രഹസ്യപാപങ്ങൾ കണ്ടുപിടിക്കുന്നതിലും ജോൺ പ്രസിദ്ധനായിരുന്നു (Thurston & Attwater, 1990, Vol. I; Atwater & John,1996). അദ്ദേഹം വാഴ്ത്തിയ എണ്ണ പലരുടേയും രോഗസൗഖ്യത്തിനും അന്ധതമാറുന്നതിനും ഇടയാക്കി. ഇദ്ദേഹത്തെ തിയോഡോഷ്യസ് ഒന്നാമൻ ചക്രവർത്തി രണ്ടു തവണ സന്ദർശിച്ച് ആലോചന നടത്തി. ഒന്ന് എ. ഡി. 388ൽ മക്സിമസിനെതിരായ യുദ്ധത്തിലും മറ്റൊന്ന് എ. ഡി. 392ൽ യൂജിനസിനെതിരായുള്ള യുദ്ധത്തിലുമായിരുന്നു. പലേഡിയസ് എന്ന സന്യാസചരിത്രകാരൻ വിശുദ്ധ ജോണിനെ സന്ദർശിക്കുകയും അദ്ദേഹത്തിന്റെ യാത്ര സംബന്ധിച്ചും അദ്ദേഹത്തെ വിശുദ്ധ ജോൺ സ്വീകരിച്ചതിനെ സംബന്ധിച്ചും വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്.

വിശുദ്ധ ജോൺ തന്റെ അന്ത്യം നേരത്തെ തന്നെ അറിയുകയും മൂന്നു ദിവസത്തേക്ക് ആരും തന്റെ അടുത്ത് വരരുതെന്ന് അവരോട് ആജ്ഞാപിക്കുകയും ചെയ്തു. മൂന്നു ദിവസങ്ങൾക്കു ശേഷം മുട്ടിന്മേൽ പ്രാർത്ഥനാനിരതനായിരിക്കുമ്പോൾ ഉദ്ദേശം തൊണ്ണൂറാമത്തെ വയസ്സിൽ അദ്ദേഹം ശാന്തനായി നിര്യാതനായി. വിശുദ്ധ ജോൺ താമസിച്ചിരുന്ന ഇടുങ്ങിയ മുറി എ. ഡി. 1901ൽ അസിയൂത്തിൽ കണ്ടുപിടിച്ചു. ഈജിപ്റ്റിലെ വിശുദ്ധ ജോണിന്റെ ഓർമ്മദിനം (ഈജിപ്റ്റിലെ എല്ലാ സന്യാസിമാരുടെയും മരുഭൂമിയിലെയും മലകളിലെയും ഏകാന്തവാസകളുടെയും ഓർമ്മയോടുകൂടെ) ജനുവരി 14-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# സുറിയാനിക്കാരനായ വിശുദ്ധ അഫ്രേം
## (c. എ. ഡി. 306 – 373)

അഫ്രേം ഉദ്ദേശം എ. ഡി. 306നോടടുത്ത് നിസിബിനിൽ ജനിച്ചു (Nisibis, North-west of Mosul, Iraq or Modern Nuseybin in Turkey, close to the border of North-east Syria). ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ച അഫ്രേമിന്റെ പിതാവ് നിസിബിനിൽ നിന്നുള്ളവനും അമ്മ ആമീദിൽ (Amid) നിന്നുള്ളവളുമായിരുന്നു (Aprem, 1990).

അഫ്രേം പിന്നീട് ക്രിസ്ത്യാനിയായിയെന്ന ചില ചരിത്രകാരന്മാരുടെ വിവരണം ശരിയല്ല. കാരണം മോർ അഫ്രേം തന്റെ എഴുത്തുകളിൽ ''ഞാൻ സത്യത്തിന്റെ മാർഗ്ഗത്തിൽ ജനിച്ചു'' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റൊരു മെമ്രായിൽ ''എന്റെ കർത്താവേ, എന്റെ പൈതൽപ്രായം മുതൽ വാർധക്യംവരെ നിന്റെ നുകത്തെ ഞാൻ വഹിച്ചിരിക്കുന്നു. അലസതയോ ഉദാസീനതയോ കൂടാതെ സസന്തോഷം അന്ത്യംവരെയും ഞാൻ വേലചെയ്തു'' എന്നും രേഖപ്പെടുത്തിയിരിക്കുന്നു (Aphrem, 1963).

നിർമ്മലനായിരുന്ന നിസിബിനിലെ മെത്രാപ്പോലീത്താ മോർ യാക്കോബിന്റെ ശിക്ഷണത്തിലായിരുന്നു മോർ അഫ്രേം പഠിച്ചത് (Smith & Wace, 1880). അറിയോസിന്റെ വേദവിപരീതത്തെ ചെറുത്ത നിഖ്യാസുന്നഹദോസിലേക്ക് മോർ യാക്കോബ് അഫ്രേമിനെ കൂട്ടിക്കൊണ്ടുപോകുമ്പോൾ ഉദ്ദേശം 22 വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ.

അഫ്രേം എ. ഡി. 338ൽ ശെമ്മാശപട്ടം സ്വീകരിച്ചു. ശെമ്മാശപട്ടം സ്വീകരിച്ചത് കൈസര്യായിലെ വലിയ മോർ ബസ്സേ

ലിയോസിൽ (ഏ. ഡി. 329-379) നിന്നാണെന്നും അതല്ല ഗുരുവായ മോർ യാക്കോബിൽ നിന്നാണെന്നും രണ്ടഭിപ്രായങ്ങളുണ്ട് (*Britannica*, 2001). ഒരിക്കൽ സന്ദർശകനായി മോർ ബസ്സേലിയോസിന്റെ അടുക്കലെത്തിയിട്ടേയുള്ളൂ എന്നതാണ് പണ്ഡിതരായ ഭൂരിപക്ഷം ചരിത്രകാരന്മാരും അഭിപ്രായപ്പെടുന്നത്.

ഏ. ഡി. 337ൽ കുസ്തന്തീനോസ് രാജാവ് നിര്യാതനായശേഷം പേർഷ്യൻ രാജാവായ സാപ്പോർ രണ്ടാമൻ നിസിബിൻ കീഴടക്കി. മോർ അപ്രേം ഗുരുവായ യാക്കോബ് മെത്രാപ്പോലീത്തായുടെ അനുഗ്രഹത്തോടെ നഗരത്തിന്റെ കോട്ടമുകളിൽ കയറി പ്രാർത്ഥനയാൽ കീടങ്ങളെ ക്ഷണിച്ചു വരുത്തി. അവ ശത്രുമധ്യേ പ്രവേശിച്ചു. പേർഷ്യൻ സൈന്യം ചിന്നിച്ചിതറി ഓടിപ്പോയി (Mar Aprem, 2001).

നിസിബിനിലെ വൈദിക വിദ്യാലയത്തിൽ മോർ അപ്രേം 38 വർഷങ്ങൾ അദ്ധ്യാപകനായിരുന്നു. ഗുരുവായ മോർ യാക്കോബ് കാലം ചെയ്തതുകൊണ്ടും പേർഷ്യൻ അധിനിവേശം മൂലവും മോർ അപ്രേം ഏ. ഡി. 363ൽ ആമീദിലേക്കും പിന്നീട് ഉറഹായിലേക്കും (എഡേസാ) മാറിത്താമസിച്ചു. ഉറഹായിലെ വിദ്യാലയത്തിന്റെ വികസനത്തിനും ഖ്യാതിക്കും മോർ അപ്രേം കാരണമായി.

ബർദൈസാന്റെയും മർക്കിയാന്റെയും വേദവിപരീതങ്ങൾക്കെതിരായി മോർ അപ്രേം ശക്തിയായി എഴുതി (*Britannica*, 2001). ബർദൈസാൻ തന്റെ വേദവിപരീതങ്ങൾ പദ്യരൂപത്തിലെഴുതി വിദ്യാർത്ഥികളെ പഠിപ്പിച്ചപ്പോൾ മോർ അപ്രേം അതിനെ ഖണ്ഡിച്ചുകൊണ്ട് പദ്യമെഴുതി തന്റെ വിദ്യാർത്ഥികളെ പഠിപ്പിച്ചു. പൗരോഹിത്യശ്രേണിയിൽ ഒരു ശെമ്മാശൻ മാത്രമായിരുന്നിട്ടും ആകമാന സുറിയാനിസഭയുടെ മല്പാനായി മോർ അപ്രേം ബഹുമാനിക്കപ്പെടുന്നു.

പരിശുദ്ധാത്മാവിന്റെ കിന്നരം (Douglas, 1978) എന്നറിയപ്പെടുന്ന സുറിയാനിക്കാരനായ വി. അപ്രേം ചുരുങ്ങിയ പദങ്ങളിലൂടെ ഏറെ അർത്ഥങ്ങൾ പ്രകടിപ്പിക്കുന്നതിൽ

സമർത്ഥനായിരുന്നു. പശ്ചാത്താപത്തിന്റെയും സമർപ്പണത്തിന്റെയും ആരാധനയുടെയും ഉന്നതശൃംഗങ്ങളിലേക്കു വായനക്കാരെ കൊണ്ടെത്തിക്കുന്നതിന് വി. അഫ്രേമിന് അസാമാന്യപാടവമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ''സുറിയാനിക്കാരുടെ പ്രവാചകൻ,'' ''വിജ്ഞാനത്തിന്റെ സൂക്ഷിപ്പുകാരൻ'' എന്നീ മറുപേരുകളിൽ വി. അഫ്രേം അറിയപ്പെടുന്നു.

അനേകം മെമ്രാകളിലും മദ്റോശൊകളിലുമായി 30 ലക്ഷം വരികളാണ് വി. അഫ്രേം രചിച്ചത് (*Britannica*, 2001). ഉല്പത്തി, പുറപ്പാട് എന്നീ പഴയനിയമപുസ്തകങ്ങളുടെ വ്യാഖ്യാനം, കർത്താവായ യേശുമശിഹായുടെ വിഭജിക്കപ്പെടാവതല്ലാത്ത ദൈവത്വവും മനുഷ്യത്വവും, സഭ, അപ്പോസ്തലന്മാർ, സഹദേന്മാർ, നോമ്പ്, കന്യകാത്വം, കൂദാശകൾ, മാമോദീസാ പെരുന്നാൾ, ഉയിർപ്പ്, സാർവ്വത്രികസഭയുടെ പ്രത്യേകതകൾ എന്നിവ ആ എഴുത്തുകളിലെയും മെമ്രാകളിലെയും ചിലതു മാത്രമാണ് (Aphrem, 1963; Aphrem I, 2000).

വി. അഫ്രേം തറയിൽ കിടന്നാണ് ഉറങ്ങിയിരുന്നത്. ബാർലി അപ്പവും, ഇലക്കറികളുമായിരുന്നു ആഹാരം. വെള്ളം മാത്രമായിരുന്നു കുടിച്ചിരുന്നത്. രാത്രിയിൽ ദീർഘനേരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ''പ്രഭാതം വരെ ജീവിച്ചിരിക്കയില്ലെന്നു സന്ധ്യാസമയത്തു വിചാരിച്ചുകൊണ്ടു പ്രഭാതംവരെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.''

ഉദ്ദേശം 70 വയസ്സുള്ളപ്പോൾ എ. ഡി. 373-ൽ (376?) ജൂൺ 9-ാം തീയതി വി. അഫ്രേം കാലംചെയ്തു. വിശുദ്ധൻ നേരത്തെ നിർദ്ദേശിച്ചിരുന്നപ്രകാരം അദ്ദേഹത്തെ കബറടക്കി. അദ്ദേഹം താല്പര്യപ്പെട്ടതിപ്രകാരമായിരുന്നു: ''എന്നെപ്പോലെ അശുദ്ധനായവൻ വിശുദ്ധ സ്ഥലത്ത് കിടക്കുവാൻ അർഹനല്ല. എന്നെ പള്ളിയകത്ത് അടക്കരുത്. ആ മഹത്വത്തിന് ഞാൻ യോഗ്യനല്ല'' (Mor Aprem, 2001). ഈ പരിശുദ്ധന്റെ പെരുന്നാൾ വലിയനോമ്പിന്റെ (അമ്പതുനോമ്പിന്റെ) ആദ്യശനിയാഴ്ച സഭ ആഘോഷിക്കുന്നു.

# ക്ലിസ്മയിലെ വിശുദ്ധ ഔഗേൻ
## (എ. ഡി. 270 ? – ?)

ഈജിപ്റ്റിലെ സൂയസ് പട്ടണത്തിനടുത്തുള്ള ക്ലിസ്മ എന്ന ദ്വീപിലാണ് ഔഗേൻ (Awgin or Eugene) ജനിച്ചത്. ഇദ്ദേഹത്തിന്റെ ജനനം മൂന്നാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിലാണെന്നാണ് പൊതുവായ നിഗമനം. ഔഗേന് ഏതാണ്ട് 50 വയസ്സുള്ളപ്പോൾ നിസിബിസിന് അടുത്തുള്ള ഇസ്ലോ മലയിലേക്ക് പോകുകയും അവിടെ നിസിബിസിലെ വിശുദ്ധ യാക്കോബിനെ ഉദ്ദേശം എ. ഡി. 325ൽ കണ്ടുമുട്ടുകയും ചെയ്തു.

ഔഗേൻ ഈജിപ്റ്റിലെ സന്യാസിമാരെ സംബന്ധിച്ചുള്ള വൃത്താന്തങ്ങളിൽ ആകൃഷ്ടനാകുകയും പക്കോമിയോസിന്റെ തീബേദിലുള്ള ശിഷ്യന്മാരെ സന്ദർശിക്കുകയും ചെയ്തു (O' Leary, 2002). അതിനുശേഷം സന്യാസശ്രേഷ്ഠനായ പക്കോമിയോസിന്റെ അടുക്കൽ ചെന്ന് സന്യാസവസ്ത്രം സ്വീകരിച്ചു (Chediath, 2006). ആ സമൂഹത്തോട് ചേർന്ന് പ്രവർത്തിക്കുകയും ഔഗേന്റെ സുകൃതങ്ങളിൽ മതിപ്പുതോന്നുകയും അദ്ദേഹത്തെ ദയറാധിപനാക്കുവാൻ ദയറായിലെ സഹോദരന്മാർ ആഗ്രഹിക്കുകയും ചെയ്തു. ആയതിനാൽ ഔഗേൻ അവിടെനിന്ന് പിൻവാങ്ങി സിറിയയിലേക്ക് പോകുകയും ഒടുവിൽ അനേകർക്ക് സത്യവെളിച്ചം പകർന്ന് കൊടുക്കുകയും അത്ഭുത പ്രവർത്തികളാൽ ക്രിസ്തുവിനെ സാക്ഷിക്കുകയും ചെയ്തു (Bedjan, 2008; *മോർ ഔഗേന്റെ ജീവിതകഥ*, 2016).

ഈജിപ്റ്റിലെ ക്ലിസ്മാക്കാരൻ ഔഗേൻ പാവപ്പെട്ടവരെ സഹായിക്കുന്നതിൽ അതീവതൽപരനായിരുന്നു. ഏതാണ്ട് 25 വർഷത്തോളം കടലിൽ മുങ്ങിത്തപ്പി മുത്തുചിപ്പികൾ ശേഖരിച്ച് ദരിദ്രർക്ക് വിതരണം ചെയ്തുവന്നു.

കടൽക്കൊള്ളക്കാർ ഒരു ചരക്കുകപ്പൽ തട്ടിയെടുക്കാൻ ശ്രമിച്ചെങ്കിലും ഔഗേന്റെ പ്രാർത്ഥനയാൽ ആ ശ്രമം പരാജയപ്പെടുകയുണ്ടായി. നിസിബിസിലെ കർദ്ദൂൻ എന്ന ഭരണാധികാരിയുടെ മകനെ സൗഖ്യമാക്കുകയും നിസിബിസിലെ തിന്മകളെയും വിഗ്രാഹാരാധനയെയും അപഭ്രംശങ്ങളെയും ഇല്ലായ്മ ചെയ്യുകയും ചെയ്തു. കരയിൽ നടക്കുന്നതുപോലെ കടലിലൂടെ നടക്കുന്നതിന് ഔഗേന് സാധിക്കുമായിരുന്നു. മോർ ഔഗേന്റെ അത്ഭുതകർമ്മങ്ങളെപ്രതി അദ്ദേഹത്തെ പുകഴ്ത്തുവാനും ആദരിക്കുവാനും ചുറ്റുമുള്ളവർ തുടങ്ങുന്നു എന്നു മനസ്സിലാക്കിയ മോർ ഔഗേൻ അവിടെനിന്ന് ഈജിപ്റ്റിലേക്ക് ഓടിപ്പോയി. അവിടെ ഇസ്ലോ പർവ്വതത്തിൽ മൂന്ന് വർഷം കഴിച്ചുകൂട്ടി. പിന്നീട് മറ്റുപലരും അവിടെവന്ന് ചേരുകയും 350 പുരുഷന്മാർ ഒന്നിച്ചു താമസിക്കുകയും ചെയ്തു.

ഒരിക്കൽ നിസിബിസിലെ മോർ യാക്കോബ് ദയറായിലെത്തിയപ്പോൾ (d. 338) ഔഗേൻ ഇപ്രകാരം പറയുകയുണ്ടായി: ''ഇന്ന് ഞാൻ അങ്ങയെ ഒരു അന്യനായി അഭിവാദ്യം ചെയ്യുന്നു; എന്നാൽ രണ്ടു ദിവസം കഴിഞ്ഞ് അങ്ങയെ കർത്താവിന്റെ സഭയുടെ ഇടയനായും പ്രമാണിയായും അഭിവാദ്യം ചെയ്യും.'' അപ്രകാരം സംഭവിക്കുകയും മോർ യാക്കോബ് നിസിബിസിലെ മെത്രാപ്പോലീത്തായാവുകയും ചെയ്തു.

മോർ ഔഗേനും മോർ യാക്കോബും ചേർന്ന് വികലാംഗനായ ഒരുവനെ സൗഖ്യമാക്കി. യെഹൂദനായ ഹാനോന്റെ മകൻ ശമുവേലിന് എട്ടു വർഷമായി ദുരാത്മാവ് ബാധിച്ച ഒരു മകൾ ഉണ്ടായിരുന്നു. മോർ ഔഗേൻ ആ മകൾക്കുവേണ്ടി പ്രാർത്ഥിക്കുകയും സൗഖ്യം പ്രാപിക്കുകയും തുടർന്ന് ആ കുടുംബം മാമോദീസ സ്വീകരിക്കുകയും ചെയ്തു. ഒരിക്കൽ പൗലോസ് എന്നയാളിന്റെ രോഗിയായ മകനെ പ്രാർത്ഥിക്കുന്നതിനുവേണ്ടി മോർ ഔഗേന്റെ ദയറായിലേക്ക് കൊണ്ടുപോകുന്നവഴിക്ക് മരിക്കുകയും ആ മകനുവേണ്ടി മോർ ഔഗേൻ പ്രാർത്ഥിക്കുകയും ആ മകൻ ജീവനിലേക്ക് മടങ്ങിവരുകയും ചെയ്തു.

എല്ലാ ഞായറാഴ്ചയും പ്രഭാതനമസ്കാരത്തിനുശേഷം സന്യാസികളെ ആത്മീകമായി ശക്തീകരിക്കുവാൻ ഉതകുംവിധം മോർ ഔഗേൻ സംസാരിക്കുമായിരുന്നു. എന്നാൽ ഒരു ദിവസം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് ഒരു വാചകത്തിനിട യിൽ അദ്ദേഹം നിർത്തി തന്റെ കണ്ണുകൾ അടച്ച് ഒരു മണിക്കൂറോളം അപ്രകാരം തന്നെ ഇരുന്നു. കുറച്ചു കഴിഞ്ഞ് അദ്ദേഹം തന്റെ കണ്ണുകൾ തുറന്ന് കരയുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ ശിഷ്യനായ മീഖായേൽ ദുഃഖകാരണം അദ്ദേഹത്തോട് അന്വേഷിച്ചു. മറുപടിയായി അദ്ദേഹം താൻ കണ്ട ദർശനത്തിന്റെ പൊരുൾ ഇപ്രകാരം പറഞ്ഞു: ''പ്രിയ മക്കളെ, ശത്രുക്കൾ നമ്മുടെ സഭയ്ക്കെതിരെ യുദ്ധത്തിനായി ഒരുങ്ങുന്നു എന്നു ഞാൻ അറിയുന്നു. പക്ഷേ, നമ്മുടെ ദൈവ മായ കർത്താവ് ഈ സമൂഹത്തെ മറന്നുകളയുകയില്ല.''

സന്യാസിയായ ശേഷം മോർ ഔഗേൻ സിറിയയിൽ സന്യാസ ആശ്രമങ്ങൾ സ്ഥാപിച്ചു. സിറിയൻ സന്യാസ പ്രസ്ഥാനത്തിന്റെ പിതാവായാണ് മോർ ഔഗേൻ അറിയ പ്പെടുന്നത്. മോർ ഔഗേൻ പേർഷ്യയിലും സന്യാസ പ്രസ്ഥാനത്തിന് ആരംഭമിട്ടതായി കരുതപ്പെടുന്നു. മോർ ഔഗേൻ 36 വർഷം ദയറാധിപനായി ചുമതല നിർവ്വഹിച്ചു. തന്റെ അന്ത്യത്തെക്കുറിച്ച് മനസ്സിലാക്കിയ മോർ ഔഗേൻ സഹോദരസന്യാസികളെ വിളിച്ച് കൂട്ടിവരുത്തുകയും തന്റെ അന്ത്യം അടുത്തു എന്ന് അറിയിക്കുകയും സ്ലീബായുടെ അടയാളത്താൽ അവരെ അനുഗ്രഹിക്കുകയും ചെയ്തു.

മോർ ഔഗേന്റെ ദയറാ ടർക്കിയുടെ തെക്കുകിഴക്കുള്ള ഇസ്ലോ പർവ്വതനിരകളിലാണ് സ്ഥിതി ചെയ്യുന്നത്. ഈ പ്ര ദേശം കേന്ദ്രമാക്കി സുറിയാനി സഭയ്ക്ക് 1926 വരെ ഒരു ഭദ്രാസനം ഉണ്ടായിരുന്നു. മോർ ഔഗേൻ ദയറാ ഇപ്പോൾ തുറബ്ദീൻ മെത്രാപ്പോലീത്ത മോർ തീമോത്തിയോസ് ശമുവേൽ അക്താശിന്റെ ഭരണത്തിലും വന്ദ്യ യൂയാക്കീം ഉൻഫാൽ റമ്പാച്ചന്റെ മേൽനോട്ടത്തിലും പരിപാലിക്കപ്പെടുന്നു. സന്യാസ ശ്രേഷ്ഠനായ വിശുദ്ധ ഔഗേന്റെ ഓർമ്മ ജനുവരി 23നും ഏപ്രിൽ 21നും സുറിയാനി സഭ ആചരിക്കുന്നു.

# ഈജിപ്റ്റിലെ വിശുദ്ധ എപ്പിപാനിയോസ്

## (എ. ഡി. 315? - 402/3)

എപ്പിപാനിയോസ് (Epiphanius of Salamis in Cyprus) പാലസ്തീനിലെ എലുത്തറോപോലീസിനടുത്തുള്ള ഗ്രാമമായ ബെസാൻ ഡ്യൂക്കിൽ ജനിച്ചു. ബെസാൻ ഡ്യൂക്ക് ഗാസയ്ക്ക് സമീപം സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമമാണ്. എപ്പിപാനിയോസിന്റെ ജനനം ഏ. ഡി. 315 നോടടുത്താണ് എന്ന് അനുമാനിക്കാം. (Cayre, 1936; Wace & Piercy, 1999).

എപ്പിപാനിയോസ് തന്റെ ജീവിതത്തിന്റെ ആദ്യ കാലഘട്ടം ഈജിപ്റ്റിലെ സന്യാസിമാരോടൊത്ത് ചിലവഴിച്ചു. ഗാസയിലെ സന്യാസിയായ വിശുദ്ധ ഹിലാരിയോണിന്റെ മാതൃകയും ഉപദേശവും മൂലം എപ്പിപാനിയോസ് സന്യാസ ജീവിതത്തിലേക്ക് ആകർഷിക്കപ്പെട്ടു. ഏതാണ്ട് 20 വയസ്സുള്ളപ്പോൾ ബെസാൻ ഡ്യൂക്കിനടുത്ത് ഒരു ദയറാ പണികഴിപ്പിച്ചു. അവിടെ 30 വർഷത്തോളം താമസിച്ചു (Cayre, 1936). എലുത്തറോപോലീസിലെ മെത്രാപ്പോലീത്തായായിരുന്ന ലുത്തിക്കോസ് ഇദ്ദേഹത്തെ പുരോഹിതനാക്കി (Wace & Piercy, 1999). ഗ്രീക്ക്, ഹീബ്രു, സുറിയാനി, കോപ്റ്റിക്, ലാറ്റിൻ എന്നീ അഞ്ചു ഭാഷകളിൽ പ്രാവിണ്യമുണ്ടായിരുന്നതിനാൽ വി. ജറോം, എപ്പിപാനിയോസിനെ പഞ്ചഭാഷ സംസാരിക്കുന്നവൻ (the pentaglot) എന്നു വിളിക്കുമായിരുന്നു (Cayre, 1936).

അറിയോസിന്റെ വേദവിപരീതത്തിനെതിരായി ശക്തമായ നിലപാടെടുക്കുകയും നിഖ്യാ വിശ്വാസപ്രമാണത്തിന്റെ സംരക്ഷകനായ അന്ത്യോഖ്യാ പാത്രിയർക്കീസ് പൗളിനോസിനോട് ചേർന്ന് പ്രവർത്തിക്കുകയും ചെയ്തു. വിശുദ്ധ ജീവിതവും പാണ്ഡിത്യവും കൊണ്ട് പ്രശസ്തനായ എപ്പി

പാനിയോസ് ഏ. ഡി. 367ൽ കോൺസ്റ്റൻഷ്യയിലെ (Constantia, the ancient Salamis in Cyprus) മെത്രാപ്പോലീത്തായായി തെരഞ്ഞെടുക്കപ്പെട്ടു. ഏ. ഡി. 367 മുതൽ ഏ. ഡി. 402/3 വരെ 36 കൊല്ലം സലാമീസിലെ മെത്രാപ്പോലീത്തായായി സേവനമനുഷ്ഠിച്ചു. ഈ കാലഘട്ടത്തിൽ കോൺസറ്റൻഷ്യ ദ്വീപിൽ വളരെയധികം സന്യാസ ആശ്രമങ്ങൾ പണിയപ്പെട്ടു. പാലസ്തീനിലെയും എലുത്തറോപോലീസിലെയും സന്യാസികൾ ഈ ആശ്രമങ്ങളിൽ താമസിച്ചിരുന്നു. അറേബ്യയിലെ വിശ്വാസികൾക്കുള്ള ഒരു കത്തിൽ (against all heresies) 'ദൈവമാതാവ് നിത്യകന്യക' എന്ന ആശയം വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

പംഫില്യയിലെ വൈദികരും മറ്റ് പലരും അറിയോസിന്റെ വേദവിപരീതത്തെ ചെറുത്ത് തോൽപിക്കുന്നതിന് എപ്പിപാനിയോസ് മെത്രാപോലീത്തായുടെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. ഏ. ഡി. 381 ലെ സുസ്തന്തീനോസ് പോലീസിലെ സുന്നഹദോസിൽ എപ്പിപാനിയോസ് പങ്കെടുത്തിട്ടില്ലെങ്കിലും സലാമീസിലെ സഭയിൽ നിലവിലിരുന്ന വിശ്വാസപ്രമാണത്തിന്റെ പദാനുപദ പ്രഖ്യാപനമാണ് കുസ്തന്തീനോസ് പോലീസിൽ ചേർന്ന സുന്നഹദോസിന്റെ തീരുമാനങ്ങൾ (Wace & Piercy, 1999).

ഏ. ഡി. 382 അവസാനത്തിൽ എപ്പിപാനിയോസ്, വിശുദ്ധ ജറോം, അന്ത്യോഖ്യായിലെ പൗളിനോസ് എന്നിവരോടു ചേർന്ന് പ്രവർത്തിച്ചു. ജറോമിന്റെ ആത്മിക പ്രേരണയാൽ പൗള എന്ന സ്ത്രീ അവളുടെ സ്വത്തുക്കളിൽ നല്ലൊരു പങ്ക് ദരിദ്രർക്കും രോഗികൾക്കുമായി ദാനം ചെയ്തു. എപ്പിപാനിയോസ് പൗളയെ സന്യാസ ജീവിതത്തിന് പ്രേരിപ്പിച്ചു. ഏ. ഡി. 383ൽ പൗള വിശുദ്ധ നാടുകളിൽ തീർത്ഥാടനം നടത്തുകയും സലാമീസിൽ എപ്പിപാനിയോസിന്റെ ആശ്രമത്തിൽ പത്തു ദിവസത്തോളം താമസിക്കുകയും ചെയ്തു.

വി. ജറോം ബേത്‌ലഹേമിന് പോകുന്ന വഴി എപ്പിപാനിയോസിനെ സന്ദർശിക്കുകയും ഒരു വലിയ സംഘം സന്യാസിമാരെ സലാമിസിൽ 'എല്ലാ എപ്പിസ്കോപ്പന്മാരുടെ പിതാവും

പുരാതന ധർമ്മനിഷ്ഠയുടെ അവസാന അവശിഷ്ടവുമായ' എപ്പിപാനിയോസിന്റെ സന്നിധിയിൽ കൊണ്ടുവരികയും അദ്ദേഹത്തെ അഭിവാദനം ചെയ്യുകയും ചെയ്തു.

എപ്പിപാനിയോസ്, ഒറിഗനെ 'അറിയോസിന്റെ വേദവിപരീതത്തിന്റെ പൂർവ്വികൻ' എന്നാണ് വിശേഷിപ്പിച്ചത്. ഏ. ഡി. 394ൽ ഒറിഗണിസം (ദൈവത്വത്തിലെ രണ്ടും മൂന്നും ആളത്വങ്ങൾ പിതാവിനേക്കാൾ താഴ്ന്നതാണെന്ന യുക്തി) പാലസ്തീനിൽ തല പൊക്കിയെന്നറിഞ്ഞ് എപ്പിപാനിയോസ് അവിടെ ഓടിയെത്തി. വേദവിപരീതത്തെ ചെറുക്കുന്നതിന് അദ്ദേഹത്തിന്റെ സാന്നിധ്യം മാത്രം മതിയാകുമായിരുന്നു.

എപ്പിപാനിയോസ് യെരൂശലേമിൽ പുനരുത്ഥാന ദൈവാലയത്തിൽ (Church of the Resurrection) ഒറിഗണെതിരെ ശക്തമായി പ്രസംഗിച്ചു. ഒറിഗണിന്റെ അനുഭാവിയായിരുന്ന യെരൂശലേമിലെ ജോൺ മെത്രാപ്പോലീത്താ അദ്ദേഹത്തിന്റെ തൽസംബന്ധമായ വിയോജിപ്പ് ഒരു ആർച്ച് ഡീക്കൻ വഴിയായി എപ്പിപാനിയോസിനെ അറിയിച്ചു. ഇതേതുടർന്ന് എപ്പിപാനിയോസ് ജോൺ മെത്രാപോലീത്തായുമായുള്ള സഹവർത്തിത്വം ഉപേക്ഷിച്ചു. യെരൂശലേമിലെ പ്രശസ്തരും സുഹൃത്തുക്കളുമായിരുന്ന ബേത്‌ലഹേമിലെ ജെറോം (Jerome) ഒലിവ്മലയിലെ റുഫിനസ് (Rufinus) എന്നിവരിൽ ജെറോം എപ്പിപാനിയോസിന്റെ പക്ഷത്തും റൂഫിനസ് ജോൺ മെത്രാപോലീത്തായുടെ പക്ഷത്തും ചേർന്നു (Bihlmeyer & Tuchle, 1958). എപ്പിപാനിയോസ് ബേത്‌ലഹേമിലെ സന്യാസികളുടെ ആത്മികകാര്യങ്ങൾക്കായി പൗളിനിയസിനെ (ജെറോമിന്റെ സഹോദരൻ) വൈദികനായി നിയമിച്ചു (Cayre, 1936; Wace & Piercy 1999).

ഒരു മേൽപട്ടക്കാരന്റെ അധികാര അതിർത്തിയിൽ എപ്പിപാനിയോസ് വൈദികനെ നിയമിച്ചത് കാനോന്റെ ലംഘനമാണെന്ന് ആരോപിച്ച് ജോൺ മെത്രപോലീത്ത മറ്റുമെത്രാപോലീത്തന്മാരെ സമീപിച്ചു. ഇതേത്തുടർന്നുണ്ടായ തർക്കങ്ങളിൽ മധ്യസ്ഥശ്രമങ്ങളൊന്നും വിജയം കണ്ടില്ല.

ഏ. ഡി. 402ൽ എപ്പിപാനിയോസ് കുസ്തന്തീനോസ്പോലീസിലേക്ക് യാത്ര ചെയ്യുകയും ഒറിഗണിന്റെ പാഷാണ്ഡ ഉപദേശത്തെ ചെറുത്ത് തോൽപിക്കുകയും ചെയ്തു. എപ്പിപാനിയോസിന്റെ കാലഘട്ടത്തിൽ അദ്ദേഹത്തെ വിശുദ്ധനായി കരുതിയിരുന്നു. അദ്ദേഹം പോകുന്നിടത്തെല്ലാം ധാരാളം ആളുകൾ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേൾക്കുന്നതിന് മണിക്കൂറുകളോളം കാത്തു നിന്നിരുന്നു (Wace & Piercy, 1999).

എപ്പിപാനിയോസിന്റെ രചനകളിലെ രണ്ടു പ്രധാന ഗ്രന്ഥങ്ങളാണ് ഏ. ഡി. 374ൽ എഴുതിയ *ആൻകൊറേറ്റസ്* (Ancorates or well-anchored) ഏ. ഡി. 377ൽ എഴുതിയ *പനാരിയോൺ* (panarion or medicine chest). ഇതിൽ ആൻകൊറേറ്റസ് പംഫില്യയിലെ വിശ്വാസികൾ ത്രിത്വത്തെ സംബന്ധിച്ചും പരിശുദ്ധാത്മാവിനെ സംബന്ധിച്ചും സഭയുടെ പഠിപ്പിക്കലുകൾ ആവശ്യപ്പെട്ടപ്പോൾ രചിച്ച ഗ്രന്ഥമാണ്. വിശ്വാസികൾ അറിയോസിന്റെയും മറ്റു വേദവിപരീതികളുടെയും പഠിപ്പിക്കലുകൾമൂലം ആടിയുലയുമ്പോൾ വിശ്വാസികളെ ഉറപ്പിച്ച് നിർത്തുന്നതിനുള്ള നങ്കൂരമായാണ് ആൻകൊറേറ്റസ് (well-anchored) രചിച്ചത് (Cayre, 1936). ഈ ഗ്രന്ഥത്തിൽ 121 ഭാഗങ്ങളിലായി ത്രിത്വവിശ്വാസം, ക്രിസ്തുവിന്റെ മനുഷ്യത്വം, പുനരുത്ഥാനം എന്നിവയെ സംബന്ധിച്ച് പ്രതിപാദിച്ചിരിക്കുന്നു (Wace & Piercy, 1999).

*പനാരിയോൺ* (Panarion) വേദവിപരീതമെന്ന സർപ്പത്താൽ കടിയേറ്റവരെ സുഖപ്പെടുത്താനുള്ള ഔഷധപ്പെട്ടി (Medicine chest) എന്ന നിലയിൽ രചിച്ച ഗ്രന്ഥമാണ് (Cayre, 1936). അക്കാലത്തു നിലനിന്നിരുന്ന (ആദാം മുതലുള്ള) 80 പാഷാണ്ഡോപദേശങ്ങളെക്കുറിച്ച് ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഈ ഗ്രന്ഥത്തിൽ പല ആധികാരിക രേഖകൾ ഉദ്ധരിച്ചിട്ടുണ്ട് (Wace & Piercy, 1999). ഒറിഗണെ ഒരു വേദവിപരീതിയായാണ് പനാരിയോണിൽ പട്ടികപ്പെടുത്തിയിരിക്കുന്നത്.

എപ്പിപാനിയോസിന്റെ പഠിപ്പിക്കലുകളിൽ സഭയുടെ പ്രാധാന്യത്തെപ്പറ്റി ഊന്നിപറയുന്നുണ്ട്. "The Church alone, he says, who received the content of tradition, and it is in her teaching and decisions that the faithful find the truth." അദ്ദേഹം  ഇപ്രകാരം പഠിപ്പിക്കുന്നു: അചഞ്ചലമായ വിശ്വാസത്തിന്റെ അടിസ്ഥാനമായ പത്രൊാസിൻമേലാണ് സഭ പണിയപ്പെട്ടിരിക്കുന്നത്. എപ്പിപാനിയോസിന്റെ ഓർമ്മ സുറിയാനിസഭ മാർച്ച് 13-ാം തീയതിയും മെയ് 12-ാം തീയതിയും ആഘോഷിക്കുന്നു.

# സന്യാസിയായ
# നൈട്രിയായിലെ വിശുദ്ധ പാംബോ
### (ഏ. ഡി. 315 - 358?)

വിശുദ്ധ പാംബോ ഈജിപ്റ്റിലെ നൈട്രിയയിൽ ജീവിച്ചിരുന്ന ഒരു സന്യാസിയാണ് (Smith & Wace, 1887, Vol. IV). നിത്യവും സന്ധ്യവരെയുള്ള ഉപവാസം, മൗനം, കൈത്തൊഴിൽ ചെയ്യുന്നതിലുള്ള നിഷ്ഠ എന്നിവ അദ്ദേഹത്തിന്റെ ജീവിതത്തിലെ സ്വഭാവവൈശിഷ്ഠ്യങ്ങളായിരുന്നു. അലസത വെടിയുന്നതിനും മനസ്സിന്റെ ഊർജ്ജസ്വലത നിലനിർത്തി ആത്മീയ വ്യായാമത്തിനും ദേഹാദ്ധ്വാനം അത്യാവശ്യമാണെന്ന് വിശുദ്ധ അന്തോണിയോസ് തന്റെ ശിഷ്യരെ പഠിപ്പിക്കുമായിരുന്നു (Palladius, 1898; Butler, 1866; https://oca.org/saints/lives /2010/07/18/102051-venerable-pambo-the-hermit-of-egypt).

പാംബോ തന്റെ യൗവ്വനത്തിൽ ഈജിപ്റ്റിലെ മരുഭൂമിയിൽ വിശുദ്ധ ആന്റണിയെ സന്ദർശിക്കുകയും അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽ ചേർക്കപ്പെടുന്നതിനാഗ്രഹിക്കുകയും ചെയ്തു. വിശുദ്ധ അന്തോണിയോസ് ഇപ്രകാരം പറഞ്ഞു: "നിന്റെ നാവിന് കഠിഞ്ഞാണിട്ട് നിയന്ത്രിക്കുകയും പാപത്തെക്കുറിച്ച് അനുതപിക്കുകയും, നീ നിന്റെ വിശപ്പിനെ നിയന്ത്രിക്കുകയും ചെയ്യണം" (Palladius, 1898). നോമ്പിനാലും ഉപവാസത്താലും പാംബോ അക്കാലത്തെ എല്ലാ സന്യാസികളേക്കാൾ ഉന്നതനായിത്തീർന്നു. വിശപ്പിനെയും നാവിനെയും നിയന്ത്രിക്കുന്നതിൽ പാംബോ വിജയിച്ചു. ഒരിക്കൽ തന്റെ ഒരു ആത്മീയ സഹോദരനോട് ഒരു ഉപദേശം തേടുന്നതിനാഗ്രഹിച്ചു. അദ്ദേഹം മുപ്പത്തിയൊൻപതാം സങ്കീർത്തനം ഉദ്ധരിച്ചു:

'നാവുകൊണ്ട് പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കും' (സങ്കീ. 39:1). ഉടനെതന്നെ രണ്ടാമത്തെ വാക്യം കേൾക്കുന്നതിനു മുൻപ് പാംബോ തന്റെ ഇടുങ്ങിയ മുറിയിലേക്ക് മടങ്ങിക്കൊണ്ട് പറഞ്ഞു: ''ഒരു പാഠത്തിന് ഇത് ധാരാളം മതി.'' പാംബോ അത് ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. തുടർച്ചയായി മൗനം പാലിച്ചുകൊണ്ടിരുന്ന പാംബോ നല്ലതുപോലെ ചിന്തിച്ചുമാത്രമേ എന്തെങ്കിലും സംസാരിക്കുമായിരുന്നുള്ളൂ. ആരെങ്കിലും സംശയനിവാരണത്തിനായി എന്തെങ്കിലും ചോദിച്ചാൽ ഏറെ ദിവസത്തെ ആലോചനയ്ക്കു ശേഷമേ ഉത്തരം പറയുമായിരുന്നുള്ളു.

പാംബോ വിശുദ്ധ അന്തോണിയോസ് സന്യാസി വസിച്ചിരുന്ന സ്ഥലം വിട്ട് നൈട്രിയയിലെ ഒരു മലയിലെ ആശ്രമത്തിൽ താമസമുറപ്പിച്ചു. ഏ. ഡി. 374ൽ റൂഫിനസ് വിശുദ്ധ പാംബോയുടെ അനുഗ്രഹം വാങ്ങുന്നതിനായി പാംബോയെ സന്ദർശിക്കുകയുണ്ടായി. വിശുദ്ധ മെലാനിയ നൈട്രിയയിൽ പാംബോയെ സന്ദർശിച്ചപ്പോൾ അദ്ദേഹം പായ് ഉണ്ടാക്കിക്കൊണ്ടിരിക്കയായിരുന്നു. മെലാനിയ പാംബോയ്ക്ക് മുന്നൂറ് റാത്തൽ വെള്ളി നൽകുകയും നൈട്രിയയിലെ സന്യാസികളുടെ ആവശ്യത്തിനായി അത് സ്വീകരിക്കുന്നതിനഭ്യർത്ഥിക്കുകയും ചെയ്തു. പാംബോ അത് സ്വീകരിച്ച് അവളെ നോക്കുകയോ പായ് നെയ്ത്ത് നിർത്തുകയോ ചെയ്യാതെ ഇപ്രകാരം പറഞ്ഞു: 'നിന്റെ ദാനധർമ്മത്തിന് ദൈവം പ്രതിഫലം നൽകട്ടെ.'

പാംബോ തന്റെ ശിഷ്യനായ ഒറിഗനോടായി പറഞ്ഞു: ''ഈ വെള്ളിയെടുത്ത് ലിബിയായിലും ദ്വീപിലുമായി താമസിക്കുന്ന സഹോദരന്മാർക്ക് ഇതു വിതരണം ചെയ്യണം. അവർക്കാണിതേറ്റവും ആവശ്യമായിരിക്കുന്നത്. ഈജിപ്റ്റിലുള്ളവർ സമ്പന്നരും ധാരാളം ഉള്ളവരുമാണ് അവർക്ക് ഒന്നും കൊടുക്കേണ്ടതില്ല.'' മെലാനിയ, പാംബോ തന്നെ ആദരിക്കുമെന്നും പുകഴ്ത്തുമെന്നും പ്രതീക്ഷിച്ച് അവിടെത്തന്നെ നിന്നു. എന്നിട്ട് മെലാനിയ പറഞ്ഞു: ''പിതാവേ ഇത് മുന്നൂറ്

റാത്തൽ വെള്ളിയാണ് എന്ന് അങ്ങേക്ക് അറിയാമോ?'' വെള്ളിയടങ്ങിയ പെട്ടി ശ്രദ്ധിക്കാതെ പാംബോ മറുപടി പറഞ്ഞു: ''എന്റെ കുട്ടീ നീ ഇത് ആർക്കുവേണ്ടിയാണോ കൊണ്ടുവന്നത് അദ്ദേഹത്തിനു തൂക്കി നോക്കേണ്ട ആവശ്യ മില്ല. തൂക്കിനോക്കാതെ തന്നെ അതിന്റെ ഭാരം കൃത്യമായി അറിയാം. ഇത് എനിക്കുവേണ്ടിയാണ് തന്നതെങ്കിൽ നീ ഈ പറയുന്നത് ശരിയാണ്. എന്നാൽ ദൈവത്തിനാണ് നീ കൊടുത്തതെങ്കിൽ വിധവയുടെ രണ്ടു വെള്ളികാശിനെ മറ്റു ധനവാന്മാരുടേതിനേക്കാൾ വിലമതിച്ച ദൈവത്തിന് അത റിയാം. നീ അതേപറ്റി ഇനിയൊന്നും പറയേണ്ട'' (Butler, 1866; Palladius, 1898).

ഒരിക്കൽ വിശുദ്ധ അത്താനാസിയോസ്, പാംബോ മരു ഭൂമി വിട്ട് അലക്സന്ത്രിയായിലേക്കു വരണമെന്നാഗ്രഹിച്ചു. യേശുക്രിസ്തുവിന്റെ ദൈവത്വത്തെകുറിച്ച് സാക്ഷ്യം പറയു ന്നതിനും അറിയോസ് പക്ഷക്കാരെ നേരിടുന്നതിനും വേണ്ടി യായിരുന്നു അപ്രകാരം ആവശ്യപ്പെട്ടത്. ആ പട്ടണത്തിൽ ഒരു സ്റ്റേജ്ഷോയ്ക്കുവേണ്ടി ഒരുങ്ങിയ നടിയുടെ വേഷവി താനംകണ്ട പാംബോ കയ്പോടെ കരഞ്ഞു. അദ്ദേഹം കരയു ന്നതിന്റെ കാരണത്തെപ്പറ്റി ചോദിച്ചപ്പോൾ പാംബോ പറഞ്ഞു: ''മനുഷ്യരെ കെണിയിലാക്കുന്നതിന് ആ സ്ത്രീ എത്രമാത്രം പങ്കപ്പാടും ഒരുക്കവും നടത്തുന്നു. ഞാനോ ദൈവിക ശുശ്രൂ ഷയിൽ എത്രയോ അലസനാണ്.''

ഒരിക്കൽ തിയോഡോർ സന്യാസി പാംബോയോട് ആത്മീയ നിർദ്ദേശമെന്നരീതിയിൽ ഏതാനും വാക്കുകൾ പറയുന്നതിന് ആവശ്യപ്പെട്ടു. പാംബോ പറഞ്ഞു: ''നീ പോയി എല്ലാ മനുഷ്യർക്കും കരുണയും ദാനധർമ്മങ്ങളും ചെയ്ക. മറ്റുള്ളവരോടുള്ള കരുണ ദൈവസന്നിധിയിൽ ആത്മവി ശ്വാസം നൽകും.''

പാംബോയുടെ അന്ത്യനാളുകളിൽ അടുത്തുനിന്നിരുന്ന പുരോഹിതനായ ഒറിഗനോടും അമ്മോണിയോസിനോടും മറ്റു സഹോദരന്മാരോടുമായി ഇപ്രകാരം പറഞ്ഞു: ''ഞാൻ

ഈ ദേശത്ത് ഈ മരുഭൂമിയിൽ വന്ന് ഈ ചെറിയ മുറിയിൽ താമസമാക്കിയ നാൾമുതൽ എന്റെ കൈകൊണ്ടു സമ്പാദിക്കാതെ ഒരിക്കലും അപ്പം ഭക്ഷിച്ചിട്ടില്ല. ഈ നാഴികവരെ ഞാൻ സംസാരിച്ച ഏതെങ്കിലും വാക്കിനെ പ്രതി എനിക്ക് പശ്ചാത്തപിക്കേണ്ടി വന്നിട്ടില്ല. ഒരു നിർമ്മലജീവിതം ഇതേവരെ ആരംഭിച്ചിട്ടില്ലാത്തവനെപ്പോലെ ഞാൻ ദൈവത്തിങ്കലേക്ക് പോകുകയാണ്.'' കൊട്ട നെയ്തുകൊണ്ടിരുന്നപ്പോൾ രോഗമോ, വേദനയോ, മറ്റു ദുഃഖങ്ങളോ ഇല്ലാതെ എഴുപതാമത്തെ വയസ്സിൽ പാംബോ ഈ ലോകത്തുനിന്നും യാത്രയായി. മെലാനിയ പാംബോയുടെ കബറടക്കകാര്യങ്ങൾ നിർവ്വഹിച്ചു. വിശുദ്ധ പാംബോയുടെ ഓർമ്മ സുറിയാനി സഭ ജൂൺ 17-ാം തീയതി ആചരിക്കുന്നു.

# എത്യോപ്യനായ വിശുദ്ധ മോശ

## (നാലാം നൂറ്റാണ്ട്)

എത്യോപ്യൻ വംശജനായ മോശ നാലാം നൂറ്റാണ്ടിൽ ഈജിപ്റ്റിൽ ജീവിച്ചിരുന്ന ഒരു സന്യാസിയാണ്. ഈജിപ്റ്റിലെ ഒരു ഉദ്യോഗസ്ഥന്റെ അടിമയോ വേലക്കാരനോ ആയിരുന്നു മോശ (Thurston & Attwater, 1990, Vol. III). ഭീമാകാരനായിരുന്ന മോശ ഒരു കൊലപാതകം നടത്തിയതിനാൽ യജമാനൻ മോശയെ പുറത്താക്കി (നാടുകടത്തി). മോശ ഒരു കവർച്ചാ സംഘത്തിൽ ചേർന്നു. മോശയുടെ അസാധാരണമായ കായികശക്തി മനസ്സിലാക്കിയ സംഘാംഗങ്ങൾ മോശയെ അവരുടെ നേതാവാക്കി. ഈ കൊള്ളസംഘം നിരവധി അതിക്രമങ്ങൾ ചെയ്യുകയും മോശയുടെ പേരുകേൾക്കുമ്പോൾ ജനം ഭയപ്പെടുകയും ചെയ്യുമായിരുന്നു (https://oca.org/saints/lives/2015/08/28/102414-venerable-moses-the-ethiopian-of-scete).

ഒരിക്കൽ ആടുകളെ മോഷ്ടിക്കുന്നതിനുള്ള പദ്ധതി ഒരു നായ കുരച്ചതിനാൽ വിഫലമായി. അതിന്റെ പ്രതികാരമെന്നവിധം മോശ നൈൽ നദി നീന്തിക്കടന്ന് നാല് ആടുകളെ കൊല്ലുകയും അവയെ കൊന്ന് (നല്ല ഭാഗങ്ങൾ) പാകം ചെയ്ത് ഭക്ഷിക്കുകയും ചെയ്തു. ആടിന്റെ തോൽ വിറ്റ് മദ്യം വാങ്ങുകയും ദീർഘദൂരം നടന്ന് കവർച്ചക്കാരുടെ സംഘത്തോട് ചേരുകയും ചെയ്തു. ഏറെ സംവത്സരങ്ങൾ മോശ പാപകരമായ ജീവിതം നയിച്ചു. ദൈവത്തിന്റെ അളവറ്റ കരുണയാൽ അനുതപിക്കുകയും കവർച്ചാസംഘത്തെ ഉപേക്ഷിച്ചും സ്കീറ്റ് താഴ്വരയിലെ ആശ്രമത്തിലെത്തിച്ചേരുകയും ചെയ്തു. മോശ അനുതാപത്തിന്റെ കണ്ണുനീരൊഴുക്കുകയും മറ്റു സന്യാസിമാരോട് അത്യന്തം അനുസരണയിൽ

ജീവിക്കുകയും ചെയ്തു. പിന്നീട് മോശ ഏകാന്തമായി ഒരു ഇടുക്കുമുറിയിൽ പ്രാർത്ഥനയിലും ഉപവാസത്തിലും കഴിച്ചുകൂട്ടി.

മോശ തന്റെ ജഡമോഹങ്ങളിൽ നിന്ന് പെട്ടെന്ന് സ്വതന്ത്രനായില്ല. വല്ലപ്പോഴും ഇസിദോർ സന്യാസിയുടെ അടുക്കൽ ഉപദേശം തേടുന്നതിനായി പോകുമായിരുന്നു. ഒരിക്കൽ ജഢമോഹങ്ങളിൽ നിന്നും വിടുവിക്കപ്പെടുവാൻ എന്തുചെയ്യണമെന്ന് മോശ ഇസിദോർ സന്യാസിയോടു ചോദിച്ചു. സന്യാസജീവിതത്തിൽ ഏറെ അനുഭവമുണ്ടായിരുന്ന ഇസിദോർ പറഞ്ഞു: ‘‘ഒരിക്കലും അമിത ആഹാരം കഴിക്കരുത്, ഭാഗികമായി വിശന്നിരിക്കുകയും നിയന്ത്രണം പാലിക്കുകയും ചെയ്യണം.’’ എന്നിരുന്നാലും മോശ സ്വപ്നത്തിൽ മോഹങ്ങളാൽ പ്രലോഭിപ്പിക്കപ്പെട്ടിരുന്നു.

മോശ പഴയ ജീവിതരീതികളിലേക്കു മടങ്ങുന്നതിന് പിശാചുക്കൾ എപ്പോഴും പ്രലോഭിപ്പിച്ചുകൊണ്ടിരുന്നു. മോശ, ഇസിദോർ സന്യാസിയുടെ അടുക്കൽ പോയി തന്റെ സങ്കടം ഉണർത്തിച്ചു. മോശ പറഞ്ഞു: ‘‘ഞാൻ കാണുന്ന സ്വപ്നങ്ങളാൽ എന്റെ ആത്മാവ് എന്റെ കാര്യകാരണ ചിന്തകളെ അന്ധകാരപ്പെടുത്തുന്നു. ഞാൻ എന്തു ചെയ്യണം?’’ ഇസിദോർ സന്യാസി മറുപടിയായി പറഞ്ഞു: ‘നീ നിന്റെ മനസ്സിനെ അങ്ങനെയുള്ള കാര്യങ്ങൾ കാണുന്നതിൽനിന്ന് പിൻമാറ്റിയിട്ടില്ല, അതുകൊണ്ടാണ് അവ കാണുന്നത് നീ തുടർന്നുകൊണ്ടിരിക്കുന്നത്. നീ പ്രാർത്ഥനയിലും, ജാഗരണത്തിലും, ഉപവാസത്തിലും ഉറ്റിരുന്നാൽ പെട്ടെന്ന് നീ അവയിൽനിന്ന് വിടുവിക്കപ്പെടും.’ ഈ ഉപദേശം സ്വീകരിച്ച് മോശ തന്റെ മുറിയിൽ കയറി രാത്രി മുഴുവനും ഉറങ്ങാതെയും മുട്ടുമടക്കാതെയും ജാഗരിച്ച് ആറു വർഷം ചിലവഴിച്ചു. എന്നിട്ടും വിജയിക്കാതിരുന്ന മോശ മറ്റൊരു കാര്യം ചെയ്യുന്നതിനു തീരുമാനിച്ചു. വൃദ്ധരായ സന്യാസികളുടെ മുറിയിൽ രാത്രിയിൽ ചെന്ന് അവരുടെ വെള്ളം ശേഖരിക്കുന്ന പാത്രം കൊണ്ടുപോയി ദൂരെ സ്ഥലങ്ങളിൽ നിന്നും വെള്ളം ശേഖരിച്ചുകൊണ്ടുവന്നു കൊടുക്കുമായിരുന്നു.

മോശ സന്യാസജീവിതം തെരഞ്ഞെടുത്തശേഷവും നിരവധി തവണ തന്റെ പഴയ ജീവിതരീതിയിലേക്ക് മടങ്ങുന്നതിന് പ്രേരണയുണ്ടാകുകയും അതിനെ അതിജീവിക്കുന്നതിന് കഠിനപരിശ്രമം ചെയ്യുകയും ചെയ്തു. ഒരിക്കൽ മോശ മുറിയിൽ ഏകനായിരിക്കുമ്പോൾ നാല് കവർച്ചക്കാർ തന്നെ ആക്രമിച്ചു. മോശ അവരെ ബന്ധിച്ച് തന്റെ തോളിൽ ചുമന്ന് പള്ളിയുടെ തറയിൽ കൊണ്ടുവന്നിട്ടു. എന്നിട്ട് അവരെ ഉപദ്രവിക്കുന്നത് ക്രിസ്തീയമല്ലാത്തതിനാൽ എന്തുചെയ്യണമെന്ന് ചോദിച്ചു. കവർച്ചക്കാർ അത് മോശയാണെന്ന് തിരിച്ചറിയുകയും അനുതപിച്ച് ആ സന്യാസ സമൂഹത്തിലെ അംഗങ്ങളായി ചേരുകയും ചെയ്തു (Palladius, 1898; Thurston & Attwater, 1990, Vol. III).

ഏറെ വർഷത്തെ സന്യാസജീവിതത്തിനുശേഷം മോശയെ ശെമ്മാശനാക്കി. വെള്ളവസ്ത്രം ധരിപ്പിച്ചശേഷം മെത്രാപ്പോലീത്ത പറഞ്ഞു: 'ഇപ്പോൾ മോശ പൂർണ്ണമായും വെളുത്തതാണ്.' മോശ മറുപടിയായി പറഞ്ഞു: 'ഞാൻ ബാഹ്യമായി വെളുത്തതാണ്, എന്നാൽ എന്റെ ഉള്ളം ഇപ്പോഴും കറുത്തതാണെന്ന് ദൈവം അറിയുന്നു.' പരീക്ഷിക്കുന്നതിനായി മെത്രാപ്പോലീത്ത ഒരിക്കൽ പുരോഹിതന്മാരോടായി പറഞ്ഞു: 'നിങ്ങൾ മോശയെ യോഗ്യനല്ലാത്ത എത്യോപ്യൻ എന്നാക്ഷേപിച്ച് മദ്ബഹായിൽ നിന്ന് പുറത്താക്കണം.' വിനയാന്വിതനായ മോശ ആ അവഹേളനം സ്വീകരിച്ചു. അതിനുശേഷം അലക്സന്ത്രിയായിലെ മെത്രാപ്പോലീത്ത മോർ തെയോഫീലോസ് മോശയെ വൈദികനായി പട്ടം കൊടുത്തു. വൈദികനായ മോശ പതിനഞ്ചുവർഷം വൈദികശുശ്രൂഷകൾ നിർവ്വഹിച്ചു. മോശയ്ക്ക് ധാരാളം ശിഷ്യന്മാരുണ്ടായിരുന്നു.

വിശുദ്ധ മോശയ്ക്ക് എഴുപത്തിയഞ്ച് വയസ്സ് പ്രായമായപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞു: ''കവർച്ചക്കാർ വന്ന് സ്കീറ്റിലുള്ളവരെ കൊലചെയ്യുമെന്നും അതിനാൽ സന്യാസികൾ ആക്രമിക്കപ്പെട്ട് മരിക്കാതിരിക്കുന്നതിന് ആശ്രമം വിട്ടുപോകണമെന്നും നിർദ്ദേശിച്ചു.'' ശിഷ്യന്മാരോടുകൂടെ മോശയും ആശ്രമം ഉപേക്ഷിച്ചുവരണമെന്നവർ യാചിച്ചെങ്കിലും

മോശ മറുപടിയായി പറഞ്ഞു: ''നമ്മുടെ നാഥനായ യേശു ക്രിസ്തുവിന്റെ വചനങ്ങൾ സാക്ഷാൽകരിക്കപ്പെടുന്നതിന് ഞാൻ ദീർഘ സംവത്സരങ്ങളായി കാത്തിരിക്കുകയായിരുന്നു. വാളെടുക്കുന്നവനെല്ലാം വാളാൽ നശിക്കും'' (മത്തായി 26:52). അതിനുശേഷം വിശുദ്ധ മോശയുടെകൂടെ ഏഴ് സന്യാസി സഹോദരന്മാർ അവിടെ താമസിച്ചു. ആ ഏഴു പേരിൽ ഒരാൾ ഒളിച്ചിരിക്കുകയും കവർച്ചക്കാർ ആക്രമിക്കുകയും മോശ യെയും കൂടെയുണ്ടായിരുന്ന ആറുപേരെയും കൊല്ലുകയും ചെയ്തു. ഇത് ഉദ്ദേശം ഏ. ഡി. 400ൽ ആണെന്ന് അഭിപ്രായ മുണ്ട് (http://incommunion.org/2011/12/07/st-moses-the-black-a-patron-saint-of-non-violence-by-pieter-dykhorst/).

വിശുദ്ധ മോശയെ അൽ ബറാമസ് ദയറായിൽ കബറ ടക്കി (Thurston & Attwater, 1990, Vol. III). വിശുദ്ധ മോശയുടെ ഓർമ്മ സുറിയാനി സഭ ജൂൺ 18, ആഗസ്റ്റ് 28 എന്നീ തീയ തികളിൽ ആചരിക്കുന്നു.

# മോർ ശാലീത്തൊ

(ഏ. ഡി. 320? – 415?)

മോർ ശാലീത്തൊ (Shalito) ഈജിപ്റ്റിലെ പക്കോമിയോസിന്റെ ആശ്രമത്തിൽ സന്യാസിയായിരുന്നു. ഇദ്ദേഹം വിശുദ്ധന്മാരുടെ ജീവചരിത്രം, പഴയനിയമം, പുതിയനിയമം എന്നിവ പാരായണം ചെയ്യുന്നതിൽ അതീവ തൽപരനായിരുന്നു. താഴ്മയിലും, ഗാനങ്ങൾ ആലപിക്കുന്നതിലും നല്ല മാതൃകയായിരുന്നു. ഏതാണ്ട് അഞ്ചുവർഷം ആശ്രമത്തിന്റെ ഭരണചുമതല മോർ ശാലീത്തൊ നിർവഹിച്ചു.

ഒരിക്കൽ അശുദ്ധാത്മാവുബാധിച്ച ഒരാൾ ശാലീത്തൊയുടെ മധ്യസ്ഥപ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു. മോർ ശാലീത്തൊയുടെ പ്രവർത്തനങ്ങൾ മറ്റു സന്യാസികളിൽ അസൂയ ഉളവാക്കി. തന്മൂലം ശാലീത്തൊ പക്കോമിയോസിന്റെ ആശ്രമം വിട്ട് മറ്റൊരു ആശ്രമത്തിൽ ഏതാണ്ട് 10 വർഷം താമസിച്ചു. മലകളിൽ താമസിച്ചിരുന്ന സന്യാസികളെപ്പോലെയാണ് ശാലീത്തൊ അവിടെ ജീവിച്ചിരുന്നത്.

സാത്താന്റെ പല പരീക്ഷണങ്ങളും മോർ ശാലീത്തൊ പ്രാർത്ഥനയാലും പരിശുദ്ധാത്മാവിന്റെ ശക്തിയാലും അതിജീവിച്ചു. മോർ ശാലിത്തൊ അറിയോസിന്റെ വേദവിപരീതത്തെ ശക്തിയായി എതിർത്തു. ''അറിയോസിന്റെ തെറ്റിനെ മോർ ശാലീത്തൊ ഒരു ദർശനത്തിലൂടെ തിരിച്ചറിഞ്ഞു. ആ ദർശനം ഇപ്രകാരമായിരുന്നു. 'അറിയോസിന്റെ വേദവിപരീതം അന്ധകാരമാണ്; എന്നാൽ സഭയുടെ സത്യവിശ്വാസം (Orthodoxy of the Church) എന്ന പ്രകാശം അതിനെ മായിച്ചുകളയും. കർത്താവായ യേശുമശിഹാ വേദവിപരീതത്തെ കീഴ്പ്പെടു

ത്തും. അഗ്നിയിൽ കടലാസെന്നപോലെ അതു നശിപ്പിക്കപ്പെടും. സത്യവിശാസം വഞ്ചനകളെയും വേദവിപരീതത്തെയും കീഴ്പ്പെടുത്തും.''

മേൽപറഞ്ഞ ദർശനത്തിനു ശേഷം മോർ ശാലീത്തൊ തന്റെ സഹോദരന്മരോടുകൂടെ താമസിക്കുന്നതിനായി പോയി. മോർ ഔഗേനെ സംബന്ധിച്ചും മോർ ശാലീത്തൊ ഒരു ദീർഘദർശനം പറഞ്ഞു: ''നമുക്ക് ഒരു വലിയ അടയാളം ലഭിക്കും. അതെന്തെന്നാൽ, പരിശുദ്ധ അപ്പോസ്തോലന്മാരെപ്പോലെ പരിശുദ്ധാത്മാവു നിറഞ്ഞ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട ഒരു മനുഷ്യൻ. ഇദ്ദേഹം നമ്മുടെ നേതാവായിരിക്കും. നിങ്ങൾ ക്രിസ്തുവിന്റെ അടുക്കൽ അപ്പോസ്തോലന്മാരെപ്പോലെയാകും. നിങ്ങൾ കിഴക്കോട്ട് സഞ്ചരിച്ച് കർത്താവിന്റെ സുവിശേഷം പ്രചരിപ്പിക്കും. മനുഷ്യഹൃദയങ്ങളാകുന്ന വയലിൽ നിങ്ങൾ സുവിശേഷം വിതയ്ക്കും. നിങ്ങൾ പോയി അറിയോസിന്റെ തെറ്റിനെ തിരുത്തും.''

കുറച്ചുനാൾ കഴിഞ്ഞപ്പോൾ മോർ ഔഗേൻ, മോർ ശാലീത്തൊയോടും അവന്റെ സഹോദരന്മാരോടും ചേർന്നു. മോർ ശാലീത്തൊയുടെ പ്രവചനം സാക്ഷാത്കരിക്കപ്പെട്ടു. അവർ സത്യവിശ്വാസം പ്രചരിപ്പിച്ച് കർത്താവായ യേശു മിശിഹായുടെ മുന്തിരിത്തോപ്പിൽ വേല ചെയ്തു. അവർ മോർ ഔഗേന്റെ നേതൃത്വത്തിൽ മെസൊപ്പൊട്ടോമ്യയിലെ നിസിബിൻ എന്ന പട്ടണത്തിലേക്ക് പോയി.

മൂന്നു വർഷങ്ങൾക്കുശേഷം ഷാർഒട്ടോ (Shar'oto) എന്ന ഗ്രാമത്തിൽ പ്ലേഗ് ബാധയുണ്ടായി. ഓരോ ദിവസവും ധാരാളം ആളുകൾ മരിച്ചുകൊണ്ടിരുന്നു. മോർ ഔഗേൻ 'മരണത്തിന്റെ ദൂതൻ നീങ്ങിപ്പോകേണ്ടതിന്' മോർ ശാലീത്തൊയോട് പ്രർത്ഥിക്കുന്നതിന് ആവശ്യപ്പെട്ടു. 1203 പേരുടെ മരണത്തിനിടയാക്കിയ ബാധ അവരെ ഒഴിഞ്ഞുപോയി. തുടർന്ന് മോർ ഔഗേനും മോർ ശാലീത്തൊയും ഇസ്ലോ (Mt. Izlo) മലയിലേക്കു പോയി.

ഒരു രാത്രി ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ ഒരു പാമ്പ് ശാലീത്തൊയെ കടിച്ചു. ശാലീത്തൊ ആ പാമ്പിനെ കൊന്നിട്ട് ഇപ്രകാരം പറഞ്ഞു: ''ഓ സർപ്പമേ! കർത്താവ് ഞങ്ങൾക്ക് തേളിന്റെയും പാമ്പിന്റെയും മുകളിൽ നടക്കുന്നതിനും എല്ലാ ദുഷ്ടാത്മക്കളെയും പുറത്താക്കുന്നതിനും അധികാരം തന്നിട്ടുണ്ട് എന്ന് നിനക്കറിഞ്ഞുകൂടയോ? നിന്റെ ഒരു ദുഷ്പ്രവൃത്തിയും സാധ്യമാകയില്ല.'' മോർ ശാലീത്തൊയ്ക്ക് പാമ്പിന്റെ കടിയേറ്റെങ്കിലും വിഷമേൽക്കുകയുണ്ടായില്ല.

നിസിബിനിലെ മോർ യാക്കോബ് (d. ഏ. ഡി. 338) മെത്രാപ്പോലീത്തായാകുന്നതിനു മുമ്പ് മോർ ഔഗേനോടും മോർ ശാലീത്തൊയോടുംകൂടെ കുർദു (Quardu) മലയിലെ ബോറ്റാൻ (Botan) പ്രദേശങ്ങളിലേക്ക് പോയി. അവർ ജാതികളുടെ ഒരു ക്ഷേത്രം (Zorababel) സ്ഥിതി ചെയ്തിരുന്ന സാരിക്ലോ (Zariklo) എന്ന സ്ഥലത്ത് ഒരു പള്ളി പണികഴിപ്പിച്ചു.

മറ്റൊരവസരത്തിൽ ഈ മൂന്നു വിശുദ്ധർ ഒരു മലയുടെ അടിവാരത്തിൽ വിശ്രമിക്കുമ്പോൾ ഒരു വ്യാളി (ചിറകുള്ള ഒരു ഉഗ്ര സർപ്പം) ഒരു പൈതലിനെ ഉപദ്രവിക്കുന്നതായിക്കണ്ടു. ആ വ്യാളി ആ പൈതലിനെ കൊന്നു. മോർ ശാലീത്തൊ ആ പൈതലിനെ ജീവിപ്പിക്കുകയും ഗ്രാമവാസികൾ ഏറെ സന്തോഷിക്കുകയും മൂന്നു ദിവസത്തേക്ക് ആഘോഷങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

മോർ ശാലീത്തൊ ഇസ്ലോ മലയിലേക്ക് മടങ്ങിപ്പോയി. തുടർന്ന് ഒരു സുവിശേഷ യാത്രയ്ക്കായി ഇസ്ലോ മലയിലെ ദയറായിൽനിന്നു പുറപ്പെട്ടു ബെത്ത് സബദായ് (Beth Zabady) ക്കടുത്തുള്ള സോബൊ മലയിലേക്ക് പോയി. അദ്ദേഹം അപ്പോസ്തോലനായ പത്രോസിനെപോലെ ടൈഗ്രീസ് നദിയിലൂടെ നടന്ന് അക്കര കടന്നു. സോബോ മലയിൽ ശക്തമായ മഞ്ഞുവീഴ്ചയും ദുഷ്കരമായ കാലാവസ്ഥയുംമൂലം കുറെ മാസങ്ങൾ സൂര്യനെയോ ചന്ദ്രനെയോ കാണാൻ കഴിഞ്ഞിരുന്നില്ല. ഒടുവിൽ അദ്ദേഹം മാറാന

ശാഫ് (Maranashaf) എന്ന ഗ്രാമത്തിലേക്ക് പോയി. ആ ഗ്രാമത്തിൽനിന്ന് ദുഷ്ടാത്മാക്കളെ ഓടിച്ചുകളഞ്ഞു. മോർ ശാലീത്തൊ കുർദുകളെ ക്രസ്ത്യാനികളാക്കി. ഫർസൂൻ (Farzoon) എന്ന ഗ്രാമത്തിൽ അദ്ദേഹം ഒരാളെ ഉയർപ്പിച്ചു (Arslan, 2005).

മോർ ശാലീത്തൊ അനേകരെ മാമോദീസ മുക്കി.[2] യാത്ര ചെയ്ത് മൊയ്ലോ (Moelo) എന്ന ഗ്രാമത്തിലെത്തിയപ്പോൾ മോർ ഔഗേൻ കാലംചെയ്തു എന്നറിഞ്ഞു. മോർ ശാലീത്തൊ 95-ാമത്തെ വയസ്സിൽ കാലം ചെയ്തു. അദ്ദേഹത്തിന്റെ തിരുശേഷിപ്പുകളുടെ മുകളിലായി ഒരു ദയറ പണിതു. ആ ദയറ മോർ ശാലീത്തൊയുടെ ദയറ എന്നറിയപ്പെടുന്നു. മോർ ശാലീത്തോയുടെ ഓർമ്മപ്പെരുന്നാൾ സുറിയാനി സഭ നവംബർ 15-ാം തീയതി ആഘോഷിക്കുന്നു.

2 Translated from Arslan, J. (2005) *Saints Syriaques* by Rev. Dn. John Anderson, student at St. Ephrem's Seminary, Ma'arat Saidnaya, Syria in January 2010.

# വിശുദ്ധ അംബ്രോസിയോസ്
## (ഏ. ഡി. 340 – 397)

അംബ്രോസിയോസ് (Ambrose) ഏ. ഡി. 340ൽ ക്രിസ്തീയ മാതാപിതാക്കന്മാരുടെ പുത്രനായി ട്രയറിൽ (Trier, now in Germany) ജനിച്ചു. പിതാവ് ഫ്രാൻസിലെ ഗവർണ്ണറായിരുന്നു. അംബ്രോസിയോസിന്റെ ബാല്യത്തിൽത്തന്നെ പിതാവ് നിര്യാതനായി (Hoever, 1989). നിയമം പഠിച്ച് റോമിൽ അഭിഭാഷകനായിരിക്കെ ഏ. ഡി. 370ൽ ലിഗൂരിയ, എമിലിയ (Liguria, Aemilia) എന്നീ പ്രദേശങ്ങളുടെ ഗവർണ്ണറായി നിയമിതനായി (Hoever, 1989; *Encarta*, 2005).

ഏ. ഡി. 374ൽ മിലാനിലെ അറിയൂസ് പക്ഷക്കാരനായ ഒക്സാനിയോസ് എപ്പിസ്കോപ്പാ നിര്യാതനായി (Aphrem, 1963). അദ്ദേഹത്തിനു പകരമായി ഒരു എപ്പിസ്കോപ്പയെ തെരഞ്ഞെടുക്കുന്നതിന് പള്ളിയിൽ യോഗം ചേർന്നു. അറിയൂസ് പക്ഷക്കാരും അവരെ എതിർക്കുന്നവരും തമ്മിൽ വലിയ തർക്കവും ബഹളവും ഉണ്ടായി. ഈ തർക്കം പരിഹരിക്കുന്നതിനായി ഗവർണറായ അംബ്രോസിയോസ് പള്ളിയിലെത്തി. പ്രസംഗത്തിനിടയിൽ ഒരു ശിശു അംബ്രോസിയോസ് എപ്പിസ്കോപ്പയാകട്ടെ എന്നുവിളിച്ചു പറഞ്ഞു. അംബ്രോസിയോസിന് മനസ്സില്ലായിരുന്നെങ്കിലും ജനം ഏകകണ്ഠമായി അഭിപ്രായപ്പെട്ടതിനാൽ ആ സ്ഥാനം സ്വീകരിക്കുന്നതിന് നിർബന്ധിതനായി. അംബ്രോസിയോസ് 34-ാം വയസ്സിൽ ഏ. ഡി. 374 ഡിസംബർ ഏഴാം തീയതി (Moothedan, 2001) മാമോദീസായേറ്റ് എട്ടുദിവസം കൊണ്ട് പടിപടിയായി സ്ഥാനം പ്രാപിച്ച് എപ്പിസ്കോപ്പയായി (Aphrem, 1963). അംബ്രോസിയോസ് തന്റെ സമ്പാദ്യം മുഴുവൻ സഭയ്ക്കും ദരിദ്രർക്കുമായി ദാനം ചെയ്തു.

അംബ്രോസിയോസ് വി. ഗ്രന്ഥങ്ങളും സഭാപിതാക്കന്മാരുടെ എഴുത്തുകളും പഠിക്കുകയും ദൈവശാസ്ത്രം, സന്യാസം എന്നിവയെ സംബന്ധിച്ച് ധാരാളം എഴുതുകയും ചെയ്തിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടതാണ് ക്രിസ്തീയ ധർമ്മശാസത്രത്തെ സംബന്ധിക്കുന്ന *De Officiis Ministrorum* എന്ന ഗ്രന്ഥവും തന്റെ സഹോദരിയായ വിശുദ്ധ മെർസിലനയ്ക്കെഴുതിയ *De Virginibus* എന്ന കൃതിയും (White, 1991). വിശുദ്ധ അംബ്രോസിയോസ് ആര്യനിസത്തിനെതിരായ ശക്തനായ വക്താവായിരുന്നതിനാൽ അദ്ദേഹം 'Hammer of Arianism' എന്നും അറിയപ്പെട്ടിരുന്നു.

അംബ്രോസിയോസ് രാജ്യഭരണത്തിൻ നിന്ന് സഭാഭരണം സ്വതന്ത്രമായിരിക്കണമെന്ന നിശ്ചയദാർഢ്യത്തോടെ പ്രവർത്തിച്ച ധൈര്യശാലിയായിരുന്നു. ഗവർണർ എന്ന നിലയിൽ ഇദ്ദേഹത്തിന്റെ ബുദ്ധിയും ദയാപരമായ പ്രവർത്തനങ്ങളും ജനങ്ങളിൽ മതിപ്പും സ്നേഹവും ഉളവാക്കിയിരുന്നു. ഒരിക്കൽ ഔക്സെൻസിയൂസ് ചക്രവർത്തിയുമായുള്ള തർക്കത്തിൽ അംബ്രോസിയോസ് പറഞ്ഞു: 'ചക്രവർത്തി സഭയിലെ ഒരംഗമാണ്. തിരുസഭയ്ക്കു മുകളിലല്ല' (Moothedan, 2001). രാജാവ് ആചാര്യന്മാരുടെ സ്ഥാനത്തു കയറിനില്ക്കുന്നതിനെയും അംബ്രോസിയോസ് വിലക്കി. 'നിങ്ങൾ ധരിച്ചിരിക്കുന്ന രാജകീയ വസ്ത്രം ഒരു പുരോഹിതന്റേതല്ല. ഒരു രാജാവിന്റേതാണ്, ആകയാൽ രാജവസ്ത്രധാരിയായി പുരോഹിതന്മാരുടെകൂടെ നില്ക്കുന്നത് ശരിയല്ല'. എന്നാൽ അക്കാലത്ത് മിശിഹായിൽ വിശ്വസിക്കുന്ന രാജാക്കന്മാർക്ക് മദ്ബഹാ മുമ്പാകെ സഭാതലവന്മാരോടൊപ്പം കയറി നില്ക്കുന്നതിന് അനുവാദമുണ്ടായിരുന്നു (Chediath, 1998, p. 251). നാലാം നൂറ്റാണ്ടിൽ രാജാക്കന്മാരുടെ പരിലാളനവും സംരക്ഷണവും സഭയ്ക്കു ലഭിച്ചിരുന്നതിന്റെ പശ്ചാത്തലത്തിലായിരിക്കണം ഈവിധ പരിഗണനയും അനുവാദവും രാജക്കന്മാർക്ക് ലഭിച്ചത്.

ഏ. ഡി. 390ൽ തെസ്സലോനിക്കയിലെ 7000 പേരുടെ വധത്തിന് നിർദ്ദേശം നൽകിയ തേവോദോസിയോസ് ചക്ര

വർത്തിയെ അംബ്രോസിയോസ് ദൈവാലയത്തിൽ പ്രവേശിപ്പിച്ചില്ല. അദ്ദേഹം ചോദിച്ചു: 'നീ ആരാകുന്നു. സർവ്വലോകത്തിനും ഏകരാജാവും ഏക കർത്താവുമേയുള്ളു. ദൈവം തന്നെ. നീ നിന്നെത്തന്നെ ആരാക്കുന്നു. വിവേചനകൂടാതെ കൂട്ടക്കൊലയ്ക്കു കല്പനകൊടുക്കുവാൻ ജീവന്റെമേൽ അധികാരമുള്ള ദൈവത്തിന്റെ സ്ഥാനമാണോ നിനക്കുള്ളത്' (Aphrem, 1963). ഈ ശാസന തേവോദോസിയോസ് ചക്രവർത്തിയെ അനുതാപത്തിലേക്ക് നയിക്കുകയും അംബ്രോസിയോസിന്റെ താല്പര്യപ്രകാരം ഒരു നിയമനിർമ്മാണം നടത്തുകയും ചെയ്തു. ആ നിയമമനുസരിച്ച് ഒരുവൻ കൊലയ്ക്കുതക്ക കുറ്റം ചെയ്താൽ അവനെ വധിക്കുന്നതിനു മുൻപ് അവൻ കുറ്റക്കാരനാണോ എന്ന് പരിശോധിച്ച് സ്ഥിരീകരിക്കുന്നതിനായി 30 ദിവസത്തെ സമയം നൽകപ്പെടണം.

വിശുദ്ധ അഗസ്റ്റിന്റെ മാനസാന്തരത്തിന് വിശുദ്ധ അംബ്രോസിയോസിന്റെ പ്രസംഗങ്ങൾ വളരെ പ്രയോജനപ്പെട്ടിട്ടുണ്ട്. വി. അഗസ്റ്റിനെ എ. ഡി. 387ൽ അംബ്രോസിയോസ് സ്നാനം കഴിപ്പിച്ചു. 23 വർഷത്തെ സഭാസേവത്തിനു ശേഷം മിലാനിലെ മെത്രാപ്പോലീത്തയായ അംബ്രോസിയോസ് എ. ഡി. 397 ഏപ്രിൽ 4-ാം തീയതി കാലംചെയ്തു (Aphrem, 1963) . ഈ പരിശുദ്ധന്റെ ഓർമ്മ ഡിസംബർ 7-ാം തീയതി (മാമ്മോദീസാ ഏറ്റ ദിവസം) സഭ ആഘോഷിക്കുന്നു.

# സന്യാസിയും എഴുത്തുകാരനുമായ വിശുദ്ധ എവാഗ്രിസ്

**(ഏ. ഡി. 344? - 398)**

സന്യാസിയും എഴുത്തുകാരനുമായ എവാഗ്രിസ് പൊന്തോസ് ഗലാറ്റിക്കസിലെ ഐബോറ എന്ന സ്ഥലത്ത് ഉദ്ദേശം ഏ. ഡി. 344ൽ ജനിച്ചു (Wace, 1911). എവാഗ്രിസിനെ കൈസര്യയിലെ മോർ ബസ്സേലിയോസ് വായനക്കാരനായും പിന്നീട് നസിയാൻസനിലെ മോർ ഗ്രീഗോറിയോസ് പൂർണ്ണ ശെമ്മാശനായും പട്ടം കൊടുത്തു (Palladius, 1898; Smith & Wace, 1880, Vol. II; Wace, 1911; Malaty, 2005). മോർ ഗ്രീഗോറിയോസ് എവാഗ്രിസ് ശെമ്മാശനെ ഏ. ഡി. 381ൽ കൂടിയ കുസ്തന്തീനോപോലീസിലെ സുന്നഹദോസിൽ സംബന്ധിക്കുന്നതിന് കൂടെകൊണ്ടുപോയിരുന്നു. പുതുതായി വാഴിക്കപ്പെട്ട നെക്റ്റാറിയസ് മെത്രാപ്പോലീത്തയുടെ സഹായത്തിനായി എവാഗ്രിയസ് അവിടെത്തന്നെ താമസിച്ചു. എവാഗ്രിസ് വേദവിപരീതങ്ങൾക്കെതിരായി ശക്തിയോടെ വാദിക്കുന്നതിൽ നിപുണനായിരുന്നു (Wace, 1911).

ഒരു ഉയർന്ന മുൻ ഉദ്യോഗസ്ഥന്റെ ഭാര്യ നിമിത്തം എവാഗ്രിസ് ജഢികചിന്തകളിൽ വീഴുന്നതിനിടയായി. എവാഗ്രിസ് കടുത്ത പനി ബാധിച്ച് ആറുമാസത്തോളം ഏറെ ബുദ്ധിമുട്ടുകയുണ്ടായി. എവാഗ്രിസ് അവിടെനിന്നും യെരൂശലേമിലേക്കു പോയി. അവിടെയെത്തിയ എവാഗ്രിസിനെ അനുഗ്രഹീതയായ മെലാനിയ ശുശ്രൂഷിച്ചു. മെലാനിയ പറഞ്ഞു: ''മകനേ, നിന്റെ രോഗം എന്നെ ദുഃഖിപ്പിക്കുന്നു. അതുകൊണ്ട് നിന്റെ വിചാരങ്ങൾ എന്നോട് പറയുക. എവാഗ്രിസ് എല്ലാ കാര്യങ്ങളും മെലാനി

യയോടു ഏറ്റുപറഞ്ഞു.'' മെലാനിയ പറഞ്ഞു: ''ഒരു സന്യാസ ജീവിതം നയിച്ചുകൊള്ളാമെന്ന് ദൈവതിരുമുൻപാകെ നീ എനിക്കു വാക്കുതരണം. പാപിയായ ഞാൻ നിനക്കു ഒരു ജീവിതം ലഭിക്കുന്നതിന് പ്രാർത്ഥിക്കാം'' (Malaty, 2005, p. 239). എവാഗ്രിസ് ആയത് സമ്മതിക്കുകയും തുടർന്ന് ഏതാനും ദിവസത്തിനുള്ളിൽ സുഖം പ്രാപിക്കുകയും ഉദ്ദേശം ഏ. ഡി. 382ൽ ഈജിപ്റ്റിലെ നൈട്രിയ മലയിലേക്കു പോകുകയും ചെയ്തു.

രണ്ടുവർഷം നൈട്രിയയിൽ താമസിച്ചശേഷം മൂന്നാം വർഷം മരുഭൂമിയിൽ പ്രവേശിച്ചു. അങ്ങനെ സെല്ലിയ എന്ന് വിളിക്കപ്പെടുന്ന സ്ഥലത്ത് പതിനാലു വർഷം താമസിച്ചു. വിശുദ്ധിയിൽ വളർന്നശേഷം *ആന്റിറെറ്റിക്ക* എന്നറിയപ്പെടുന്ന സന്യാസികൾക്കുള്ള മൂന്നു പുസ്തകങ്ങൾ രചിച്ചു. അവയിൽ സാത്താനെതിരായി പോരാടുന്നതിനെക്കുറിച്ചാണ് വിവരിച്ചിരിക്കുന്നത്. അലക്സാന്ത്രിയായിലെ തെയോഫീലോസ് മെത്രാപ്പോലീത്ത എവാഗ്രിസിനെ മെത്രാപ്പോലീത്തയായി വാഴിക്കുന്നതിനാഗ്രഹിച്ചെങ്കിലും എവാഗ്രിസ് അതിനു സമ്മതിച്ചില്ല (Wace, 1911). ഒരിക്കൽ എവാഗ്രിസ് പറഞ്ഞു: ''എപ്പോഴും മരണത്തെക്കുറിച്ച് ഓർത്തുകൊള്ളണം. നിത്യമായ ന്യായവിധിയെ വിസ്മരിക്കരുത്. അങ്ങനെയെങ്കിൽ നിന്റെ ആത്മാവിന് ഒരു തെറ്റും പറ്റുകയില്ല'' (Malaty 2005, p. 239).

പ്രാർത്ഥനയെക്കുറിച്ച് എവാഗ്രിസ് എഴുതിയിരിക്കുന്നതിപ്രകാരമാണ്. 'പ്രാർത്ഥന സൗമ്യതയുടെ പുഷ്പമാണ്. അത് കോപത്തിൽനിന്ന് സ്വാതന്ത്ര്യം നൽകുന്നു. പ്രാർത്ഥന സന്തോഷത്തിന്റെയും കൃതജ്ഞതയുടെയും ഫലമാണ്. പ്രാർത്ഥന മനഃതകർച്ചയ്ക്കും ആശയില്ലാത്ത അവസ്ഥയ്ക്കുമുള്ള പരിഹാരമാണ്. ഏകാഗ്രതയോടെ പ്രാർത്ഥിക്കുന്നതിന് നീ നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുകയും നിന്റെ കുരിശെടുത്ത് എന്നെ അനുഗമിക്കുകയും ചെയ്ക. മൂല്യമുള്ള ജീവിതം നയിക്കുന്നതിന് ഓരോ നാഴികയിലും നീ നിന്നെത്തന്നെ ത്യജിക്കണം . . . പ്രാർത്ഥന ആത്മാവിനെ ദൈവത്തിങ്കലേക്ക്

ഉയർത്തുന്നതിനുള്ള ഉപാധിയാണ്. നീ പ്രാർത്ഥന ആഗ്രഹിക്കുന്നെങ്കിൽ എല്ലാം നേടുന്നതിനായി എല്ലാം ത്യജിക്കണം' (Malaty, 2005, p. 239).

ഒരിക്കൽ, പതിനെട്ടു വർഷത്തിനുശേഷം തനിക്ക് എന്തു സംഭവിക്കുമെന്ന് എവാഗ്രിസ് തന്റെ ശിഷ്യന്മാരിൽ ഒരുവനോട് പറയുകയുണ്ടായി: ''ഞാൻ ഈ മരുഭൂമിയിൽ വന്നുപാർത്ത സമയം മുതൽ ഞാൻ ഒരു ഇലക്കറിയോ, പഴമോ, മുന്തിരിയോ, മാംസമോ ഭക്ഷിക്കുകയോ, കുളിക്കുകയോ ചെയ്തട്ടില്ല. പിന്നീട് പതിനാറു വർഷം പാകം ചെയ്യാത്ത ഭക്ഷണം കഴിച്ച് ജീവിച്ചശേഷം പാകംചെയ്ത ഭക്ഷണം കഴിക്കണമെന്ന ആഗ്രഹമുണ്ടായിയെങ്കിലും റൊട്ടിപോലും കഴിച്ചിട്ടില്ല.'' ഏതാനം ഔഷധച്ചെടികളും കഞ്ഞിയും പരിപ്പും ഭക്ഷിച്ച് രണ്ടു വർഷംകൂടെ ജീവിച്ച് മരണംപ്രാപിച്ചു. എവാഗ്രിസിന് അൻപത്തിനാലു വയസ്സുള്ളപ്പോൾ എ. ഡി. 398ൽ മരിക്കുന്നതിന് അല്പം മുൻപായി അദ്ദേഹം ഇപ്രകാരം പറഞ്ഞു: ''അദ്ധ്വാനത്തിന്റെയും പരിശ്രമത്തിന്റെയും നിരന്തരമായ പ്രാർത്ഥനയുടെയും ദീർഘമായ ജീവിതത്താൽ മൂന്നുവർഷമായി ജഡീക ആഗ്രഹങ്ങളാൽ എനിക്ക് ക്ലേശിക്കേണ്ടിവന്നിട്ടില്ല.''

സന്യാസിയും എഴുത്തുകാരനുമായ വിശുദ്ധ എവാഗ്രിസിന്റെ ഓർമ്മ സുറിയാനിസഭ ജനുവരി 16-ാം തീയതി ആചരിക്കുന്നു.

# മഹാനായ വിശുദ്ധ അർസേനിയസ്
## (ഏ. ഡി. 354 - 450?)

അർസേനിയസ് ഉദ്ദേശം ഏ. ഡി. 354ൽ റോമിലെ ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു. അർസേനിയസ് പ്രസംഗകലയും, തത്ത്വശാസ്ത്രവും, ഗ്രീക്ക്, ലാറ്റിൻ ഭാഷകളും പഠിച്ചു. പിന്നീട് തത്ത്വശാസ്ത്രവും, ലോകജീവിതത്തിന്റെ താൽക്കാലിക സുഖങ്ങളും ഉപേക്ഷിച്ച് ദൈവവേലയ്ക്കായി സമർപ്പിക്കുകയും റോമിലെ ഒരു ദൈവാലയത്തിൽ ശെമ്മാശനാകുകയും ചെയ്തു (Smith & Wace, 1880, Vol. II; http://home.iprimus.com.au/xenos/arseniosgreat.html).

റോമാസാമ്രാജ്യത്തിന്റെ കിഴക്കേ പകുതിയിൽ ഭരണം നടത്തിയിരുന്നത് തിയോഡോഷ്യസ് ഒന്നാമൻ (ഏ. ഡി. 379-395) ചക്രവർത്തിയായിരുന്നു. തിയോഡോഷ്യസ് ചക്രവർത്തി മക്കളായ അർക്കേഡിയസിന്റെയും ഹൊണേറിയസിന്റെയും പഠനകാര്യങ്ങൾ അർസേനിയസിനെ ഏല്പിച്ചു. വൈമനസ്യത്തോടെയാണെങ്കിലും പോപ്പ് ഡമസോസിന്റെ ആഗ്രഹമനുസരിച്ച് അർസേനിയസ്, ചക്രവർത്തിയുടെ മക്കളെ പഠിപ്പിക്കുന്നതിന് സമ്മതിച്ചു (http://catholicfire.blogspot.co.uk/2008/07/saint-of-day-st-arsenius-great.html).

അർസേനിയസ് കുസ്തന്തീനോപോലീസിൽ എത്തിയപ്പോൾ വലിയ ബഹുമാനത്തോടെ തിയോഡോഷ്യസ് ചക്രവർത്തി സ്വീകരിച്ചു. തിയോഡോഷ്യസ് ചക്രവർത്തി ഇപ്രകാരം കല്പിച്ചു: ‘‘ഇവർ ചക്രവത്തിയുടെ മക്കളാണെന്നത് മറന്നുകളയണം, അവർ എല്ലാകാര്യങ്ങളിലും പിതാവെന്ന നിലയിലും അധ്യാപകനെന്ന നിലയിലും അർസേനിയസിന്റെ

അടുക്കൽ വിധേയപ്പെട്ടുനില്ക്കണം.'' വലിയ ഉത്സാഹത്തോടെ അർസേനിയസ് അവരെ പഠിപ്പിച്ചു. എന്നാൽ അർസേനിയസിനെ ഉന്നതനെന്ന നിലയിൽ പരിഗണിച്ചിരുന്നത് അദ്ദേഹത്തെ അസ്വസ്ഥനാക്കി. അർസേനിയസ് നാഥനോട് പ്രാർത്ഥിക്കുകയും അതിനുത്തരമായി മനുഷ്യരിൽനിന്ന് ഓടിമാറുന്നതിന് ആഹ്വാനമുണ്ടായി. തുടർന്ന് ഉദ്ദേശം എ. ഡി. 396ൽ അർസേനിയസ് വിലകൂടിയ വസ്ത്രങ്ങൾ അഴിച്ചുമാറ്റി കീറിപ്പറിഞ്ഞ പഴയ വസ്ത്രങ്ങൾ ധരിച്ച് അലക്സന്ത്രിയായിലേക്കുള്ള കപ്പൽ കയറുകയും മരുഭൂമിയിലെ സ്കീറ്റിലെ ഒരു ആശ്രമത്തിലെത്തുകയും ചെയ്തു.

ആശ്രമത്തിലെ സഹോദരന്മാർ അർസേനിയസിനെ യൂഹാനോൻ എന്ന വിഖ്യാതനായ സന്യാസിയുടെ അടുക്കൽ കൊണ്ടുചെന്നു. അർസേനിയസിന്റെ താഴ്മ പരിശോധിക്കുന്നതിനായി അർസേനിയസിനെ മറ്റു സന്യാസികളുടെ കൂടെ ഭക്ഷണത്തിനിരുത്തിയില്ല. ഒരു ഉണക്ക അപ്പക്കഷണം എറിഞ്ഞുകൊടുത്തുകൊണ്ടു യൂഹാനോൻ പറഞ്ഞു: ''വേണമെങ്കിൽ അത് ഭക്ഷിക്കു.'' അർസേനിയസ് മുട്ടുകുത്തി ആ അപ്പകഷണം വായ്കൊണ്ട് കടിച്ചെടുത്തു. അതുകണ്ട യൂഹാനോൻ പറഞ്ഞു: ''ഇവനൊരു വലിയ സന്യാസിയായിത്തീരും.'' തുടർന്ന് അർസേനിയസിനെ സ്വീകരിക്കുകയും സന്യാസവസ്ത്രം ധരിപ്പിക്കുകയും ചെയ്തു.

അർസേനിയസ് സന്യാസി ഒരു ചെറിയ മുറിയിൽ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി. മൗനവ്രതം ആചരിച്ചിരുന്ന അർസേനിയസ് ഞായറാഴ്കളിലും മറ്റു പെരുന്നാൾ ദിനങ്ങളിലും പള്ളിയിൽ വന്ന് സംബന്ധിക്കുമായിരുന്നു. നിരന്തരമായ പ്രാർത്ഥനയിൽ മുഴുകിയിരുന്നുവെങ്കിലും ഉപദേശങ്ങൾ സ്വീകരിക്കുന്നതിനാഗ്രഹിച്ച് അദ്ദേഹത്തെ സന്ദർശിക്കുന്നവരെ നിരോധിച്ചിരുന്നില്ല.

അർസേനിയസ് ഈന്തപ്പനയുടെ പട്ടകൾ നനച്ച് കുട്ടകൾ നെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പലരും നോമ്പുനോക്കുന്നവരും, അനുതപിക്കുന്നവരും, ജാഗരിക്കുന്ന

വരുമാണെങ്കിലും അവരുടെ ആത്മാക്കളെ അഹങ്കാരത്തിൽനിന്നും, അത്യാഗ്രഹത്തിൽനിന്നും, അസൂയയിൽനിന്നും കാത്തുസൂക്ഷിക്കുന്നവർ വിരളമാണ്. ഈ കാര്യത്തിൽ ബാഹ്യമായി അലങ്കരിച്ചിരിക്കുന്ന ശവക്കല്ലറകൾപോലെ അവയുടെ ഉള്ളിൽ കുത്തിത്തുളക്കുന്ന ദുർഗ്ഗന്ധമാണുള്ളത്.

ഒരിക്കൽ ഒരു സന്യാസി അർസേനിയസിനോടു ഇപ്രകാരം ചോദിച്ചു: ''അർത്ഥം മനസ്സിലാക്കാതെ വിശുദ്ധ ഗ്രന്ഥം വായിക്കുന്ന ഒരാൾ എന്തുചെയ്യണം?'' അർസേനിയസ് പറഞ്ഞു: ''എന്റെ കുട്ടീ, വിശുദ്ധ വചനത്തിന്റെ അർത്ഥമോ ശക്തിയോ മനസ്സിലാകുന്നില്ലെങ്കിലും നീ നിരന്തരമായി വിശുദ്ധഗ്രന്ഥം പാരായണം ചെയ്യുകയും പഠിക്കുകയും ചെയ്യണം. കാരണം നമ്മുടെ ചുണ്ടുകളിൽ വിശുദ്ധ വചനം ഉള്ളപ്പോൾ അതു കേൾക്കുന്ന പിശാചുകൾ ഓടിപ്പോകും.'' അർസേനിയസ് പറയുമായിരുന്ന മറ്റൊരുകാര്യം: ''ഞാൻ എന്റെ വാക്കുകളെക്കുറിച്ച് ദു:ഖിച്ചിട്ടുണ്ടെങ്കിലും, ഒരിക്കലും എന്റെ നിശബ്ദതയെക്കുറിച്ച് ദു:ഖിച്ചിട്ടില്ല'' എന്നാണ്.

അർസേനിയസ് അൻപത്തിനാല് വർഷം സന്യാസ ജീവിതത്തിന്റെ അദ്ധ്വാനത്തിലും ബുദ്ധിമുട്ടുകളിലും ജീവിച്ചു. അദ്ദേഹം നാൽപതു വർഷം സ്കീറ്റിലും (ഉദ്ദേശം ഏ. ഡി. 394 - 434) പത്തുവർഷം (c. ഏ. ഡി. 434 - 444) മെംപിസിലെ ട്രോയിലും, പിന്നീട് മൂന്നുവർഷം കാനോപസിലും ഒരു വർഷം കൂടി ട്രോയിലും ചിലവഴിക്കുകയും ഉദ്ദേശം ഏ. ഡി. 450ൽ ട്രോയിൽവച്ച് കാലംചെയ്യുകയും ചെയ്തു. കാലംചെയ്യുന്നതിന് തൊട്ടടുത്ത നിമിഷങ്ങളിൽ അർസേനിയസ് കരയുകയായിരുന്നു. സന്യാസിമ്മാർ ചോദിച്ചു: ''പിതാവേ അവിടുത്തേക്ക് ഭയമാണോ?'' അർസേനിയസ് പറഞ്ഞു: ''സത്യമായും ഈ സമയം എനിക്കുള്ള ഭയം ഞാൻ സന്യാസിയായ കാലം മുതൽ എന്നിലുണ്ട്'' (Smith & Wace, 1877, Vol. I, p. 174).

വിശുദ്ധ അർസേനിയസിന്റെ ഓർമ്മ സുറിയാനി സഭ മെയ് 8-ാം തീയതി ആചരിക്കുന്നു.

# ഏകാന്തവാസിയായിരുന്ന മോർ പലേഡിയസ്

**(c. ഏ. ഡി. 367? - 425?)**

പലേഡിയസ് ഉദ്ദേശം ഏ. ഡി. 367ൽ (363?) ഗലാത്യയിൽ ജനിച്ചു (Cayre, 1935, Vol. I). പലേഡിയസിന് ഇരുപത്തിയഞ്ചു വയസ്സുള്ളപ്പോൾ സന്യാസം സ്വീകരിച്ചു. ഇദ്ദേഹം എവാഗ്രീസിന്റെ (d. ഏ. ഡി. 399) ശിഷ്യനായിരുന്നു (Malaty, 2005). അക്കാലത്തെ സുപ്രസിദ്ധരായ ഏകാന്തവാസികളെ സന്ദർശിക്കുകയും അവരുടെ സന്യാസരീതികളെ മനസ്സിലാക്കുന്നതിന് ധാരാളം സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യുകയും ചെയ്തു (Wace, 1911).

ഏ. ഡി. 387ൽ പലേഡിയസ് ബേത്‌ലഹേം സന്ദർശിക്കുകയും യെരൂശലേമിൽ വച്ച് മെലാനിയ, റൂഫിനസ് എന്നിവരെ കണ്ടുമുട്ടുകയും ചെയ്തു. ഏ. ഡി. 388ൽ പലേഡിയസ് അലക്സന്ത്രിയായും സമീപപ്രദേശങ്ങളിലെ ദയറാകളും സന്ദർശിക്കുകയുണ്ടായി (Malaty, 2005). ആ യാത്രയിൽ ദിദിമോസിനെ (d. ഏ. ഡി. 395) കണ്ടുമുട്ടുകയുണ്ടായി. തുടർന്ന് ഏ. ഡി. 390ൽ പലേഡിയസ് നൈട്രിയായിലെ മരുഭൂമിയിലേക്ക് പിൻവാങ്ങി.

ഒരു വർഷം നൈട്രിയൻ മരുഭൂമിയിൽ താമസിച്ചശേഷം മരുഭൂമിയുടെ ഉൾഭാഗങ്ങളിലേക്കു പോകുകയും ഒൻപതു വർഷം അവിടെ ചിലവഴിക്കുകയും ചെയ്തു (Cayre, 1935, Vol. I). ആ കാലഘട്ടത്തിൽ പലേഡിയസ്, മക്കാറിയോസ് (d. ഏ. ഡി. 390), എവാഗ്രീസ് (d. ഏ. ഡി. 399) എന്നിവരുമായി സംഭാഷണത്തിലേർപ്പെട്ടു. ഈജിപ്റ്റിലെല്ലായിടത്തും ഈ കാലഘട്ടത്തിൽ യാത്ര ചെയ്യുകയും പ്രധാനപ്പെട്ട എല്ലാ സന്യാസ ആശ്രമങ്ങളും സന്ദർശിക്കുകയും ചെയ്തു.

പലേഡിയസിന്റെ ആരോഗ്യനില മോശമായതിനാൽ പാലസ്തീനിലേക്ക് മടങ്ങിവരികയും തുടർന്ന് ബിഥിനിയായിൽ വന്നെത്തുകയും ചെയ്തു. അവിടെവച്ച് ഉദ്ദേശം ഏ. ഡി. 400ൽ മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് വിളിക്കപ്പെട്ടു (Cayre, 1935, Vol. I; Malaty, 2005). സ്വർണനാവുകാരനായ മോർ ഈവാനിയോസ് (ജോൺ ക്രിസോസ്റ്റം) പലേഡിയസിനെ ഹെലനൊപോലീസിലെ മെത്രാപ്പോലീത്തയായി വാഴിച്ചു. മോർ ഈവാനിയോസിനെ (ഏ. ഡി. 347-407) അനുഗമിച്ചവർക്കു നേരെയുണ്ടായ പീഢനത്തിന്റെ ആദ്യത്തെ ഇരയായിരുന്നു മോർ പലേഡിയസ്. മോർ ഈവാനിയോസിനെ അനുകൂലിക്കുന്ന മെത്രാപ്പോലീത്തന്മാരെയോ, പുരോഹിതരെയോ, വിശ്വാസികളെയൊ ഭവനങ്ങളിൽ താമസിപ്പിക്കുന്നവരുടെ വസ്തുവകകൾ കണ്ടുകെട്ടുമെന്ന് ഒരു വിളംബരം ഉണ്ടായി. അതേത്തുടർന്ന് മോർ പലേഡിയോസും മറ്റുള്ള അനുയായികളും റോമിലേക്ക് പലായനം ചെയ്തു.

ഏ. ഡി. 405ൽ മോർ പലേഡിയസിനെയും മറ്റുള്ളവരെയും റോമിൽ ഔദാര്യത്തോടെ സ്വീകരിക്കുകയുണ്ടായി. ഈ നല്ല അനുഭവത്തെ മോർ പലേഡിയസ് നന്ദിപൂർവ്വം അനുസ്മരിക്കുകയും മോർ ഈവാനിയോസ് റോമിലെ കുലീനസ്ത്രീകൾക്കും, പിനിയാനസിനും അദ്ദേഹത്തിന്റെ ഭാര്യക്കും നന്ദി അറിയിച്ചുകൊണ്ട് കുക്കുസസിൽ നിന്നും കത്തയയ്ക്കുകയും ചെയ്തു (Wace, 1911).

റോമിലേക്കുപോയ സംഘം പിന്നീട് കുസ്തന്തീനോസ് പോലീസിലേക്കു മടങ്ങി വന്നെങ്കിലും അത്തീറെ കോട്ടയിൽ ഒറ്റമുറി സെല്ലുകളിൽ അവരെ ബന്ധനത്തിലാക്കി. മോർ ഈവാനിയോസുമായുള്ള ബന്ധം ഉപേക്ഷിക്കുന്നതിനും അറ്റിക്കസിനെ അംഗീകരിക്കുന്നതിനും നിർബന്ധിച്ചുവെങ്കിലും മോർ പലേഡിയസും മറ്റുള്ളവരും ഈ ഭീഷണികൾ അവഗണിച്ചു. തന്മൂലം മോർ പലേഡിയസിനെ ഈജിപ്റ്റിന്റെ ഏറ്റവും അതിർത്തി പ്രദേശമായ സയീനിലേക്ക് നാടുകടത്തി (Wace, 1911). മോർ പലേഡിയസ് ഏ. ഡി. 406 മുതൽ 412 വരെ ആറുവർഷം അവിടെ ചിലവഴിച്ചു (Cayre, 1935, Vol. I). ഏ. ഡി. 408ൽ *Dialogue on*

*the Life of St. John Chrysostom* എന്ന സുപ്രസിദ്ധ രചന മോർ പലേഡിയസ് നിർവ്വഹിച്ചു (Malaty 2005).

ഏ. ഡി. 412ൽ പലേഡിയസിനെ സയീൻ വിട്ടുപോകാൻ അനുവദിച്ചെങ്കിലും ഭദ്രാസനമായ ഹെലനോപോലീസിലേക്ക് മടങ്ങിവരാൻ കഴിഞ്ഞില്ല. മോർ പലേഡിയോസ് നാലുവർഷം തീബെയ്ദിലെ അന്റിനൊപോലീസിനടുത്ത് തന്റെ ആസ്ഥാന മാക്കി സമയം ചിലവഴിക്കുകയും മെസപ്പൊട്ടോമിയ, സിറിയ എന്നീ സ്ഥലങ്ങളിലും കിഴക്കുള്ള മറ്റു സ്ഥലങ്ങളിലും സഞ്ച രിക്കുകയും ചെയ്തു. ഏ. ഡി. 417ൽ സഭയിൽ സമാധാനം കൈവന്നപ്പോൾ മോർ പലേഡിയസ് ഹെലനോപോലീസിലെ തന്റെ ഭദ്രാസന ആസ്ഥാനത്ത് മടങ്ങിവന്നു. പിന്നീട് ഗലാ ത്യയിലെ അസ്പുന ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുക്കു കയും ചെയ്തു.

ഏ. ഡി. 431ൽ എഫേസോസിൽ കൂടിയ സുന്നഹദോ സിൽ അസ്പുന ഭദ്രാസനത്തെ പ്രതിനിധീകരിച്ച് മോർ യൗസേബിയോസാണ് പങ്കെടുത്തത്. ആയതിനാൽ ഏ. ഡി. 431ൽ മോർ പലേഡിയോസ് ജീവിച്ചിരുന്നില്ല എന്നനുമാനി ക്കാവുന്നതാണ്. മോർ പലേഡിയസ് ഗലാത്യയിലെ അസ്പു നയിലെ മെത്രാപ്പോലീത്തയായിരിക്കെ ഏ. ഡി. 425ൽ കാലം ചെയ്തതായി കരുതപ്പെടുന്നു (Cayre, 1935, Vol. I). മോർ പലേഡിയസിന്റെ ഓർമ്മ സുറിയാനി സഭ നവംബർ 29-ാം തീയതി ആചരിക്കുന്നു.

# ഈജിപ്റ്റിലെ വിശുദ്ധ മറിയം
## (ഏ. ഡി.? - 422?)

ഈജിപ്റ്റിൽ ജനിച്ച മേരി അവൾക്ക് പന്ത്രണ്ട് വയസ്സായപ്പോൾ വീട് വിട്ടിറങ്ങി അലക്സന്ത്രിയായിലേക്ക് പോയി. അലക്സന്ത്രിയയിൽ പതിനേഴ് വർഷം വേശ്യാവൃത്തിയിൽ ജീവിതം നയിച്ചു (Attwater & John, 1996; Farmer,1997).

തിയഡോഷ്യസ് (ഇളയവന്റെ) ഭരണകാലത്ത് പലസ്തീനിൽ സോസിമോസ് എന്ന ഒരു വിശുദ്ധ സന്യാസിയായ പുരോഹിതൻ ഉണ്ടായിരുന്നു. അദ്ദേഹം നാൽപത്തിമൂന്ന് സംവത്സരമായി ദൈവത്തെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. കൂടുതൽ വിശുദ്ധിയിൽ വളരുന്നതിന് സോസിമോസ് പലസ്തീനിലെ ആശ്രമം വിട്ട് ജോർദ്ദാനടുത്തുള്ള മറ്റൊരു ആശ്രമത്തിൽപോയി താമസിക്കുന്നതിന് നിർദ്ദേശമുണ്ടായി. ആ സമൂഹത്തിലെ അംഗങ്ങളെല്ലാം വലിയ നോമ്പിന്റെ ആദ്യ ഞായറാഴ്ച വിശുദ്ധ കുർബ്ബാനയ്ക്കുശേഷം മരുഭൂമിയിലേക്ക് വിടവാങ്ങുകയും ഊശാനഞായറാഴ്ച വരെ ഏകാന്തതയിലും അനുതാപത്തിലും കഴിച്ചുകൂട്ടുകയും പതിവായിരുന്നു. ഉദ്ദേശം ഏ. ഡി. 430ൽ (?) ഈ നോമ്പിന്റെ അവസരത്തിൽ സോസിമാസ് സന്യാസ ആശ്രമത്തിൽനിന്ന് ഇരുപത് ദിവസത്തെ (വഴി) ദൂരം സഞ്ചരിച്ച് സങ്കീർത്തനങ്ങൾ ഉരുവിടുന്നതിനും വിശ്രമിക്കുന്നതിനുമായി മധ്യാഹ്നസമയത്ത് ഒരിടത്തിരുന്നു. പെട്ടെന്ന് സന്യാസിയെപോലെ ഒരു വ്യക്തി ഓടി മാറുന്നതായി ശ്രദ്ധയിൽ പെട്ടു. അദ്ദേഹത്തിന്റെ അനുഗ്രഹം വാങ്ങുന്നതിനായി സോസിമോസ് അദ്ദേഹത്തിന്റെ പുറകെ ഓടി. എന്നാൽ ആ മനുഷ്യൻ ആശ്ചര്യപ്പെട്ടുകൊണ്ട് പറഞ്ഞു: ‘‘സോസിമോസ്

പുരോഹിത, ഞാനൊരു സ്ത്രീയാണ്; നീ എന്റെ അടുത്ത് വരുന്നതിനു മുമ്പ് എന്റെ ശരീരം മറയ്ക്കുന്നതിന് നിന്റെ പുതപ്പ് ഇങ്ങോട്ട് എറിഞ്ഞു തരൂ.''

മേരി അവളുടെ കഥ സോസിമോസിനെ പറഞ്ഞുകേൾപ്പിച്ചു. അവൾ ഈജിപ്റ്റിൽനിന്നുള്ളവളാണെന്നും മാതാപിതാക്കളുടെ അനുവാദമില്ലാതെ വീടു വിട്ടിറങ്ങി അലക്സന്ത്രിയായിലേക്ക് വന്നതാണെന്നും പറഞ്ഞു (Thurston & Attwater, 1990, Vol. II). ധനസമ്പാദനത്തിനുവേണ്ടിയല്ല, ജഡമോഹം തൃപ്തിപ്പെടുത്തുന്നതിനു പതിനേഴ് വർഷം അസന്മാർഗ്ഗിക ജീവിതം നയിച്ചുവെന്നും അവൾ ഏറ്റുപറഞ്ഞു.

മേരിക്ക് ഉദ്ദേശം ഇരുപത്തിയെട്ടു വയസ്സുള്ളപ്പോൾ(അറിയുവാനുള്ള ആകാംക്ഷകൊണ്ട്) അവൾ സ്ലീബാ പെരുന്നാൾ ആഘോഷിക്കുന്നതിന് ഊർശ്ലേമിലേക്കു പോകുന്ന തീർത്ഥാടകരോട് ചേർന്നുനടന്നു. യാത്ര ചെയ്യുമ്പോഴും അവൾ അവളുടെ തെറ്റായ ജീവിതരീതി തുടർന്നു. ദൈവാലയത്തിൽ പ്രവേശിക്കുന്നതിനു ശ്രമിച്ചെങ്കിലും ഒരു അദൃശ്യശക്തി അവളെ പുറകോട്ട് വലിക്കുന്നതായി അനുഭവപ്പെട്ടു. രണ്ടു മൂന്ന് തവണ ശ്രമിച്ചിട്ടും സാധിക്കാതെ വന്നപ്പോൾ മേരി പള്ളിക്ക് പുറത്ത് ഒരു മൂലയിൽ ഇരുന്നു. പെട്ടെന്ന് അവളുടെ പാപാവസ്ഥയെകുറിച്ചുള്ള ചിന്ത അവളിൽ ശക്തിയായി വ്യാപരിച്ചു. ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിന്റെ ചിത്രത്തിലേക്ക് ശ്രദ്ധപതിയുകയും അവൾ നിറകണ്ണുകളോടെ ആ ചിത്രത്തിലേക്ക് കണ്ണുകളുയർത്തുകയും ചെയ്തു. അതിനുശേഷം വിശുദ്ധ സ്ലീബായെ വന്ദിക്കുന്നതിനായി പള്ളിയിലേക്ക് പ്രവേശിക്കുന്നതിനു സാധിക്കുകയും ചെയ്തു. തുടർന്ന് നന്ദി അർപ്പിക്കുന്നതിനായി കന്യക മറിയാമിന്റെ ചിത്രത്തിനടുത്തേക്ക് വരികയും ചെയ്തു. അവിടെ അവൾ ഒരു ശബ്ദം കേട്ടു. ''നീ ജോർദ്ദാനിലേക്ക് പോകുക, നീ അവിടെ വിശ്രമം കണ്ടെത്തും.''

മേരി ഒരു ബേക്കറിയിൽനിന്ന് കുറച്ച് അപ്പം വാങ്ങി ജോർദ്ദാനിലേക്കുള്ള വഴി അന്വേഷിച്ച് യാത്ര തിരിച്ച് നദീ

തീരത്തുള്ള സ്നാപകയോഹന്നാന്റെ പള്ളിയിലെത്തി. അവൾ യോർദ്ദാൻ നദി കടന്ന് വിജനപ്രദേശത്ത് പോയി നാൽപ്പത്തിയേഴ് വർഷം അവിടെ താമസിച്ചു. അവൾ മനുഷ്യരെ ആരെയും കാണാതെയും ഈത്തപഴവും ഇലകളും ഭക്ഷിച്ച് ജീവിച്ചു. അവൾക്ക് വായിക്കാനറിയാമായിരുന്നില്ലെങ്കിലും ദൈവംതന്നെ അവളെ വിശ്വാസത്തിന്റെ രഹസ്യങ്ങൾ പഠിപ്പിച്ചു. അവൾ പറഞ്ഞ കാര്യങ്ങളൊന്നും ആരോടും പറയരുതെന്നും അവൾ സോസിമോസിനോട് അപേക്ഷിച്ചു. അടുത്ത വർഷം പെസഹാ വ്യാഴാഴ്ച വിശുദ്ധ കുർബ്ബാന കൊടുക്കുന്നതിനായി ജോർദ്ദാനിൽവച്ച് വീണ്ടും കാണാമെന്നു സമ്മതിച്ച് സോസിമോസ് അവളെ യാത്രയാക്കി. അടുത്തവർഷം പെസഹാ വ്യാഴാഴ്ച മുൻ നിശ്ചയിച്ച സ്ഥലത്തുവച്ച് സോസിമോസിൽനിന്ന് മേരി വിശുദ്ധ കുർബ്ബാന സ്വീകരിക്കുകയും സോസിമോസ് കൊടുത്ത മൂന്ന് പരിപ്പുകൾ ഭക്ഷിക്കുകയും ചെയ്തു. അവൾ നദിയിൽകൂടിനടന്ന് മടങ്ങിപ്പോകുകയും ചെയ്തു. രണ്ടാമതും മുൻനിശ്ചയിച്ചതുപോലെ മരുഭൂമിയിൽ ചെന്നപ്പോൾ മേരി മരിച്ചതായി കണ്ടെത്തി. മൃതശരീരത്തിനരികെ നിന്നിരുന്ന ഒരു സിംഹത്തിന്റെ സഹായത്തോടെ സോസിമോസ് മേരിയെ കബറടക്കി.

ഈജിപ്റ്റിലെ മേരിയെ (മരുഭൂമിയിലേക്ക് പോയപ്പോൾ കൊണ്ടുപോയ) മൂന്ന് അപ്പം കയ്യിൽ പിടിച്ചിരിക്കുന്നതായിട്ടാണ് ചിത്രീകരിക്കുന്നത്. ഈജിപ്റ്റിലെ വിശുദ്ധ മേരിയുടെ ഓർമ്മ ഏപ്രിൽ 1-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# മോർ ബർസൗമൊ
## (എ. ഡി. ? - 458)

വിലാപക്കാർ (ദുഃഖിതർ) എന്നറിയപ്പെടുന്ന സന്യാസിമാരുടെ തലവനായി മോർ ബർസൗമൊ അറിയപ്പെടുന്നു. ഇദ്ദേഹത്തിന്റെ അത്ഭുതകരമായ നോമ്പ് (സൗമൊ) ഹേതുവായി 'നോമ്പിന്റെ പുത്രൻ'എന്നർത്ഥമുള്ള ബർസൗമൊ എന്ന് വിളിക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ പേര് ബർസുമ എന്നും ബാർസോമ എന്നും ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. പ. അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ രചിച്ച *The history of Syriac Literature and sciences* എന്ന ഗ്രന്ഥത്തിൽ ബർസൗം (Barsoum) എന്നാണ് പരാമർശിച്ചിരിക്കുന്നത്.

ശ്മീശാത്ത് നഗരത്തിന് സമീപമുള്ള ഓട്ടൻ (Otton) ഗ്രാമത്തിൽ ദൈവഭക്തരായ ഹാനോക്കിന്റെയും സക്കിയായുടെയും പുത്രനായി ജനിച്ചു. ജനിച്ച വർഷമോ തീയതിയോ ലഭ്യമല്ല. യെരുശലേമിലെ വി. മർക്കോസിന്റെ മാളികയിലെ ലൈബ്രറിയിൽ മോർ ബർസൗമൊയുടെ ജീവചരിത്രം അദ്ദേഹത്തിന്റെ തന്നെ ശിഷ്യനായ ബ. ശമുവേൽ അച്ചൻ എഴുതിയത് 1546ൽ ബ. ദനഹ അച്ചൻ പകർത്തിയെഴുതിയത് സൂക്ഷിച്ചിട്ടുണ്ട്. (Zafaran, MSS 117 - *The life story of Barsoum, Chief of the ascetics*, (d. 458) written by his disciple, Samuel the priest).

ബർസൗമൊ പൈതലായിരിക്കുമ്പോൾ പിതാവ് നിര്യാതനാകുകയും മാതാവ് പുനർവിവാഹം കഴിക്കുകയും ബർസൗമൊ അവരോടുകൂടെ പാർക്കുകയും ചെയ്തു (Aphrem Paulose, 1963; Aphrem Aboodi, 1966). ഒരു ദിവസം ശ്മീശാത്ത് നഗരത്തിൽ ഒരു ആഘോഷത്തിനു പോയ സന്ദർഭത്തിൽ

ഫ്റാത്ത് (Euphrates) നദിയുടെ തീരത്ത് ബർസൗമൊ ഏകനായി കരഞ്ഞുകൊണ്ട് നടക്കുമ്പോൾ ഒരു ഉത്തമ സന്യാസിയായ ഏബ്രഹാം അവനെ കാണുകയും കരയുന്ന തെന്തിനാണെന്ന് ചോദിക്കുകയും ചെയ്തു. മോർ ബർസൗമൊ ഉത്തരമായിട്ട് ഞാൻ കർത്താവായ യേശുമിശിഹായുടെ അടിമയാകാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. വൃദ്ധനായ ഏബ്രഹാം സന്യാസി തന്റെ ദയറായിലേക്ക് ബർസൗമൊയെ കൂട്ടിക്കൊണ്ടുപോകുകയും അവിടെ താമസിച്ച് വ്രതാനുഷ്ഠാനങ്ങൾ പഠിച്ചുകൊണ്ടിരിക്കെ ഉദ്ദേശം ഏ. ഡി. 409-ൽ ഗുരുവായ ഏബ്രഹാം സന്യാസി നിര്യാതനായി.

ഗുരുവിന്റെ നിര്യാണത്തിനുശേഷം മോർ ബർസൗമൊ വിശുദ്ധനാടുകൾ കാൽനടയായി സന്ദർശിക്കുകയും തിരിച്ചുവന്ന് ഉയരമുള്ള ഒരു പർവ്വതത്തിൽ കയറി അവിടെയുള്ള പഴങ്ങളും കായ്കനികളും ഭക്ഷിച്ച് ഉപജീവിക്കുകയും ചെയ്തു. സമീപപ്രദേശത്തുള്ള വിശ്വാസികൾ അദ്ദേഹത്തിനുവേണ്ടി ഒരു ദയറാ പണിയുകയും അദ്ദേഹം ആ ദയറായിൽ താമസിക്കുകയും ചെയ്തു. പിന്നീട് മറ്റ് പലരും ആ ദയറായിൽ അന്തേവാസികളായി സ്വീകരിക്കപ്പെട്ടു. മോർ ബർസൗമൊയുടെ ദയറാ മീലിത്തിക്ക് സമീപമാണ്. 11-ാം നൂറ്റാണ്ടിൽ ഇത് പാത്രിയർക്കാ സിംഹാസന ആസ്ഥാനമായിരുന്നു. ഈ ദയറായിൽനിന്ന് 5 പാത്രിയർക്കീസന്മാരും 34 മെത്രാപ്പോലീത്തന്മാരും ഉണ്ടായിട്ടുണ്ട്. 17-ാം നൂറ്റാണ്ടിന്റെ പകുതിവരെ ഇവിടെ ദയറാക്കാർ താമസിച്ചിരുന്നു.

വേനൽക്കാലത്ത് ഒരു രാത്രിയിൽ മോർ ബർസൗമൊ തന്റെ മുറിയിൽനിന്നും പുറത്തിറങ്ങി നിന്നു. ഉയരത്തിലേക്കു നോക്കിയപ്പോൾ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളെ കാണുകയും ദൈവത്തിന്റെ മഹിമയിൻ മുമ്പാകെ താൻ വെറും നിസ്സാരനെന്ന് ബോധ്യംവന്ന് യജമാനന്റെ സന്നിധിയിൽ ദാസൻ ഇരിക്കയില്ല എന്നു നിശ്ചയിക്കുകയും ആ ദിവസം മുതൽ എഴുന്നേറ്റു നിന്നുകൊണ്ടുള്ള നില സ്വീകരിക്കുകയും ചെയ്തു. ക്ഷീണം തോന്നുമ്പോൾ അല്പ സമയം പാറയിൽചാരി വിശ്രമിക്കുകയും ചെയ്തുപോന്നു.

ദിവസവും സന്ധ്യാസമയത്ത് ശിഷ്യന്മാരെ സന്ദർശിക്കുകയും വിശുദ്ധ വേദപുസ്തകത്തിൽനിന്നും ഒരു വാക്യത്തിന്റെ ആദ്യ പകുതി ബർസൗമൊ വായിക്കുകയും ബാക്കി പകുതി ശിഷ്യന്മാർ വായിക്കുകയും ചെയ്യുക പതിവായിരുന്നു. ഒരു ദിവസം സാധാരണ പ്രാർത്ഥിക്കാറുള്ള സ്ഥലത്തുനിന്ന് മാറിനിന്ന് പ്രാർത്ഥിക്കുന്നത് ഒരു ദയറാക്കാരൻ കാണുകയും അഗ്നിനാവ് മിന്നൽപോലെ മോർ ബർസൗമൊയുടെ മേൽ ഇറങ്ങി വസിക്കുന്നത് കാണുകയും ചെയ്തു.

ഏ. ഡി. 449ൽ പൗരസ്ത്യദേശത്തുള്ള എല്ലാ ദയറാകളുടെയും അധിപന്മാരുടെ പ്രതിനിധിയായി എഫേസൂസിലെ രണ്ടാം സുന്നഹദോസിൽ സന്നിഹിതനായ മോർ ബർസൗമൊയ്ക്ക് തേവോദോസിയോസ് സീസർ പ്രത്യേക അധികാരപത്രം കൊടുത്തു. അതിൻപ്രകാരം ദയാറകളിലുണ്ടാകുന്ന ഭിന്നതകളും വഴക്കുകളും തീരുമാനം ചെയ്യുന്നതിന് ബസൗമൊയെ അധികാരപ്പെടുത്തിയിരുന്നു.

ഒരിക്കൽ അസൂയാലുക്കളായ ചിലർ മോർ ബർസൗമൊ മുടി കത്രിച്ചുകളഞ്ഞുവെന്ന് സീസറിന്റെ അടുക്കൽ ഏഷണി പറയുകയും മോർ ബർസൗമൊയെ കണ്ട് തനിക്ക് ലഭിച്ച വിവരം തെറ്റാണെന്നറിഞ്ഞ് അതീവ വാത്സല്യത്തോടെ വിശുദ്ധനെ ചുംബിച്ച് ദയറായിലേക്ക് തിരികെ അയയ്ക്കുകയും ചെയ്തു.

തേവോദോസിയോസ് ദ്വിതീയന്റെ മരണശേഷം സൈന്യാധിപനായ മർക്കിയാൻ നിയമിതനാകുകയും കൽക്കദുന്യ സുന്നഹദോസ് കൂടുകയും വിശ്വാസവിപരീതമായ നിലപാടെടുക്കുകയും ചെയ്തപ്പോൾ മോർ ബർസൗമൊ ദുഃഖിതനായി. ഏ. ഡി. 452ൽ മർക്കിയാൻ കുസ്തന്തീനോസ്പ്പോലീസിലെ ഒരു ന്യായാധിപന്റെ അടുക്കൽ കൽക്കദുന്യ വിരുദ്ധനിലപാടിനെക്കുറിച്ച് ബർസൗമൊയെ കഠിനമായി ചോദ്യം ചെയ്തു. എന്നാൽ ആ ന്യായാധിപൻ വിശുദ്ധന്റെ പ്രവചനം പോലെ അന്നു രാത്രിതന്നെ മരിക്കുകയും ചെയ്തു.

കൽക്കദുന്യർ മോർ ബർസൗമൊയെ മുടക്കിയ കല്പന ഒരു ദൈവാലയത്തിൽ വായിച്ചപ്പോൾ ഒരു പ്രമാണി എഴുന്നേറ്റ് ഇങ്ങനെ പറഞ്ഞു: ''നിങ്ങളുടെ മധ്യത്തിൽ നിൽക്കുന്ന എന്റെ മകൻ മരണത്തോടുവളരെ അടുത്തപ്പോൾ ഞാൻ അവനെ വിശുദ്ധന്റെ അടുത്ത് കൊണ്ടുപോകുകയും വിശുദ്ധൻ അവന്റെമേൽ പ്രാർത്ഥിച്ച് അവന് സൗഖ്യം ലഭിക്കുകയും ചെയ്ത സംഗതി നിങ്ങൾക്കേവർക്കും അറിവുള്ളതാണല്ലോ. എന്നാൽ ഈ എപ്പിസ്കോപ്പന്മാർക്കാകട്ടെ ചത്ത ഒരു ആടിനെപ്പോലും ഉയിർപ്പിക്കാനുള്ള കഴിവില്ല. ആകയാൽ ഞാനും എന്റെ കുടുംബവും ഉള്ള കാലത്തോളം ഈ വിശുദ്ധനെ അഭയംതേടി സ്വീകരിക്കുകതന്നെചെയ്യും'' എന്നു പരസ്യമായി പറയുകയും ജനമെല്ലാം അപ്രകാരംതന്നെ ഉറപ്പിച്ചുപറയുകയും ചെയ്തു.

മോർ ബർസൗമൊ അലക്സന്ത്രിയായിലെ പാത്രിയർക്കീസായിരുന്ന മോർ ദിയസ്ക്കോറോസിന്റെ (ഏ. ഡി. 444-451) അടുത്ത സ്നേഹിതനായിരുന്നു (Smith & Wace, 1877). മോർ ബർസൗമൊ ഫെബ്രുവരി 3-ാം തീയതി കാലംചെയ്തു. ഏ. ഡി. 458 ലാണ് വിശുദ്ധന്റെ നിര്യാണമെന്ന് അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഏ. ഡി. 457 ലാണെന്ന് അഫ്രേം പൗലൂസ് റമ്പാനും (1963) അഫ്രേം ആബൂദി റമ്പാനും (1966) രേഖപ്പെടുത്തിയിട്ടുണ്ട്.

# മോർ ശെമവൂൻ ദെസ്തുനൊ
## (എ. ഡി. 390 - 459)

മോർ ശെമവൂൻ ആദ്യത്തെ ദെസ്തുനോ (Pillar Ascetics, തൂണിന്മേൽ തപസ്വികൾ) എന്നറിയപ്പെടുന്നു. തൂണിന്മേൽ സന്യസിക്കുന്നവർ എന്നർത്ഥമുള്ള Stylites എന്ന പദം *Stylos* (തൂണ്) എന്ന ഗ്രീക്കുപദത്തിൽനിന്നാണ് ഉത്ഭവിച്ചത്.

നിക്കോപ്പോലീസ് ദേശത്ത് സീസ (Sesan) എന്ന ഗ്രാമത്തിലാണ് ശെമവൂൻ ജനിച്ചത്. കിലികൃയുടെയും സിറിയയുടെയും അതിർത്തി പ്രദേശത്താണ് ഈ ഗ്രാമം സ്ഥിതിചെയ്യുന്നത്. (Smith & Wace, 1887; Cross & Livingstone, 1974; Douglas, 1978). ശെമവൂന് ശെമ്ശി എന്നുപേരുള്ള ഒരു സഹോദരനുണ്ടായിരുന്നു.

ശെമവൂൻ ബാല്യത്തിൽ ഒരു ആട്ടിടയനായിരുന്നു. ആടുകളുടെ അടുത്തായിരുന്നപ്പോൾ ശെമവൂൻ ഒരു ദർശനം കണ്ടു. ആ ദർശനത്തിൽ തന്നെ ഒരു ഉയർന്ന പർവ്വതത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നതായും ഒരു ബലിപീഠം പണിയുന്നതായും പൗലോസ് ശ്ലീഹായുടെ ശിഷ്യനായ തീമോഥിയോസിന്റെ ശരീരം വയ്ക്കപ്പെട്ടിരിക്കുന്ന സ്ഥലത്തും തുടർന്ന് ദൈവാലയത്തിനുള്ളിലും പ്രവേശിപ്പിക്കുന്നതായും കണ്ടു.

ശെമവൂൻ തന്റെ സഹോദരനായ ശെമ്ശിയുമായി കുടുംബസമ്പാദ്യം ഭാഗംചെയ്തു. കൂടാതെ ധനാഢ്യയായ ഒരു അമ്മാവിയുടെ മരണത്തിനുശേഷം അവളുടെ സമ്പാദ്യം മുഴുവനും ശെമവൂന് ലഭിച്ചു. അതു മുഴുവനും ദൈവഭക്തർക്കും ദരിദ്രർക്കും അഗതികൾക്കുമായി വീതിച്ചു കൊടുത്തു. ശേഷിച്ച സമ്പാദ്യങ്ങൾ ഒട്ടകങ്ങളുടെ പുറത്തു

കയറ്റി എവുസേബൂനോ (Eusebona at Tell ‘Ada, between Antioch and Aleppo) ദയറായിലേക്കു കൊണ്ടുപോയി. പിന്നീട് സഹോദരനായ ശെശ്മിയും ദയറായിൽ ചേർന്നു. ശെമവൂൻ ദയറായിൽ ചേർന്നത് 13 നും 19 നും ഇടയ്ക്ക് പ്രായമുള്ള പ്പോഴായിരുന്നു.

ദയറായിൽചേർന്ന് കുറെ നാളുകൾക്കുശേഷം, തന്റെ സഹോദരരിൽ നിന്നകന്ന് തോട്ടത്തിന്റെ ഒരു കോണിൽ നെഞ്ചോളം താഴ്ചയുള്ള ഒരു കുഴിയുണ്ടാക്കി അതിൽ രണ്ടു മാസം നിന്നു. സഹോദരന്മാർ രാത്രിപ്രാർത്ഥന കഴിഞ്ഞ് വിശ്രമിക്കുമ്പോൾ മോർ ശെമവൂൻ തന്റെ കഴുത്തിൽ കല്ലു കെട്ടിത്തൂക്കി നിൽക്കുമായിരുന്നു. രാത്രിയിൽ ഒരു ഉരുളൻ തടി കൊണ്ടുവന്ന് അതിന്മേൽ നിൽക്കുകയും മയക്കംവരു മ്പോൾ അത് ഉരുളുകയും ചെയ്തിട്ട് അദ്ദേഹം ഉറക്കത്തെ പ്രതിരോധിച്ചു. ദയറായിലെ സഹോദരന്മാർക്ക് മോർ ശെമ വൂന്റെ കഠിന നിഷ്ഠകൾ അനുകരിക്കാൻ കഴിയാത്തതിനാൽ അദ്ദേഹത്തിനെതിരായി വ്യാജ ആരോപണങ്ങൾ കൊണ്ടു വന്നു. തുടർന്ന് അദ്ദേഹം എവുസേബൂനോ ദയറായിൽനിന്ന് യാത്രതിരിച്ചു. ആ സമയത്ത് റീശ്ദയറൊ (ദയറാ തലവൻ) ശെമവൂന് നാല് ദീനോറോ നാണയങ്ങൾ കൊടുത്തിട്ട് ഇപ്രകാരം പറഞ്ഞു: ‘‘നീ മനുഷ്യരെ അറിയുന്നതുവരെ ഇത് നിന്റെ വസ്ത്രത്തിനും ആഹാരത്തിനുമായിരിക്കട്ടെ.’’ എന്നാൽ പരിശുദ്ധൻ മറുപടിയായി പറഞ്ഞു: ‘‘നിന്റെ ദാ സനായ ശെമവൂന്റെ കൈകൾ ഇവയിൽ സ്പർശിക്കുവാൻ ഇടയാക്കരുതേ. എന്തുകൊണ്ടെന്നാൽ ഇവ എന്നെ ധന്യ നാക്കുകയില്ല. അങ്ങയുടെ പ്രാർത്ഥന എനിക്കു യാത്രാഭ ക്ഷണമായി തീരട്ടെ.’’

മോർ ശെമവൂൻ യാത്രചെയ്ത് റ്റെൽനെശീൻ (Telanis-sur, Dair Sem’an) ഗ്രാമത്തിന്റെ അതിർത്തിയോളമെത്തി. ഒരു വൃക്ഷചുവട്ടിലിരുന്ന് പ്രാർത്ഥിച്ചു: ‘‘ദൈവമായ കർത്താവേ! നിന്റെ തിരുവിഷ്ടപ്രകാരം . . . ദുഃഖങ്ങളുടെ കാലത്ത് ദുഷ്ടനിൽനിന്നും അവന്റെ സകല സൈന്യങ്ങളിൽനിന്നും എന്നെ നീ രക്ഷിച്ചു. നിന്റെ ശ്രേഷ്ഠത നിവസിക്കുന്ന സ്ഥല

ത്ത് ഞാൻ എത്തിച്ചേരുന്നതുവരെ നീ എനിക്ക് നല്ല സഹയാത്രികനും സഹായിയും ആയിരിക്കണമേ.'' തുടർന്ന് റ്റെൽനെശീൻ ഗ്രാമത്തലവനും ബാറാത്തൂന്റെ പുത്രനുമായ മാറീസിന്റെ ദയറായിൽ എത്തി. നാല്പതുനോമ്പ് വളരെ പ്രത്യേകതയോടെ ആചരിക്കുന്ന പതിവ് മോർ ശെമവൂനുണ്ടായിരുന്നു. അവിടെ താമസിച്ച കാലഘട്ടത്തിൽ അനേകം രോഗികളെ സുഖപ്പെടുത്തി.

ഉദ്ദേശം ഏ. ഡി. 423ൽ നാല് കാലുകളുള്ളതും രണ്ടുമുഴം ഉയരമുള്ളതുമായ ഒരു കല്ലുണ്ടാക്കി പരിശുദ്ധൻ 5 വർഷം അതിന്മേൽ നിന്നു. നാല്പതുനോമ്പുകാലത്ത് യാതൊരു ഭക്ഷണവും കഴിച്ചിരുന്നില്ല. ദൈവദൂതന്മാരും മോശയും ഏലിയാവും മോർ ശെമവൂന് ദർശനത്തിൽ പ്രത്യക്ഷരായി. വിവിധ രോഗബാധിതർ മോർ ശെമവൂൻ ദെസ്തുനോയുടെ മധ്യസ്ഥപ്രാർത്ഥനകളാൽ സൗഖ്യം പ്രാപിച്ചു. പുറജാതിക്കാരും രാജാക്കന്മാരും സമുദ്രയാത്രക്കാരും മോർ ശെമവൂന്റെ പ്രാർത്ഥനകളാൽ ദൈവത്തിൽനിന്ന് അനുഗ്രഹങ്ങളെ പ്രാപിച്ചു. ക്ഷാമവും വരൾച്ചയും കെടുതികളും വിശുദ്ധന്റെ പ്രാർത്ഥനകളാൽ നീങ്ങിപ്പോയി.

മോർ ശെമവൂൻ ഏതാണ്ട് 40 സംവത്സരങ്ങൾ (ചില ചരിത്രകാരന്മാർ 56 വർഷങ്ങൾ എന്നു രേഖപ്പെടുത്തിയിട്ടുണ്ട്) തൂണിന്മേൽ നിന്നുകൊണ്ട് തപസനുഷ്ഠിച്ചു. ആദ്യത്തെ 7 വർഷങ്ങൾ 11, 17, 22 മുഴം വീതം ഉയരമുള്ള തൂണുകളിലും പിന്നീട് 40 മുഴം (ഏതാണ്ട് 20 മീറ്റർ) ഉയരമുള്ള തൂണിന്മേലും നിന്നാണ് നോമ്പും പ്രാർത്ഥനകളും നടത്തിയത്. ദീർഘകാലം അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ചു: ''ബലവാനായ ദൈവമായ കർത്താവേ! മരണത്തിനധീനരായ മനുഷ്യരുടെ കരങ്ങൾ നിന്റെ ദാസന് ആവശ്യമായിത്തീരരുതേ. ഈ സ്ഥാനത്തു നിന്നിറങ്ങി ഭൂമിയിൽവച്ച് ഞാൻ മനുഷ്യരെക്കാണാൻ ഇടയാക്കരുതേ. പിന്നെയോ തിരുകല്പനയാൽ ഞാൻ പ്രവേശിച്ച ഈ കല്ലിന്മേൽ എന്റെ ജീവിതമവസാനിപ്പിക്കുവാൻ കൃപയരുളണമേ. നിന്റെ കർതൃത്വത്തിന് ഹിതകരമായ

വിധം നിന്റെ ആരാധകന്റെ ആത്മാവിനെ ഇവിടെനിന്നും കൂട്ടിക്കൊണ്ടുപോകുമാറാകണമേ.''

ദീർഘസമയം നിന്നിരുന്നതുകൊണ്ട് കാലിൽ വ്രണമുണ്ടായിട്ട് 9 മാസത്തോളം വളരെ പ്രയാസപ്പെടേണ്ടിവന്നു. തിയോഡോസിയസ് ചക്രവർത്തി മോർ ശെമവൂന് കത്തുകൾ കൊടുത്തയയ്ക്കുകയും തൂണിൽനിന്നിറങ്ങുന്നതിന് അപേക്ഷിക്കേണ്ടുന്നതിന് മൂന്നു മെത്രാപ്പോലീത്തന്മാരെ അയയ്ക്കുകയും ചെയ്തുവെങ്കിലും അദ്ദേഹം നോമ്പിലും പ്രാർത്ഥനയിലും കഴിച്ചുകൂട്ടി. നോമ്പിന്റെ 38-ാംദിവസം വ്രണം സുഖപ്പെട്ടു.

ഏ. ഡി. 459 ജൂലൈ മാസത്തിൽ ധാരാളം ആളുകൾ അദ്ദേഹത്തിന്റെ അന്ത്യവാക്കുകൾ കേൾക്കുന്നതിനായി കൂടിവന്നു. ഏ. ഡി. 459 കർക്കിടകം 26-ാം തീയതി അല്ലെങ്കിൽ കന്നി 2-ാം തീയതി (Aphrem, 1966) ബുധനാഴ്ച 9 മണിക്ക് മോർ ശെമവൂൻ കാലംചെയ്തു. (Semavoom & Barhathor, 1979). യൗനായ വർഷം 771-ാം ആണ്ട് കന്നിമാസം 2-ാം തീയതി എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കാലംചെയ്ത പരിശുദ്ധന്റെ ശരീരം അപഹരിക്കാതിരിപ്പാൻ അദ്ദേഹത്തിന്റെ ശിഷ്യന്മാർ ഭൗതികശരീരം ഒരു പെട്ടിയിലാക്കി കബറടക്കത്തിന് ബഹുമാന്യമായ ഒരു സ്ഥലം സംബന്ധിച്ച് തീരുമാനമാകുന്നതുവരെ (19 ദിവസങ്ങൾ) തൂണിന്മേൽ തന്നെ സൂക്ഷിച്ചു.

കന്നിമാസം 21 -ാം തീയതി തിങ്കളാഴ്ച ശെമവൂന്റെ കോട്ടയിൽ നിന്നു (ആലപ്പോയ്ക്കു സമീപമുള്ള ഇദ്ദേഹം തപസനുഷ്ഠിച്ചിരുന്ന തൂണിനു ചുറ്റുംകെട്ടിയിരുന്ന മതിലാണ് ശെമവൂന്റെ കോട്ടയെന്നറിയപ്പെട്ടിരുന്നത്) വിലാപയാത്ര പുറപ്പെട്ട് 25-ാം തീയതി അന്ത്യോഖ്യായിലെത്തി. ഭൗതിക ശരീരം അന്ത്യോഖ്യായിൽ കുസ്തന്തീനോസ് രാജാവ് പണികഴിപ്പിച്ച വലിയ പള്ളിയിൽ കബറടക്കി. വിലാപയാത്രയിൽ പരിശുദ്ധന്റെ ശരീരം വഹിച്ചിരുന്ന പേടകം സ്പർശിച്ച് ഭൂതഗ്രസ്തർ സൗഖ്യം പ്രാപിച്ചു.

പരിശുദ്ധന്റെ സന്യാസത്തിനായുണ്ടാക്കിയ തൂണിനടുത്ത് ഇപ്പോൾ നാല് പള്ളികളുണ്ട്. ഇദ്ദേഹത്തിന്റെ സന്യാസരീതിയെ അനുകരിച്ചവരാണ് എസ്തൂനോയെ (ܐܣܛܘܢܐ *esthoono* pillar ascetic, തൂണിന്മേൽ തപസ്വികൾ) എന്നറിയപ്പെടുന്നത്. അവരിൽ പ്രമുഖ ശിഷ്യനായി ദാനിയേൽ അറിയപ്പെടുന്നു. റ്റെൽനെശീലിൽ മോർ ശെമവൂന് മതിൽ കെട്ടുണ്ടാക്കുന്നതിന് സ്വന്തം വയലിൽ സ്ഥലം ദാനമായി നൽകിയ പുരോഹിതനായ ദാനിയേൽ തന്നെയാണോ ഈ ശിഷ്യനെന്ന് ഖണ്ഡിതമായി പറയാനാവില്ല. മോർ ശെമവൂൻ ദെസ്തൂനോയുടെ പെരുന്നാൾ ജൂലൈ 27- ാം തീയതി സുറിയാനിസഭ ആഘോഷിക്കുന്നു.

# വിശുദ്ധ സെനോ
## (നാല്/അഞ്ച് നൂറ്റാണ്ട്)

വിശുദ്ധ സെനോ (Zeno) പൊന്തൊസിൻ (Pontus) ജനിച്ചു (Theodoret, 1990; Smith & Wace, 1887). സെനോ കൈസ ര്യായിലെ വലിയ മോർ ബസ്സേലിയോസ് അയൽവാസിയാ യിരുന്നു. സെനൊയുടെ മാതാപിതാക്കന്മാർ സമ്പന്നരായി രുന്നു.

സെനോ, വാലൻസ് ചക്രവർത്തിയുടെ (ഏ. ഡി. 328 - 378, co-emperor from ഏ. ഡി. 364) സൈന്യത്തിൽ ഉദ്യോഗ സ്ഥനായിരുന്നു. ആയതിനാൽ സെനോ ജീവിച്ചിരുന്ന കാല ഘട്ടം നാലാം നൂറ്റാണ്ടിന്റെ അവസാന പകുതിയോ അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയൊ ആണെന്നനുമാനിക്കാവു ന്നതാണ്. മാത്രമല്ല, തിയോഡോറെറ്റ് (Theodoretus, bishop of Cyrus) ഇദ്ദേഹത്തെ സന്ദർശിച്ചതായി രേഖപ്പെടുത്തിയി ട്ടുണ്ട്. തിയോഡോറെറ്റിന്റെ കാലഘട്ടം ഏ. ഡി. 393 മുതൽ ഏ. ഡി. 453 വരെയാണെന്ന് ടില്ലിമോണ്ടും (Tillemont) ഏ. ഡി. 457 ലൊ ഏ. ഡി. 458ൽ ലിയോ ചക്രവർത്തിയുടെ ഭരണകാലഘട്ടത്തിലാണ് നിര്യാതനായതെന്ന് മറ്റു ചിലരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

വാലൻസ് ചക്രവർത്തിയുടെ മരണശേഷം സെനൊ സൈന്യത്തിലെ ജോലി ഉപേക്ഷിച്ച് സന്യാസവൃതം സ്വീകരി ച്ചു. ഈ മനസ്സുതിരിവിൽ മോർ ബേസ്സിലിനു പങ്കുള്ളതായി ചിലർ അഭിപ്രായപ്പെടുന്നുണ്ട്.

അന്ത്യോഖ്യക്കു സമീപം ഒരു ഗുഹയിൽ സെനൊ കഠിന തപോനിഷ്ഠകൾ അനുഷ്ഠിച്ച് ജീവിച്ചു. കിടക്കയോ, വിള

ക്കോ, അടുപ്പോ, പാത്രമോ, കുപ്പിയോ, ഇല്ലാതെ കീറത്തുണിയും വാറില്ലാത്ത ചെരുപ്പുകളും ഉപയോഗിച്ച് അദ്ദേഹം ജീവിച്ചു. തിയോഡോറെറ്റ് സെനൊയെ സന്ദർശിച്ചതിനെ സംബന്ധിച്ച് വളരെ സന്തോഷകരമായ അനുഭവമായി വിവരിച്ചിട്ടുണ്ട്. ഇദ്ദേഹം കർത്തൃദിനത്തിൽ അടുത്തുള്ള ദൈവാലയത്തിൽ പോകുകയും വിശുദ്ധ രഹസ്യങ്ങളിൽ സംബന്ധിക്കുകയും ചെയ്തിരുന്നു.

സന്യാസിയായ സെനൊ രണ്ടു ദിവസത്തിലൊരിക്കൽ ഒരു കഷണം അപ്പം മാത്രം ഭക്ഷിക്കുമായിരുന്നു. അത് അദ്ദേഹത്തിന്റെ പരിചിതരിൽ ഒരാൾ കൊണ്ടുവന്ന് കൊടുത്തിരുന്നു. ആവശ്യത്തിനുള്ള വെള്ളം അല്പം അകലെ നിന്ന് തനിയെ കൊണ്ടുവന്ന് ഉപയോഗിക്കുമായിരുന്നു.

സെനൊ നാല്പതു വർഷത്തോളം താപസജീവിതം നയിച്ചു. ഗ്രന്ഥപാരായണത്തിൽ മുഴുവൻ സമയവും വ്യാപൃതനായിരുന്നു. കുടുംബസ്വത്ത് സെനൊ പൂർണ്ണമായും ഉപേക്ഷിച്ചിരുന്നില്ല, കാരണം, ഇദ്ദേഹത്തിന്റെ സഹോദരങ്ങൾക്ക് പ്രായപൂർത്തിയായിരുന്നില്ല. പിന്നീട് തനിക്കുള്ള സമ്പത്ത് അന്ത്യോഖ്യായിലെ മെത്രാപ്പോലീത്തായായിരുന്ന അലക്സാണ്ടറെ (Patriarch Alexander of Antioch, ഏ. ഡി. 412-417) ഏൽപിച്ചു. ഒരു ദൈവികകാര്യസ്ഥനെപോലെ സെനൊ പാത്രിയർക്കീസിനെ സ്വീകരിച്ചിരുന്നു.

ഐസൂരിയൻ (Isaurian) അനേകംപേരെ ഉപദ്രവിക്കുകയും വധിക്കുകയും ചെയ്തപ്പോൾ സെനൊ അതിൽനിന്ന് രക്ഷപ്പെട്ടു. പിന്നീടുള്ള സെനോയുടെ ജീവിതത്തെക്കുറിച്ച് വ്യക്തതയില്ല. സന്യാസിയായ സെനൊയുടെ ഓർമ്മ നവംബർ 22-ാം തീയതി സുറിയാനിസഭ ആചരിക്കുന്നു.

# അറേബ്യനായ മോർ യൂഹാനോൻ
## (ഏ. ഡി. 391 - 486)

മോർ യൂഹാനോൻ കഷ്ക്കാർ (Kashkar) പ്രദേശത്തെ ഹിർത്ത (Hirtha) ഗ്രാമത്തിൽ ജനിച്ചു. ബുകില (Buquila) കുടുംബത്തിൽപ്പെട്ട പിതാവായ അബ്രഹാം ആ ദേശത്ത് അറിയപ്പെടുന്ന ഒരു വ്യക്തിയായിരുന്നു.

ഏഴ് വയസ്സായപ്പോൾ മോർ യൂഹാനോൻ വിദ്യാഭ്യാസം ആരംഭിച്ചു. ഏതാണ്ട് 15 വയസ്സുമുതൽ സന്യാസരീതികളിൽ തല്പരനായി. ഒരു രാത്രിയിൽ ഹിർത്തയിലെ ദൈവാലയത്തിൽ വച്ച് മോർ യൂഹാനോൻ ത്രൈശുദ്ധ കീർത്തനത്തെ (trisagion) സംബന്ധിച്ച് ഒരു ദർശനം കണ്ടു (Arslan, 2005). അദ്ദേഹം ന്യായവിധിയിൽ പാപികൾക്കുള്ള ശിക്ഷയും നീതിമാന്മാരുടെ നാമങ്ങളും കണ്ടു. ഒരു മാലാഖ മോർ യൂഹാനോനോടു ചോദിച്ചു: ‘‘നിന്റെ നാമം എവിടെ വേണമെന്നാണ് ആഗ്രഹിക്കുന്നത്.’’ യൂഹാനോൻ ഉത്തരം പറഞ്ഞു: ‘‘നീതിമാന്മാരോടു കൂടെ.’’ മാലാഖ ഉത്തരമായിട്ടു പറഞ്ഞു: ‘‘നീ ഒരു സന്യാസിയാകണം.’’ മോർ യൂഹാനോൻ അതെങ്ങനെ എന്നു ചോദിച്ചു. മാലാഖ പറഞ്ഞു: ‘‘രണ്ടു ദിവസം കഴിയുമ്പോൾ ഒരു കൂട്ടം വിശുദ്ധന്മാർ നിന്റെ വഴിയെ കടന്നു വരും. നീ അവരോടുകൂടെ ചേരണം.’’ യൂഹാനോൻ ഈ ദർശനത്തെ സംബന്ധിച്ച് ഹിർത്തയിലെ മോർ കൂറീലോസ് മെത്രാപ്പോലീത്തായോടു പറഞ്ഞു. ആ ദർശനം ശരിയാണോ എന്നറിയുന്നതിന് രണ്ടു ദിവസം കാത്തിരിക്കുന്നതിന് മെത്രാപ്പോലീത്ത നിർദ്ദേശിച്ചു. ഇങ്ങനെ നിർദ്ദേശിച്ചിട്ട് മെത്രാപ്പോലീത്ത ദൈവാലയത്തിൽ പ്രാർത്ഥിക്കുന്നതിനായി പോയി.

മോർ കൂറീലോസ് മെത്രാപ്പോലീത്ത ദൈവാലയത്തിൽ പ്രാർത്ഥിച്ചിരിക്കുമ്പോൾ കുരിശിൽ നിന്നൊരു പ്രകാശം ഉണ്ടായി. അദ്ദേഹം ഒരു ദർശനം കണ്ടു. ആ ദർശനത്തിൽ ഒരു വിള ക്കും അതിൽ മോർ ഔഗേൻ ലോകത്തിലെ അന്ധകാരത്തെ നീക്കേണ്ടതിന് 72 ശിഷ്യന്മാരെ അയയ്ക്കുന്നതായി ഒരു അശരീരി കേട്ടു. അടുത്ത പ്രഭാതത്തിൽ മെത്രാപ്പോലീത്ത യൂഹാനോനെ വിളിച്ച് ഒരു രാത്രി കൂടി കാത്തിരിക്കുന്നതിന് ആവശ്യപ്പെട്ടു. ആ രാത്രിയിൽ മോർ യൂഹാനോൻ ഒരു ദർശ നത്തിൽ വാർദ്ധക്യത്തിലെത്തിയ മൂന്നു വ്യക്തികളെ കണ്ടു. അതിൽ ഒരാൾ കൂടുതൽ പ്രകാശിതനായിരുന്നു. മോർ യൂ ഹാനോൻ സീനായ് മലയിലേക്കു പോകണമെന്ന് ഒരു അരു ളപ്പാട് കേട്ടു. അടുത്ത പ്രഭാതത്തിൽ മോർ യൂഹാനോൻ ഈ ദർശനത്തെക്കുറിച്ച് മെത്രാപ്പോലീത്തയോട് പറഞ്ഞു. യൂഹാനോൻ മാതാപിതാക്കളെ ക്ഷണിച്ചുവരുത്തി ഈ കാര്യ ങ്ങൾ ഗ്രഹിപ്പിച്ചു. മാതാപിതാക്കൾ ആദ്യം സന്യാസി യാകുന്നതിനുള്ള തീരുമാനത്തിൽ ആകുലപ്പെട്ടെങ്കിലും പിന്നീട് ആ തീരുമാനം അംഗീകരിച്ചു.

മോർ യൂഹാനോൻ ഗ്രാമത്തിൽ നിന്ന് യാത്രചെയ്ത് ഹബ ക്കൂക്ക് പ്രവാചകനെപ്പോലെ സിംഗാർ (Singar) എന്ന സ്ഥല ത്തെത്തി. ആ ഗ്രാമത്തലവൻ യൂഹാനോട് ചോദിച്ചു: ''നീ ഇവിടെ വന്നിരിക്കുന്നതെന്തിനാണ്.'' യൂഹാനോൻ മറുപടി യൊന്നും പറയാഞ്ഞതിനാൽ ബന്ധനത്തിലാക്കി. രാത്രിയിൽ ഒരു മാലാഖ പ്രത്യക്ഷപ്പെട്ട് മോർ ഔഗേന്റെ വസതിയിൽ പോകുന്നതിനാവശ്യപ്പെട്ടു. രണ്ടു ദിവസത്തിനു ശേഷം (അ വശനായി) യൂഹാനോൻ ഔഗേന്റെ ആശ്രമത്തിലെത്തി.

മോർ ഔഗേന്റെ ആശ്രമത്തിന്റെ തലവനായ പാലസ് (Pallus) സന്യാസി യൂഹാനോനോടു ചോദിച്ചു: ''നീ എന്തി നാണിവിടെ വന്നത്? എവിടെ നിന്നാണ് വരുന്നത്?'' ഉത്തരം പറയാൻ കഴിയാത്തവിധം യൂഹാനോൻ ക്ഷീണിതനായിരു ന്നു. പാലസ്, സന്യാസിയായ ആൻഡ്രൂസിന്റെ അടുക്കൽ ചെന്ന് കാര്യങ്ങൾ ഗ്രഹിപ്പിച്ചു. എന്നാൽ അദ്ദേഹം ദൈവാ നുഗ്രഹത്താൽ ഈ കാര്യങ്ങളെല്ലാം നേരത്തെതന്നെ അറി

ഞ്ഞിരുന്നു. തുടർന്ന് യൂഹാനോനെ സന്യാസ വസ്ത്രങ്ങൾ ധരിപ്പിച്ചു. ദൈവാനുഗ്രഹം നിറഞ്ഞിരുന്ന യൂഹാനോൻ സന്യാസി മറ്റു സന്യാസികൾക്ക് ഒരു മാതൃകയായി ത്തീർന്നു.

ഒരിക്കൽ വി. കുർബാനയ്ക്കുള്ള വീഞ്ഞ് തീർന്നതിൽ യൂഹാനോനെ വീഞ്ഞു വാങ്ങുന്നതിനായി മാറി (Marre) എന്ന ഗ്രാമത്തിലേക്കയച്ചു. ഗ്രാമത്തിലെത്തിയപ്പോൾ വീ ഞ്ഞു വാങ്ങുന്നതിനുള്ള പണം ഒരു ദരിദ്രനായ മനുഷ്യനു കൊടുത്തു. പണമില്ലാഞ്ഞതിനാൽ വീഞ്ഞു വാങ്ങുന്നതിനു പകരം പാത്രങ്ങളിൽ വെള്ളം നിറച്ചു മടങ്ങിപോന്നു. സംഭ വിച്ച കാര്യങ്ങൾ ദയറാധിപനെ അറിയിച്ചു. എന്നാൽ പാത്ര ങ്ങളിൽ നിറച്ചു കൊണ്ടുവന്ന ജലം വീഞ്ഞായി തീർന്നു.

പിന്നീടൊരിക്കൽ മോർ യൂഹാനോൻ സഹോദരന്മാരോ ടുകൂടെ ധാന്യം വാങ്ങുന്നതിനായി മോർ ഔഗേന്റെ ദയറാ യുടെ താഴെയുള്ള ഒരു ഗ്രാമത്തിലേക്കു പോയി. മൂന്നു കൊ ള്ളക്കാർ അവരെ ആക്രമിച്ചു. യൂഹാനോനെ കയറുകൊണ്ട് ബന്ധിച്ചു. യൂഹാനോൻ തന്നോടു കരുണ കാണിക്കണമെ ന്നഭ്യർത്ഥിച്ചതനുസരിച്ച് വിട്ടയച്ചു. മോർ യൂഹാനോൻ, കൊ ള്ളക്കാർ അവരുടെ ദുർമാർഗ്ഗത്തിൽനിന്ന് പിൻതിരിയുന്നതി നായി പ്രാർത്ഥിച്ചു. അവർ മാനസാന്തരപ്പെട്ട് സന്യാസി മാരായി തീർന്നു.

ഒരിക്കൽ റ്റമോനോൻ (Tamonon) എന്ന ഗ്രാമത്തിൽ പോയപ്പോൾ അവിടത്തെ സന്യാസി യൂഹാനോനെ അവ രോടുകൂടെ ചേരേണ്ടതിന് ക്ഷണിച്ചു. അവർ ടൈഗ്രിസ് നദിക്കരെ എത്തിയപ്പോൾ ഒരു പേർഷ്യൻ കപ്പൽ കണ്ടു. അവർ സന്യാസിമാരെ കപ്പലിൽ കയറ്റിയില്ലെന്നു മാത്രമല്ല അവരെ ഉപദ്രവിക്കുകയും ചെയ്തു. യൂഹാനോനും സഹോ ദരന്മാരും ടൈഗ്രിസ് നദിയിൽ വെള്ളത്തിൻ മുകളിലൂടെ നടന്നുപോയി.

ദയറായിൽ മടങ്ങിവന്നശേഷം ദയറാധിപനോട് അനുവാദം വാങ്ങി ദയറായുടെ കിഴക്കുമാറി ഏകാന്തവാസം ചെയ്തു.

അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നത് യോഹന്നാന്റെ സുവിശേഷം മാത്രമായിരുന്നു. അദ്ദേഹം ഞായറാഴ്ചകളിലും വിശുദ്ധന്മാരുടെ പെരുന്നാളുകളിലും വി. കുർബാനയിൽ സംബന്ധിക്കുന്നതിനായി ദയറായിൽ വരുമായിരുന്നു. ദയറാധിപന്റെ നിര്യാണത്തെ തുടർന്ന് മോർ യൂഹാനോൻ ദയറാധിപനായി.

ഒരു ദിവസം നിസിബിനിൽ നിന്ന് അശുദ്ധാത്മാവു ബാധിച്ച ഒരാളെ മോർ യൂഹാനോന്റെ അടുക്കൽ കൊണ്ടുവന്നു. അദ്ദേഹം ആ അശുദ്ധാത്മാവിനെ പുറത്താക്കി. മോർ യൂഹാനോന്റെ മദ്ധ്യസ്ഥപ്രാർത്ഥനയാൽ മക്കളില്ലാതിരുന്നവർക്ക് സന്താന സൗഭാഗ്യം ലഭിച്ചു, ചെടികൾ പുഷ്പിച്ചു, പേർഷ്യക്കാരും റോമാക്കാരും തമ്മിലുണ്ടായിരുന്ന യുദ്ധം അവസാനിച്ചു, മാറി ദേശത്ത് ബാധിച്ചിരുന്ന പ്ലേഗ് നീങ്ങിപ്പോയി.

ഒടുവിൽ ശെമവൂൻ (ഹൂസോയൊ) സന്യാസിയോടു മോർ യൂഹാനോൻ പറഞ്ഞു: ''എന്റെ മരണം അടുത്തിരിക്കുന്നു. എന്റെ മൃതശരീരം മോർ ഔഗേന്റെ ദയറായിൽ സംസ്കരിക്കണം.'' അപ്രകാരം 42 വർഷം സന്യാസിയും 33 വർഷം ദയറാധിപനുമായിരുന്ന മോർ യൂഹാനോൻ 95-ാമത്തെ വയസ്സിൽ കാലംചെയ്തു.

# തൂണിന്മേൽ തപസിയായ വിശുദ്ധ ദാനിയേൽ

**(c. ഏ. ഡി. 409? - c. 493 ?)**

തൂണിന്മേൽ തപസിയായിരുന്ന (എസ്തൂനോ) വിശുദ്ധ ശെമവൂന്റെ ഏറ്റവും അറിയപ്പെട്ട ശിഷ്യനാണ് തൂണിന്മേൽ തപസിയായിരുന്ന ദാനിയേൽ (Rajan, 2007).

മെസാപ്പോട്ടോമിയയിലെ സമോസറ്റായ്ക്കടുത്തുള്ള മാറാത്ത എന്ന സ്ഥലത്ത് ഭക്തനായ മാതാപിതാക്കളുടെ മകനായി ദാനിയേൽ ജനിച്ചു (Thurston & Attwater, 1990; Attwater & John, 1996; Farmer, 1997). ദാനിയേലിന്റെ ജനനത്തിനു മുമ്പ് അവനെ ദൈവത്തിനായി സമർപ്പിച്ചിരുന്നു. ദാനിയേൽ പന്ത്രണ്ടാമത്തെ വയസ്സിൽ വീടുവിട്ടിറങ്ങി അടുത്തുള്ള ഒരു ആശ്രമത്തിൽ ചേർന്നു. ആശ്രമാധിപൻ അന്ത്യോഖ്യായിലേക്കുള്ള ഒരു യാത്രയിൽ ദാനിയേലിനെ കൂടെ കൊണ്ടുപോയി. അവർ റ്റെലനിസ്സറിൽകൂടി കടന്നുപോയപ്പോൾ ശെമവൂൻ ദെസ്തൂനോയെ (തൂണിന്മേൽ തപസ്സി) സന്ദർശിച്ചു. ഏ. ഡി. 459ൽ ശെമവൂൻ ദെസ്തൂനോ കാലം ചെയ്തശേഷം അദ്ദേഹത്തിന്റെ പുതപ്പും അദ്ദഹത്തിന്റെ ജീവിത രീതിയും ദാനിയേൽ സ്വീകരിച്ചു (Smith & Wace, 1877; Cross & Livingstone, 1974; Farmer, 1997).

മേൽപറഞ്ഞ സന്ദർശനത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് ദാനിയേൽ കുസ്തന്തീനോസ്പോലീസിന് നാലുമൈൽ വടക്കുമാറി ഒരു തൂണിന്മേൽ തപസ്സാരംഭിച്ചു. തൂണിന്മേൽ തപസ്സാരംഭിക്കുന്നതിനു മുൻപ് ദാനിയേൽ ഇപ്രകാരം പ്രാർത്ഥിച്ചു: ‘‘എന്റെ ദൈവമായ യേശുക്രിസ്തുവേ! ഞാൻ നിന്റെ മഹത്ത്വത്തിന് എന്നെ സമർപ്പിക്കുന്നു. എന്റെമേൽ വർഷി

ച്ചിരിക്കുന്ന നിന്റെ അനുഗ്രഹങ്ങളാൽ ഈ വിധത്തിലുള്ള ജീവിതം പുൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ഈ തൂണിന്മേൽ കയറുമ്പോഴും നിന്നിൽ മാത്രം ആശ്രയിക്കുന്നു. നിങ്കലേക്കു മാത്രം നോക്കിക്കൊണ്ട് ഞാൻ ഈ ജീവിത രീതി അവലംബിക്കുന്നു. എന്റെ ഈ ലക്ഷ്യത്തിനായി എന്നെ ശക്തീകരിച്ച് എന്നെ സ്വീകരിച്ചാലും. ഈ ബുദ്ധിമുട്ടുള്ള ജീവിതരീതി വിശുദ്ധിയിൽ പൂർത്തീകരിക്കുവാൻ എനിക്ക് കൃപ തന്നാലും'' (Smith & Wace, 1877; p. 786).

പട്ടണത്തിൽനിന്ന് ഏതാനും മൈൽ ദൂരെ ബോസ്ഫോറസ് എന്ന പ്രദേശത്തെ കാണത്തക്കവിധം ദാനിയേലും ദാനിയേലിന്റെ സുഹൃത്തുക്കളും ചേർന്ന് ഒരു തൂണിന്മേൽ ദാനിയേൽ വസിക്കുന്നതിനുള്ള ക്രമീകരണം ചെയ്തു. ഒരു രാത്രിയിൽ കടുത്ത തണുപ്പുകൊണ്ട് ദാനിയേൽ തണുത്തു വിറച്ചു. അതിനുശേഷം ചക്രവർത്തി അദ്ദേഹത്തിനുവേണ്ടി തൂണിന്മേൽ ഒരു മെച്ചപ്പെട്ട സൗകര്യം ഒരുക്കി. ഇരുമ്പു കമ്പികൾകൊണ്ട് രണ്ട് തൂണുകൾ ചേർത്തുകെട്ടി അതിനു മുകളിൽ കട്ടകൾ കെട്ടി ഒരു മേൽക്കൂരയുണ്ടാക്കി അതിനു ചുറ്റും കൈവരികളും ഉണ്ടാക്കി (Thurston & Attwater, 1990). കൊടുംതണുപ്പും ശക്തമായ കാറ്റും ഉണ്ടായിട്ടും ദാനിയേൽ തൂണിൽ നിന്നിറങ്ങിയില്ല.

ദാനിയേലിന് ഇഷ്ടമില്ലായിരുന്നെങ്കിലും ജെനേഡിയസ് പാത്രിയർക്കീസ് ദാനിയേലിനെ പുരോഹിതനായി വാഴിച്ചു. ദാനിയേലിന്റെ തൂണിന് താഴെനിന്ന് പ്രാർത്ഥനകൾ നടത്തുകയും ഗോവണി കയറി തൂണിനു മുകളിൽ ചെന്ന് ദാനിയേലിന് കൈവെപ്പു നൽകുകയും വിശുദ്ധ കുർബ്ബാന കൊടുക്കുകയും ചെയ്തു. ദാനിയേൽ ഉച്ചകഴിഞ്ഞ് എന്നും പ്രസംഗിക്കുമായിരുന്നു. ദൈവസ്നേഹം, അയൽക്കാരനോടുള്ള സ്നേഹം, ഭിക്ഷകൊടുക്കൽ, പാപികൾക്കുള്ള നിത്യ ശിക്ഷ എന്നിവയായിരുന്ന പ്രസംഗവിഷയങ്ങൾ (Farmer, 1997, p. 128).

ദാനിയേൽ മുപ്പത്തിമൂന്ന് സംവത്സരങ്ങൾ തൂണിന്മേൽ ചിലവഴിക്കുകയും എൺപത്തിനാലാമത്തെ വയസ്സിൽ നിര്യാതനാകുകയും ചെയ്തു. യൂത്തിക്കിയൻ വേദവിപരീതത്തെ സംരക്ഷിച്ച ബാസിൽക്കസ് ചക്രവർത്തിയെ ശാസിക്കുന്നതിനായി ഉദ്ദേശം ഏ. ഡി. 476ൽ ഒരിക്കൽ മാത്രമെ ദാനിയേൽ തൂണിൽനിന്ന് ഇറങ്ങിയിട്ടുള്ളൂ. ലിയൊ ഒന്നാമൻ, സെനോ എന്നീ ചക്രവർത്തിമാരും കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസുമാരും ദാനിയേലുമായി പല അവസരത്തിലും ആലോചനകൾ നടത്തിയിട്ടുണ്ട്. രോഗികൾക്കുവേണ്ടി തൈലം പൂശുന്നതിനും പ്രാർത്ഥിക്കുന്നതിനുമായി ധാരാളം ആളുകൾ ദാനിയേലിന്റെ അടുക്കൽ വന്നു കൂടുമായിരുന്നു (Attwater & John, 1996). തുടർച്ചയായി നിന്നതിനാൽ ദാനിയേലിന്റെ കാലിന്മേൽ ഉണങ്ങാത്ത പുണ്ണുകൾ ഉണ്ടായിരുന്നു. കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസായ യൂഫേമിയസ് ദാനിയേലിന് അന്ത്യകൂദാശകൾ നൽകുകയും താമസിയാതെ ദാനിയേൽ ഉദ്ദേശം ഏ. ഡി. 493ൽ കാലംചെയ്യുകയും ചെയ്തു. ദാനിയേലിന്റെ തൂണിനു താഴെയുള്ള ചാപ്പലിൽ ദാനിയേലിനെ കബറടക്കി (Farmer, 1997).

ദാനിയേൽ തന്റെ വിൽപത്രത്തിൽ ഇപ്രകാരം എഴുതി: ‘‘വിനയത്തെ മുറുകെ പിടിക്കണം, അനുസരണം ശീലിക്കണം, മറ്റുള്ളവരോടു അനുകമ്പയുള്ളവരായിരിക്കണം, നോമ്പുകൾ ആചരിക്കണം, യാമപ്രാർത്ഥനകൾക്ക് മുടക്കം വരുത്തരുത്, ദാരിദ്ര്യത്തെ ഇഷ്ടപ്പെടണം, എല്ലാറ്റിലും ഉപരിയായി ദാനധർമ്മങ്ങൾ ചെയ്യണം. ഇവ കൂടാതെ വിശുദ്ധിയിൽ ജീവിക്കുന്നതിന് മുന്തിയ പരിഗണന നൽകണം, വേദവിപരീതികളുടെ എല്ലാ ഭിന്നതകളിൽനിന്നും ഒഴിഞ്ഞുമാറണം. ഒരിക്കലും നിന്റെ അമ്മയാകുന്ന സഭയിൽനിന്ന് വേർപിരിയരുത്. ഇവ നിങ്ങൾ ചെയ്യുമെങ്കിൽ നിങ്ങളുടെ നീതി ഉത്തമമായിരിക്കും’’ (Smith & Wace, 1877, p.786; Farmer, 1997, p. 128). തൂണിന്മേൽ താപസനായിരുന്ന ദാനിയേലിന്റെ ഓർമ്മ ഡിസംബർ 11-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# സന്യാസിയായ വിശുദ്ധ ആഹൊ

(c. ഏ. ഡി. 419 - 524)

ആഹൊ ഉദ്ദേശം ഏ. ഡി. 419ൽ നിസിബിന് തെക്കുകിഴക്കുള്ള റിഷ് ഐനൊ പട്ടണത്തിൽ ജനിച്ചു. ഉബെയ്ദൊയുടെ മൂന്നു മക്കളിൽ ഒരാളായിരുന്നു ആഹൊ. ആഹൊയ്ക്ക് പന്ത്രണ്ട് വയസ്സുള്ളപ്പോൾ ആ പ്രദേശത്തെ ഒരു സന്യാസിയുടെ ശിഷ്യനാകുകയും വളരെ സമർത്ഥനായ വിദ്യാർത്ഥിയായിത്തതീരുകയും ചെയ്തു (http://www.soc-wus.org/ourchurch/St.%20Aho.htm).

ഉദ്ദേശം ഏ. ഡി. 439ൽ റിഷ് ഐനൊ പേർഷ്യക്കാർ ആക്രമിക്കുകയും പട്ടാളം നുസെയ്ബിനിൽ വരികയും അവിടെയുള്ളവരെ ഹാരാനിലേക്ക് ഓടിക്കുകയും ചെയ്തു. ഈ സന്ദർഭത്തിൽ ഉബെയ്ദൊ ആഹൊയോട് പറഞ്ഞു: ''മകനെ, കണ്ടാലും നമ്മുടെ ഗ്രാമവാസികൾ പട്ടണത്തിനുപുറത്ത് വാതിൽക്കൽ കാത്തിരിക്കുകയാണ്. നിന്റെ മാതാവും സഹോദരന്മാരും അവരോടുകൂടെയുണ്ട്. എഴുന്നേറ്റ് നമുക്കും അങ്ങോട്ടു പോകാം.'' ആഹൊ സമ്മതിച്ച് ഉബെയ്ദൊയുടെ കൂടെ പോയി. അവർ യാത്രചെയ്ത് യൂഫ്രട്ടീസ് പാലം കടന്നപ്പോൾ തിക്കിലും തിരക്കിലും പെട്ട് ഇരുനൂറോളം പേർ മരണമടഞ്ഞു. ഇത് കണ്ട ആഹൊ മടങ്ങിപ്പോരുകയും എന്നാൽ പിതാവും, മാതാവും സഹോദരങ്ങളും യാത്ര തുടരുകയും ചെയ്തു. ഉബെയ്ദൊ വഴിയിൽവച്ച് നിര്യാതനായി.

ആഹൊ, റിഷ് ഐനൊയിൽ മടങ്ങിവന്ന് സമപ്രായക്കാരനായ ഒരാളോടുകൂടെ നുസെയ്ബിനിലേക്ക് യാത്രചെയ്തു. പേർഷ്യൻ പട്ടാളക്കാർ രണ്ടുപേരെയും ബന്ധനത്തിലാക്കി.

ഏതാണ്ട് ഏഴായിരത്തോളം ആളുകൾ ഇപ്രകാരം ബന്ധനത്തിലായി നുസെയ്ബിനിൽ കഴിഞ്ഞിരുന്നു. അടിമവേല ചെയ്യിക്കുന്നതിനായി ആഹൊയെ മിഖായേൽ എന്ന ക്രിസ്ത്യാനിയായ ഒരു പട്ടാളക്കാരനെ ഏല്പിച്ചു. ആഹൊ ക്രിസ്ത്യാനിയാണെന്ന് മനസ്സിലാക്കിയ മിഖായേൽ ആഹൊയെ രാജാവിന്റെ (യസ്ദാഗ്രിഡ് രണ്ടാമൻ?) അടുക്കൽ കൊണ്ടുപോകുകയും അമ്മയുടെ ചാർച്ചയിൽപ്പെട്ട സഹോദരനാണെന്നു പരിചയപ്പെടുത്തുകയും ചെയ്തു. അങ്ങനെ ആഹൊയെ ഒരു പട്ടാളക്കാരനായി രജിസ്റ്റർ ചെയ്യുകയും ചെയ്തു.

മിഖായേലും ആഹൊയും പേർഷ്യൻ പട്ടാളത്തിൽ പതിനെട്ടു വർഷം സേവനം അനുഷ്ഠിച്ചു. ഉദ്ദേശം ഏ. ഡി. 458ൽ രണ്ടുപേരും കർത്താവിന്റെ പാത പിൻതുടരുന്നതിന് തീരുമാനം ചെയ്തു. അവർ ഒരു സ്വപ്നം കണ്ടു, അതിൻപ്രകാരം അവർ പടിഞ്ഞാറോട്ടു യാത്ര ചെയ്യുകയും നിസിബിസിലെത്തി അവിടെനിന്ന് ദാര എന്ന ഗ്രാമത്തിൽ പ്രവേശിക്കുകയും ചെയ്തു. അവിടെ തിയോഡോറോസ് എന്ന ഒരാൾ അവരെ സ്വീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മകനായ ഹേവോറൊ ജന്മനാ മൂകനും ബധിരനുമായിരുന്നു. മിഖായേലിന്റെയും ആഹൊയുടെയും പ്രാർത്ഥനയാൽ ഹേവോറൊ സൗഖ്യം പ്രാപിച്ചു. അവർക്കുവേണ്ടി തിയോഡോറോസ് കെസാറിൽ ഒരു ആശ്രമം പണികഴിപ്പിച്ചു. ആ ആശ്രമത്തിൽ വേറെ ഇരുപതു സന്യാസികൾ അവരോടുകൂടെ ചേർന്നു. ആ ആശ്രമത്തിനു സമീപത്തുള്ള സമോർട്ടോ (ക്ഫാർ സമോറോ) ഗ്രാമത്തിലെ ഒരു മുന്തിരിത്തോട്ടം മോർ ആഹൊയ്ക്കും മോർ മിഖായേലിനുമായി നൽകപ്പെട്ടു. സമോർട്ടോയിൽ ഹോബേൽ എന്ന ഒരാളിൽ നിന്നും മോർ ആഹൊ ഒരു പിശാചിനെ പുറത്താക്കി.

മോർ മിഖായേൽ അഞ്ചു വർഷത്തിനുശേഷം ആ സമൂഹം വിട്ട് നിനുവയിലേക്ക് പോകുകയും അവിടെ ഒരു ആശ്രമം പണിയുകയും ചെയ്തു. ഏ. ഡി. 463ൽ കാലം ചെയ്യുന്നതുവരെ മിഖായേൽ അവിടെ ഒരു തൂണിലിരുന്നു തപസനുഷ്ഠിച്ചു. ഏതാണ്ട് ഈ സമയത്തു മോർ ആഹൊ യെരൂശലേമിലേക്ക് ഒന്നരവർഷം നീണ്ടുനിന്ന ഒരു യാത്ര നടത്തുകയുണ്ടായി.

തിരികെ യാത്ര ചെയ്ത് അക്ക എന്ന സ്ഥലത്തുനിന്ന് കയറിയ കപ്പൽ സ്വന്തം സഹോദരന്മാരുടേതായിരുന്നു. മോർ ആഹൊ അന്ത്യോഖ്യായിൽ കപ്പലിറങ്ങി. മാതാവിനെ അക്കയിൽ മടങ്ങി ചെന്ന് കാണുന്നതിന് സഹോദരന്മാർ നിർബന്ധിച്ചെങ്കിലും ആഹൊ അതിനു സമ്മതിച്ചില്ല. ഈ വിവരം ആഹൊയുടെ മാതാവറിഞ്ഞ് അന്ത്യോഖ്യയിലേക്ക് യാത്ര ചെയ്ത് ആഹൊയെ കണ്ടുമുട്ടി. ഏ. ഡി. 474ൽ അമ്മ മരിക്കുന്നതുവരെ ഒൻപതു വർഷത്തോളം ആഹൊ അമ്മയുടെ സമീപത്തു തന്നെ താമസിച്ചു.

ഈ കാലഘട്ടത്തിൽ തിയോഡോറോസ് തന്റെ മകനായ ഹേവോറയുടെ നാമത്തിൽ മോർ ആഹൊയ്ക്കുവേണ്ടി തുറബ്ദീനിൽ മറ്റൊരു ആശ്രമം പണികഴിപ്പിച്ചു. തേവോദോറാസിന്റെയും ആഹൊയുടെ അമ്മയുടെയും നിര്യാണത്തിനു ശേഷം ആഹൊ ആ സമൂഹം വിട്ട് ഹദാസ് എന്ന ഗ്രാമത്തിലെത്തുകയും അവിടെ ഡോർസെല, മക്സിമസ് എന്നിവരുടെ ഭവനത്തിൽ അത്ഭുതം പ്രവർത്തിക്കുകയും ചെയ്തു.

ഏ. ഡി. 480ൽ ആഹൊ യാത്ര ചെയ്ത് ഏതൻസിലെത്തുകയും അവിടെ അഞ്ചുവർഷം ചിലവഴിക്കുകയും ചെയ്തു. തുടർന്ന് കുസ്തന്തീനോസ്പോലിസിലേക്കും അവിടെനിന്നു ഹദാസിലേക്കും യാത്ര ചെയ്തു. ഹദാസിൽ ഡോർസെല മക്സിമസ് ദമ്പതികൾ അവരുടെ ഏഴ് മക്കളിൽ മൂത്തവനായ റൂമാനോസിനെ മോർ ആഹൊയുടെ ശിഷ്യനായി നൽകി. മോർ ആഹൊ ആ ഗ്രാമത്തിൽ രണ്ടു വർഷം താമസിച്ചു.

പിന്നീട് മോർ ആഹൊ അർമേനിയയിലേക്ക് പോയി. അവിടെ അയൂസ് എന്ന ഗ്രാമത്തിൽ ഒരു വലിയ മരത്തിൽ ദൈവമുണ്ടെന്ന് വിശ്വസിച്ച് ആഘോഷം നടത്തുന്നവരെ എതിരിടുകയും ചെയ്തു. ജീവാപായം സംഭവിക്കുമെന്ന് ഭയപ്പെട്ട് ദൈവത്തോട് പ്രാർത്ഥിച്ചു. തുടർന്ന് ഒരു കൊടുംകാറ്റ് ഉണ്ടാകുകയും ആ മരം കടപുഴകി ഒരു മൈൽ ദൂരമുള്ള ഒരു നദിയിൽ പതിക്കുകയും ചെയ്തു. ജനമെല്ലാം മോർ ആഹൊയെ കൊല്ലുന്നതിനായി ആരവമുണ്ടാക്കി. കാരണം

'യേശുക്രിസ്തുവാണ് എന്റെ ദൈവമെന്ന്' ആഹൊ പറഞ്ഞിരുന്നു. കടപുഴകിയ മരം അതിലെ ദൈവത്തോടുകൂടെ തിരികെ കൊണ്ടുവരണമെന്ന് അവർ ആവശ്യപ്പെട്ടു. മറ്റൊരു കൊടുങ്കാറ്റുണ്ടാകുകയും രണ്ടു മണിക്കൂർ നേരം അന്ധകാരം പരക്കുകയും ചെയ്തു. തുടർന്ന് ആ വിഗ്രഹാരാധനക്കാരെല്ലാം മോർ ആഹൊയുടെ വിശ്വാസം സ്വീകരിച്ചു.

ഉദ്ദേശം ഏ. ഡി. 508ൽ മോർ ആഹൊ അവിടെ ഒരു ദൈവാലയം പണിയുകയും മിലിറ്റിനിലെ മോർ കുരിയാക്കോസ് മെത്രപ്പോലിത്ത അങ്ങോട്ടുവരുന്നതിന് അപേക്ഷിക്കുകയും ചെയ്തു. മോർ കുരിയാക്കോസ് മെത്രപ്പോലീത്ത അവിടെ വരുകയും അനേകരെ മാമോദീസ മുക്കുകയും പുരോഹിതന്മാരെയും ശെമ്മാശന്മാരെയും വാഴിച്ചാക്കുകയും ചെയ്തു. അവിടെ ഒരു ആശ്രമം പണിതു ഇരുപത്തിരണ്ടു വർഷം അവിടെ താമസിക്കുകയും ചെയ്തു.

മോർ ആഹൊ മരണാസന്നനായി എന്നറിഞ്ഞ ഗ്രാമവാസികൾ ആഹൊയുടെ ചുറ്റും കൂടിനിന്നു സങ്കടപ്പെടാൻ തുടങ്ങി. ആഹൊ പറഞ്ഞു: ''സഹോദരന്മാരേ ഇതാണ് എല്ലാ മനുഷ്യരുടെയും അന്ത്യം.'' കൂടിനിന്നവർ മറുപടിയായി പറഞ്ഞു: ''കരുണയുടെയും സമാധാനത്തിന്റെയും പിതാവേ! ഞങ്ങൾ അങ്ങയെ കാണുന്നതിന് ഇനി എവിടെപോകും. അങ്ങയെപോലെ ഒരു നേതാവായി ഞങ്ങൾക്കിനി ആരുണ്ട്? അങ്ങയുടെ വലതുകരം നീട്ടി അങ്ങയുടെ മക്കളായ ഞങ്ങളെ അനുഗ്രഹിച്ചാലും. ഞങ്ങൾക്കു സമാധാനം നൽകി അങ്ങ് സമാധാനത്താലെ പോയാലും, സന്തോഷങ്ങളുടെ സ്ഥലത്തേക്ക് അങ്ങ് പോയാലും . . . അങ്ങയുടെ ആടുകൾക്ക് ഇടയനില്ലാതായിരിക്കുന്നു. കടിച്ചുകീറുന്ന നായ്ക്കളിൽ നിന്ന് അങ്ങാണ് ഞങ്ങളെ രക്ഷിച്ചത്.''

വിശുദ്ധ ആഹൊ സ്ലീബായുടെ അടയാളത്താൽ അവരെ അനുഗ്രഹിച്ചു. ആഹൊ തിരിഞ്ഞ് മുട്ടുകുത്തി പ്രാർത്ഥിച്ചു: ''വിശുദ്ധനും ബലവാനുമായ ദൈവമായ കർത്താവേ, നിന്റെ ദാസനായ ഞാൻ ഈ നാഴികയിൽ

നിങ്കൽ സമർപ്പിക്കുന്ന അപേക്ഷയെ കേൾക്കണമേ. ഇവർക്ക് സമാധാനത്തിന്റെ കാലങ്ങളും അനുഗ്രഹത്തിന്റെ കാലങ്ങളും നൽകണമെ . . . എല്ലാ നന്മകളിലും ഉത്സാഹികളായിരിപ്പാനും നിന്നെ ധ്യാനിച്ച് അവർ ചെയ്യുന്ന അപേക്ഷകളിൽ ഉറ്റിരിപ്പാനും കൃപചെയ്യണമേ, നിന്റെ നാമത്തിലും ഈ നിന്റെ ദാസന്റെ നാമത്തിലും അപേക്ഷിക്കുന്നവരിൽനിന്ന് പട്ടിണി, ക്ഷാമം, വെട്ടുക്കിളി, പ്ലേഗ് എന്നിവ നിരോധിക്കണമേ.'' പിന്നീട് കൂടിവന്നവരുടെ നേരേ തിരിഞ്ഞിട്ട് പറഞ്ഞു: ''എന്റെ നാഴിക വന്നിരിക്കുന്നു''. തന്റെ ആത്മാവിനെ സൃഷ്ടാവിങ്കൽ ഭരമേല്പിച്ചിട്ട് നിത്യവിശ്രമത്തിലേക്ക് പ്രവേശിച്ചു. അദ്ദേഹത്തിന്റെ മുഖം സൂര്യനെപ്പോലെ പ്രകാശിച്ചു. ആ ദേശമെല്ലാം മൂന്നുദിവസം വിലാപവും പ്രാർത്ഥനകളും നടത്തി.

മോർ ആഹൊ കാലംചെയ്യുമ്പോൾ 105 വയസ്സ് പ്രായമുണ്ടായിരുന്നു. മോർ ആഹൊയുടെ ഓർമ്മ ഏപ്രിൽ 19, ഒക്ടോബർ 1 എന്നി തീയതികളിൽ സുറിയാനി സഭ ആചരിക്കുന്നു.

# മോർ ഗ്രിഗോറിയോസ് ദോദൊ
## (എ. ഡി. 530 – 609)

ദോദൊ ഇറാക്കിലെ സിദോസ് (Sidos) ഗ്രാമത്തിൽ ജനിച്ചു. ദോദൊയുടെ പിതാവിന്റെ പേര് സൈമൺ എന്നും മാതാവിന്റെ പേര് ഹെലൻ എന്നുമായിരുന്നു. മാതാപിതാക്കൾ ധനികരും വിശ്വാസസ്ഥിരതയ്ക്ക് പേരുകേട്ടവരുമായിരുന്നു. അവർക്ക് മക്കളില്ലായിരുന്നു.

അവരുടെ വിശ്വാസത്താൽ നയിക്കപ്പെട്ട് മാതാപിതാക്കൾ ഇറാനിലെ തബ്രിസ് (Tabriz) മലയിലുള്ള ഒരു സന്യാസ ആശ്രമത്തിലേക്ക് പോയി. ആ ആശ്രമത്തിലെ സന്യാസിയായ മോർ ദാവിദിനോടുകൂടെ അവർ രാപ്പകൽ പ്രാർത്ഥന കഴിച്ചുപോന്നു. പ്രാർത്ഥനയുടെ ഫലമായി അവർക്ക് എ. ഡി. 530ൽ ജനിച്ച മകനാണ് ദോദൊ.

ദോദൊയുടെ മാമോദീസ മോർ ദാവീദ് നിർവ്വഹിച്ചു. അവർ മകനോടൊന്നിച്ച് സിദോസ് ഗ്രാമത്തിൽ തിരിച്ചെത്തിയപ്പോൾ ഗ്രാമവാസികൾ ക്രിസ്തീയ പാരമ്പര്യമനുസരിച്ച് വിളിച്ച പേരാണ് ദോദൊ. ദോദൊ സിദോസ് ഗ്രാമത്തിലെ വിദ്യാലയത്തിൽ പഠിച്ചു. ദോദൊ സൽസ്വഭാവിയും സമർത്ഥനുമായ ഒരു വിദ്യാർത്ഥിയായിരുന്നു.

ദോദൊയ്ക്ക് യൗവ്വനപ്രായമായപ്പോൾ മാതാപിതാക്കൾ അവനെ വിവാഹം കഴിപ്പിക്കുന്നതിനാഗ്രഹിച്ചു. ദോദൊ അതിനു സമ്മതിച്ചില്ല. അവന്റെ മുഴുവൻ ഹൃദയവും യേശുക്രിസ്തുവിനു കൊടുക്കുന്നതിന് തീരുമാനിച്ചു. എല്ലായ്പ്പോഴും വിശുദ്ധ ഗ്രന്ഥം കയ്യിൽ കൊണ്ടുനടക്കുകയും അത് വായിക്കുകയും ധ്യാനിക്കുകയും ചെയ്തിരുന്നു.

ദോദൊയുടെ മാതാപിതാക്കൾ നിര്യാതരായശേഷം ദോദൊ ആർജിച്ചിരുന്ന മുഴുവൻ സമ്പത്തും ദരിദ്രർക്കായി ഭാഗിച്ചുകൊടുത്തു. ''നീ പൂർണ്ണനാകുവാൻ ആഗ്രഹിക്കുന്നെങ്കിൽ നിന്റെ വസ്തുവകകൾ ദരിദ്രർക്കു കൊടുക്കുക. നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും. നീ എന്റെ പിന്നാലെ വരികയും ചെയ്യുക'' (മത്താ. 19:21).

ദോദൊ ദാവീദിന്റെ സന്യാസ ആശ്രമത്തിലേക്കു പോയി. കഠിനമായ താപസനിഷ്ഠകൾ ദോദൊ അനുകരിച്ചു. എല്ലാ സുകൃതങ്ങളും അനുസരിച്ച് ജീവിക്കുന്നതിനും ദൈവത്തെ ശുശ്രൂഷിക്കുന്നതിനും ദോദൊ ആഗ്രഹിച്ചു. തബ്രിസ് മലയിൽ ദോദൊ 12 വർഷത്തോളം ഏകാന്തവാസിയായി ജീവിച്ചു. ഒരിക്കൽ ആശ്രമാധിപൻ ഒരു ദർശനം കണ്ടു. അതിൽ ദോദൊ അപകടത്തിലാണെന്നറിഞ്ഞതിനാൽ അടുത്ത ദിവസം പ്രഭാതത്തിൽ ദോദൊയെ അന്വേഷിച്ചിറങ്ങി. കഠിനരോഗം ബാധിച്ചിരുന്ന ദോദൊയെ അവർ ആശ്രമത്തിലേക്കു കൊണ്ടുവന്നു.

ദോദൊ സുഖം പ്രാപിച്ചശേഷം വിശുദ്ധനാട് സന്ദർശിക്കുന്നതിനാഗ്രഹിച്ചു. വിശുദ്ധ നാട്ടിൽ പോയി മടങ്ങുമ്പോൾ അസാക്കിന് (Azakh) ഏഴ് കിലോമീറ്റർ തെക്കുകിഴക്കുള്ള ഒരു ഗ്രാമത്തിലേക്കു പോയി. അസാക്ക് കൊള്ളക്കാർ അധിവസിക്കുന്ന ഒരു സ്ഥലമായിരുന്നു. ദോദൊ അവന്റെ അമ്മാവനെയും 40 സന്യാസികളെയും സന്ദർശിച്ച് അവിടെ താമസിച്ചു. എല്ലാവരുടെയും പരിശ്രമഫലമായി അവിടെ ഒരു ദൈവാലയം പണിതു. ആ ഗ്രാമം താമസിക്കുന്നതിന് ഏറ്റവും മനോഹരമായിത്തീർന്നു.

തിഗ്രിസിലെ മെത്രാപ്പോലീത്ത ഏ. ഡി. 589ൽ കാലം ചെയ്തു. പരിശുദ്ധ പാത്രിയർക്കീസ് പത്രോസ് മൂന്നാമൻ (ഏ. ഡി. 581 – 591) ബാവാ ദോദൊയെ അദ്ദേഹത്തിന്റെ പിൻഗാമിയായി തെരഞ്ഞെടുത്തു. ആദ്യം ഒഴിഞ്ഞുമാറാൻ ശ്രമിച്ചെങ്കിലും പിന്നീട് ആ സ്ഥാനം സ്വീകരിച്ച് മോർ ഗ്രിഗോറിയോസ് എന്ന പേരിൽ വാഴിക്കപ്പെട്ടു. മെത്രാപ്പോലീത്തയായശേഷം 1300

പുരോഹിതന്മാരെയും 1700 ശെമ്മാശന്മാരെയും വാഴിച്ചു. മോർ ഗ്രിഗോറിയോസ് ദോദൊ ഏ. ഡി. 609ൽ കാലം ചെയ്തു. ഇദ്ദേഹത്തിന്റെ കബറടക്ക ശുശ്രൂഷയിൽ (തെഗ്രീസ് കത്തീഡ്രലിൽ) 1800 പുരോഹിതന്മാരും വലിയ ഒരു കൂട്ടം വിശ്വാസികളും സംബന്ധിച്ചു.

ഏ. ഡി. 629ൽ മോർ ദോദൊയുടെ ഒരു ചാർച്ചക്കാരനായ മോർ ഇസഹാക്ക് മോർ ദോദൊയുടെ തിരുശേഷിപ്പുകൾ തെഗ്രീസിൽ നിന്ന് തുർഅബ്ദിനിലേക്കു കൊണ്ടുപോകുകയും ബാസബ്രിനിൽ (Basibrin, Turkey) അടക്കം ചെയ്യുകയും ചെയ്തു. മോർ ദോദൊയുടെ കബറിനു മുകളിൽ ഒരു പള്ളി പണിതു. മോർ ദോദൊയുടെ ഓർമ്മ സുറിയാനി സഭ മെയ് 20-ാം തീയതി ആഘോഷിക്കുന്നു.

# References

Aphrem I Barsaum (2000). *The history of Syriac literature and sciences.* (Mathi Moosa, Trans.) Pueblo: Passeggiate Press.

Aphrem I Barsoum (2003). *The scattered pearls: A history of Syriac literature and sciences.* (2nd rev. ed.). (Matti Moosa, Trans.). New Jersey: Gorgias Press.

Aphrem Paulose Ramban (1963). *Vellinakshathrangal.* (Fr. T. J. Abraham, Trans.). Manjhinikkara: Mor Ignatius Dayro.

Arslan, J. (2005). *Saints Syriaques* (Rev. Dn. John Anderson, Sweden, Trans.). Paris: Lulu.

Attridge, H. W. , & Hata, G. (1999). *"The Origins of Monasticism" in Ascetics, Society, and the Desert: Studies in Egyptian Monasticism*. Harrisburg, PA: Trinity Press International.

Attwater, D. & John, C. R. (1996). *The Penguin dictionary of saints* (3rd ed.). London: Penguin Books.

Bedjan, P., & Detienne, C. (Eds.). (2008). *Lives of martyrs and saints*. New Jersey: Gorgias Press.

Bihlmeyer, K., & Tuchle, H. (1958). *Church history* (rev. ed.). (Vol. 1). (Victor E. Mills, Trans.). Maryland: The Newman Press.

*Britannica* (1988). Chicago: Encyclopaedia Britannica

Butler, A. (1866). *The lives of the fathers, martyrs, and other principal saints*. Dublin: James Duffy

Cayre, A. A. (1935). *Manual of patrology* (Vol. 1). (A. A.. Howitt, Trans.). Paris: Desclee & Co.

Cayre, A. A. (1936). *Manual of Patrology and history of theology* (Vol. II). (A. A. Howitt, Trans) Paris: Desclee & Co.

Chediath, G. (1993). *Pracheena Sanyasacharithram*. Kottayam: Oriental Institute of Religious Studies.

Chediath, G. (2006). *Patrology* (Vol. II). Kottayam: Oriental Institue of Religious Studies.

Chediyath,G. (1988). *Sabhapithakanmar - II.* Kottayam: Oriental Institute of Religious Studies.

Cross, F. L. & Livingstone, E. A. (Eds.). (1997). *The Oxford dictionary of the Christian Church.* (3rd ed.). Oxford: Oxford University Press.

Cross, F. L., & Livingston, E. A. (Eds.). (1974). *The Oxford dictionary of the Christian church* (2nd ed.). Oxford: Oxford University Press.

Davis, S. J. (2001). *The cult of St. Thecla: A tradition of women's piety in the late antiquity.* Oxford: Oxford University Press.

Douglas, J. D. (Ed.). (1978). *The new international dictionary of the Christian Church.* (rev. ed.). Michigan: Zondervan Publishing House.

Dunn, M. (2000). *The Emergence of Monasticism: From the Desert Fathers to the Early Middle Ages*. Oxford, UK: Blackwell Publishers.

*Encarta Encyclopedia* (2005). C. D. Microsoft Corporation.

Farmer, D. H. (1997). *The Oxford dictionary of saints* (4th ed.). Oxford: Oxford University Press.

Ferguson, S. B., Wright, D. F., & Packer, J. I. (Eds.). (1988). *New dictionary of theology.* Illinois: Inter Varsity Press.

Harmless, W. (2004). *Desert Christians: An Introduction to*

*the Literature of Early Monasticism.* Oxford, UK: Oxford University Press.

Hoever, H. (1989). *Lives of saints* (rev. ed.). New York: Catholic Book Publishing Company.

http://catholicfire.blogspot.co.uk/2008/07/saint-of-day-st-arsenius-great.html

http://catholicose.org/PauloseII/Church_History_Universal.htm

http://home.iprimus.com.au/xenos/arseniosgreat.html

http://incommunion.org/2011/12/07/st-moses-the-black-a-patron-saint-of-non-violence-by-pieter-dykhorst/

http://syrorthodoxchurch.com/english-Dateien/st_dimet.html

http://wikivisually.com/wiki/Mor_Dodo

http://www.soc-wus.org/ourchurch/St.%20Aho.htm

https://oca.org/saints/lives/2010/07/18/102051-venerable-pambo-the-hermit-of-egypt

https://oca.org/saints/lives/2015/08/28/102414-venerable-moses-the-ethiopian-of-scete

Irmanos (2008). *Mor Pauleyude jeevacharithram.* (Fr. M. Kuriakose, Vanchithattil). Kolencherry: Mor Baselius Paulose II Study Centre.

Lawrence, C. H. (2015). *Medieval Monasticism: Forms of Religious Life in Western Europe in the Middle Ages* (The medieval world). (4th ed.). New York: Routledge.

Malaty, T. Y. (2005). *A panaromic view of Patristics: In the first six centuries.* Maryut, Egypt: Saint Mena Monastery Press.

Mar Aprem (1990). *Mar Aphrem, Theologian & Poet*. Kottayam: SEERI.

Moothedan, T. (2001). *Anudhina Visudhar* (5th ed.). Trivandrum: Carmel Publishing Centre.

Mor Aprem (2001). *Adyatmika Sankeerthanam* (M. Kurian, Trans.) Kottayam: Roy International Providential Foundation.

*മോർ ഔഗേന്റെ ജീവിതകഥ.* (2016). (Jacob Varghese Mannamkuzhiyil, Trans.). Bangalore: Bar Etho Nasiho Commander T. John.

O' Leary De Laey (2002). T*he Syriac Church and Fathers*. New Jersey: Georgias Press.

Palladius (1898). *The Lausiiac history of Palladius.* Cambridge: The University Press.

Rajan, K. M. (2007). *Martyrs, Saints & Prelates of the Syriac Orthodox Church* (Vol. I). Kottayam: The Travancore Syriac Orthodox Publishers.

Rajan, K. M. (2017). *Martyrs, Saints & Prelates of the Syriac Orthodox church* (One Volume). Puthencruz: JSC Publications.

Roberts, A., & Donaldson, J. (Eds.). (1956). *Ante-Nicene fathers* (Vol.II). Michigan: WM. B. Ecrdmans Publishing Company.

Semavoon & Barhathor. (1979). *ദുഃഖിതന്മാരിൽ തലവനായ മോർ ശെമവൂൻ ദെസ്തൂനോ.* (Fr.Varghese Philip, Trans.). Velloor, Kottayam: St. Simon's Church.

Smith, W. & Wace, H. (Eds.). (1877). *A dictionary of christian biography* (Vol. I). London: John Murray.

Smith, W. & Wace, H. (Eds.). (1880). *A dictionary of christian biography* (Vol. II). London: John Murray.

Smith, W. & Wace, H. (Eds.). (1882). *A dictionary of christian biography* (Vol. III). London: John Murray.

Smith, W., & Wace, H. (Eds.). (1887). *A dictionary of christian biography* (Vol. IV). London: John Murray.

Theodoret (1990). *Syriyayile muthukal.* (Sales & Quriaqos Elijah Vadaketh, Trans.). Kottayam: Denha Services.

Thurston, H. J., & Attwater, D. (Eds.). (1990). *Butler's lives of the saints* – Complete edition. (Vol. I). Maryland: Christian Classics.

Thurston, H. J., & Attwater, D. (Eds.). (1990). *Butler's lives of the saints* – Complete edition. (Vol. II). Maryland: Christian Classics.

Thurston, H. J., & Attwater, D. (Eds.). (1990). *Butler's lives of the saints* – Complete edition. (Vol. III). Maryland: Christian Classics.

Thurston, H. J., & Attwater, D. (Eds.). (1990). *Butler's lives of the saints* – Complete edition. (Vol. IV). Maryland: Christian Classics.

Wace, H. (1911). *A Dictionary of Christian Biography and Literature to the End of the Sixth Century A.D., with an Account of the Principal Sects and Heresies.* Grand Rapids, MI: Christian Classics Ethereal Library.

Wace, H., & Piercy W. C. (Eds.) (1999). *A dictionary of early christian biography*, USA: Hendrickson Publishers.

Walsh, M. (1985). *Butler's lives of the saints* (Concise Edition). San Francisco: Harper Row Publishers.

White, K. (1991). *A guide to the Saints*. New York: Ivy Books.

www.soc-wus.org

www.stpaulinthedesert.com

# Name Index

Abraham Kidunay ....................................................27
Aho, the Ascetic ....................................................92
Ambrose of Milan ....................................................59
Ammon (Amus) of Nitria ....................................................18
Antony of Egypt ....................................................9
Aphrahat, the Ascetic ....................................................15
Aphrem, the Syrian ....................................................36
Arsenius, the Great....................................................65
Augen of Clysma ....................................................39
Barsoumo the chief of Mourners ....................................................74
Cyprian, the Martyr....................................................1
Daniel, the Stylite....................................................89
Dimet of Persia ....................................................30
Epiphanius of Egypt ....................................................42
Evagris, Ascetic and writer ....................................................62
Gregorios Dodho ....................................................97
Hilarion, Abbot ....................................................24
John of Egypt, the Abbot ....................................................34
John, the Arab ....................................................85
Macarius of Egypt....................................................32
Malke ....................................................4

Mary of Egypt ........................................................71
Moses, the (Black) Ethiopian..................................51
Pachomius, the hermit...........................................21
Palladius, the Solitary ............................................68
Pambo of Nitria, Abbot ..........................................47
Paul of Thebaid .........................................................6
Shalito, Hermit........................................................55
Simon, the Stylite ....................................................78
Zeno, the Ascetic ....................................................83

# Books by the Author


1. Rajan, K. M. (1991). *Queen of the Sacraments.* California, U.S.A.: St. Mary's J.S.O Church.
2. Rajan, K. M. (1993). *The prayer book of the Syrian Orthodox Church*. California, U.S.A.: St. Mary's J.S.O Church.
3. Rajan, K. M. (1999). *Perspectives in physical science teaching.* Kottayam, Kerala: Vidyarthi Mithram Press & Book Depot.
4. Rajan, K. M. (1999). *A treatise on form of style of thesis and disseration.* Mannanm, Kottayam: St. Joseph's Training College.
5. Rajan, K. M. (2002). Role of teacher education institutions in school management (pp. 165-172). In M. Mukhopadhyay (Ed.), *Secondary education: The challenges ahead*. New Delhi: NIEPA.
6. Rajan, K. M. (2003).*സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും.* (Vol. I). Trivandrum: Lotus Publications.
7. Rajan, K. M. (2004). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. II). Trivandrum: Lotus Publications.
8. Rajan, K. M. (2004). *Science of science education*. Mannanam, Kottayam: St. Joseph's Training College.
9. Rajan, K. M. (2006). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. III). Trivandrum: Lotus Publications.

10. Rajan, K. M. (2007). *Martyrs, saints & prelates of the Syriac Orthodox Church* (Vol.I). Kottayam: The Travancore Syriac Orthodox Publishers.
11. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2008). *Teaching of Physical Science: Theory, Perspectives & Practice.* Mannanam, Kottayam: St. Joseph's Training College.
12. Rajan, K. M. (2009). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. IV). Trivandrum: Lotus Publications.
13. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2010). *Teaching of Physical Science: Theory, Perspectives & Practice* (2nd rev. ed.). Mannanam, Kottayam: St. Joseph's Training College.
14. Rajan, K. M. (2010). *പരിശുദ്ധ മഞ്ഞനിക്കര ബാവായുടെ മലങ്കര സന്ദർശനം*. Kottayam: The Travancore Syriac Orthodox Publishers.
15. Rajan, K. M. (2011). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. V). Kottayam: The Travancore Syriac Orthodox Publishers.
16. Rajan, K. M. (2012). *Martyrs, saints & prelates of the Syriac Orthodox Church* (Vol.II). Kottayam: The Travancore Syriac Orthodox Publishers.
17. Rajan, K. M. (2013). *Martyrs, saints & prelates of the Syriac Orthodox Church* (Vol.III). Kottayam: The Travancore Syriac Orthodox Publishers.
18. Rajan, K. M. (2016). *Martyrs, saints & prelates of the Syriac Orthodox Church* (Vol.IV). Puthencruz: J. S. C. Publications.
19. Rajan, K. M. (2016). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. VI). Kottayam: The Travancore Syriac Orthodox Publishers.

20. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (Vol.V). Puthencruz: J. S. C. Publications.

21. Rajan, K. M. (2017). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. VII). Puthencruz: J. S. C. Publications..

22. Rajan, K. M. (2017). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. VIII). Puthencruz: J. S. C. Publications.

23. Rajan, K. M. (2017). *St. Mary & The Apostles*. Puthencruz: J. S. C. Publications.

24. Rajan, K. M. (2017). *Holy Fathers of the Syrian Orient Entombed in Kerala*. Puthencruz: J. S. C. Publications.

25. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (One Volume). Puthencruz: J. S. C. Publications.

26. Rajan, K. M. (2017). *Renowned Ascetics: Their Lives & Practices.* Puthencruz: J. S. C. Publications.

27. Rajan, K. M. (2017). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും (250 ജീവചരിത്രം).* Puthencruz: J. S. C. Publications.

28. Rajan, K. M. (2017). *വിശുദ്ധ കന്യകമറിയാമും അപ്പോസ്തോലന്മാരും*. Puthencruz: J. S. C. Publications.

29. Rajan, K. M. (2017). *സുപ്രസിദ്ധ സന്യാസികൾ: അവരുടെ ജീവിതവും സുകൃതങ്ങളും*. Puthencruz: J. S. C. Publications.

## Books Compiled, Edited & Reprinted

1. *മോർ അന്തോണിയോസിന്റെ ജീവചരിത്രം.* (2003). Kizhakkambalam: Religious Movement of Ancient Syrians (R.M.A.S.) - REPRINT
2. *Calendar of the Syrian Orthodox Church*. (2004). Kottayam: Travancore Syriac Orthodox Publishers.- EDITED
3. *നിദ്രപ്രാപിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളും ക്രമങ്ങളും*. (2004). Arthat, Kunnamkulam: St. Mary's Simhasanapally - COMPILED
4. *സുറിയാനിസഭ പെരുന്നാൾ വിശേഷദിവസങ്ങളിൽ വിശുദ്ധ കുർബാനയിൽ ഉപയോഗിക്കാവുന്ന ഗീതങ്ങൾ.* (2005). Kurichy, Kottayam: Vishudha Magdhalana Mariyam Mandiram Chapel. - COMPILED
5. *Angel of peace - Platinum Jubilee Souvenir of St. Elias III* (2007). EDITED
6. Aphrem Basoum I (2016). *The Shorter Catechism of the Syrian Orthodox Church.* Puthencruz: J. S. C. Publications. REPRINT
7. Aphrem Basoum I (2017). *The Spiritual Treasures of Canonical Prayers*. Puthencruz: J. S. C. Publications. REPRINT
8. Huthomo of the Holy Qurbono (2016). Puthencruz: J. S. C. Publications. (worked with the translation and versification team).

# ഗ്രന്ഥകർത്താവ്

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ 1958 ആഗസ്റ്റ് 10-ാം തീയതി ജനിച്ചു. ഇദ്ദേഹം രസതന്ത്രത്തിൽ B.Sc., M.Sc. എന്നീ ബിരുദങ്ങളും വിദ്യാഭ്യാസത്തിൽ B.Ed., M. Ed. എന്നീ ബിരുദങ്ങളും രസതന്ത്രബോധനരീതികളിൽ Ph. D. ബിരുദവും കരസ്ഥമാക്കി.

1971 ജനുവരി 31-ാം തീയതി ശുശ്രൂഷയ്ക്കായി ബ. കെ. വി. കുര്യാക്കോസച്ചൻ (പുണ്യശ്ലോകനായ കുരിയാക്കോസ് മോർ യൂലിയോസ് മെത്രാപ്പോലീത്ത) മദ്ബഹായിൽ ശുശ്രൂഷയക്കായി പ്രവേശിപ്പിച്ചു. 1976 മാർച്ച് 14-ാം തീയതി B.Sc. വിദ്യാർത്ഥിയായിരുന്നപ്പോൾ മഞ്ഞനിക്കര ദയറായിൽ വച്ച് മോർ യൂലിയോസ് യാക്കോബ് മെത്രാപ്പോലീത്തായിൽ നിന്നും കോറൂയോ പട്ടവും, 1978 ജൂലൈ 23-ാം തീയതി ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ ബാവായിൽ നിന്നും യൗഫദയക്കിനൊ പട്ടവും സ്വീകരിച്ചു. 1984 ഒക്ടോബർ 12-ാം തീയതി മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്തായിൽനിന്നും പൂർണ്ണ ശെമ്മാശപട്ടവും 1984 ഒക്ടോബർ 14-ാം തീയതി ദമസ്കോസിൽ വച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവായിൽ നിന്നും കശീശ പട്ടവും സ്വീകരിച്ചു. കുന്നംകുളം സിംഹാസനപള്ളിയിലെയും സഭയിലെയും ശുശ്രൂഷകളെ അംഗീകരിച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവാ 2000 മെയ് 12-ാം തീയതി ദമസ്കോസിൽ വച്ച് കുരിശുമാല നൽകി ആദരിച്ചു. 2009 ജനുവരി 24-ാം തീയതിയിലെ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ E27/09 നമ്പർ കല്പനപ്രകാരം 2009 മെയ് 24-ാം തീയതി മോർ യൂലിയോസ് കുരിയാക്കോസ് തിരുമേനിയിൽനിന്ന് കോറെപ്പിസ്കോപ്പ സ്ഥാനം സ്വീകരിച്ചു.

1982 ൽ കൊച്ചി കേന്ദ്രീയവിദ്യാലയത്തിൽ (P. G. T. in Chemistry) അദ്ധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ചു. 1983ൽ മാന്നാനം, സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജിൽ അദ്ധ്യാപകനായി ജോലിയിൽ ചേർന്നു. 1984 മുതൽ കുന്നംകുളം സെന്റ് മേരീസ് പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചുവരുന്നു. കാലിഫോർണിയ സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിൽ (1989-1993) ലോസ് ഏഞ്ചലസിലെ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് സിംഹാസന പള്ളിയിൽ സേവനമനുഷ്ഠിച്ചു. 1994-2003 കാലഘട്ടത്തിൽ ഇത്തിത്താനം M.M.D.M. Patriarchal centreൽ ശുശ്രൂഷകൾ നിർവ്വഹിച്ചു. 2009-2016 കാലഘട്ടത്തിൽ തൃശ്ശൂർ സെന്റ് പീറ്റേഴ്സ് സിറിയൻ സിംഹാസന പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചു.

*Queen of the Sacraments, The prayer book of the Syrian Orthodox Church, Perspectives in physical science teaching, A treatise on form and style of thesis and dissertation, Science of science education, Martyrs, Saints & Prelates of The Syriac Orthodox Church* (Vol. I-V) *സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും* (Vol. I-VIII) എന്നീ പുസ്തകങ്ങളും അമ്പതിലധികം സഭാസംബന്ധമായ ചെറിയ പുസ്തകങ്ങളും, ലഘുലേഖകളും, ലേഖനങ്ങളും, ഒന്നര ഡസനിലധികം ഗവേഷണ പ്രബന്ധങ്ങളും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധി സർവകലാശാലയിൽ അച്ചന്റെ കീഴിൽ വിദ്യാഭ്യാസത്തിൽ ഗവേഷണം നടത്തി രണ്ടു വിദ്യാർത്ഥികൾ Ph.D. ബിരുദം നേടിയിട്ടുണ്ട്.

ദേശീയ അന്തർദേശീയ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, 1998ൽ മികച്ച ഗവേഷണപ്രബന്ധത്തിനുള്ള അവാർഡ് ലഭിക്കുകയും ചെയ്തു. U. G. C., N.C.T.E., K. P. S. C., S. C. E. R. T., I. A. S. E., S. M. E. എന്നിവയിൽ Subject expert, Resource person എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിദ്യാഭ്യാസഗവേഷണത്തിന് ഗൈഡ് എന്ന നിലയിലും പ്രവർത്തിക്കുന്നു.

For soft copies of the books, visit : www.rajanachen.com